# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ഒക്ടോബർ 1 | ദീപം 53 | നാളം 21 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.com


# ജീവിതം സുവിശേഷമാക്കിയ മഹാത്മജി


ജസ്റ്റീസ് കുര്യൻ ജോസഫ്




ഓരോ വ്യക്തിയുടെയും ജന്മം ദൈവം തന്നതാണ്. ആ ജന്മം എങ്ങനെ ജീവിക്കുന്നു എന്നത് ദൈവത്തിനു തിരിച്ചു കൊടുക്കുന്ന സമ്മാനമാണ്. Life is a gift of God and how you live is a thanks giving to God. മഹാത്മാഗാന്ധിയെ സംബന്ധിച്ചിടത്തോളം ഈ തത്ത്വം വളരെ അന്വർത്ഥമാണ്. കുട്ടിക്കാലം മുതലുള്ള ജീവിതം പരിശോധിച്ചാൽ താളപ്പിഴകൾ വന്നിട്ടില്ലായെന്ന് അർത്ഥമില്ല. പക്ഷേ, താളപ്പിഴകളിൽനിന്ന് അദ്ദേഹം പഠിച്ചു. തെറ്റുകൾ തിരുത്തി. ബോധ്യമായ തെറ്റുകളിലേക്ക് ഒരിക്കലും അദ്ദേഹം തിരിച്ചുപോയില്ല. അതാണ് ആ ജീവിതത്തിന്റെ ഏറ്റവും വലിയ സവിശേഷത. ഗാന്ധിജിയുടെ ശൈശവകാലം വളരെയേറെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. പത്തുവയസ്സിനുള്ളിൽ പത്തുസ്കൂളുകൾ മാറേണ്ടി വന്നു.

സൽസ്വഭാവി എന്ന സർട്ടിഫിക്കറ്റ് എപ്പോഴും അദ്ദേഹത്തിനു ലഭിച്ചിരുന്നു. പക്ഷേ, പഠനത്തിൽ അദ്ദേഹം അത്ര മിടുക്കനായിരുന്നില്ല. അദ്ദേഹത്തിന്റെമാർക്കുകൾ എപ്പോഴും 45% നും 50% നും ഇടയ്ക്കു നിന്നു. ഏങ്കിലും അദ്ദേഹത്തിന്റെ സത്യസന്ധത ശൈശവത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സ്കൂൾ ഇൻസ്പെക്ഷന്റെ കഥ നാമെല്ലാവരും കേട്ടിട്ടുള്ളതാണ്. ഇൻസ്പെക്ടർ ആവശ്യപ്പെട്ട 'KETTLE' എന്ന വാക്കിന്റെ സ്പെല്ലിംഗ് തെറ്റിപ്പോയി. ടീച്ചർ പറഞ്ഞു കൊടുത്തിട്ടും അതു ശരിയാക്കിയെഴുതാൻ അദ്ദേഹം തയ്യാറായില്ല. അങ്ങനെ സ്കൂളിനു കിട്ടേണ്ട ഒരു ഗ്രേഡ് പോയതിനാൽ ടീച്ചറിന് ഗാന്ധിജിയോടു ദേഷ്യമായി. പ്രായമായവരുടെ തെറ്റുകൾക്കു മുമ്പിൽ അന്ധനാവുക എന്റെ സ്വഭാവമായിരുന്നു. അവരുടെ പ്രവൃത്തികൾ സൂക്ഷ്മപരിശോധന ചെയ്യാറില്ല എന്നതായിരുന്നു കൊച്ചുഗാന്ധിയുടെ നിലപാട്.

ഗാന്ധിജി യേശുക്രിസ്തുവിനെ വളരെയേറെ അടുത്തു പഠിച്ചിരുന്നു. സുവിശേഷം ഗാന്ധിജിയുടെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതിൽനിന്നൊക്കെയായിരിക്കണം സത്യത്തിനുവേണ്ടി നിലകൊള്ളാനുള്ള ഒരു വ്യക്തമായ തീരുമാനം അദ്ദേഹത്തിനുണ്ടായത്.

പശ്ചാത്താപവും മാനസാന്തരവും ഏറ്റുപറച്ചിലും - ഈ മൂന്നു കാര്യത്തിലും ഗാന്ധിജിയുടെ സമീപനം വളരെ പ്രസക്തമാണ്. കുമ്പസാരത്തെക്കുറിച്ചു നാം പറയുന്നതുപോലെ, ഓർക്കുക, മനസ്സിലാക്കുക, പശ്ചാത്തപിക്കുക, ഏറ്റുപറയുക, പ്രായശ്ചിത്തമനുഷ്ഠിക്കുക, അനുതപിക്കുക. എന്നീ അഞ്ചുകാര്യങ്ങൾ അനുവർത്തിക്കുന്നതിൽ ഗാന്ധിജി ഏറെ നിഷ്ഠപുലർത്തി. ഒരുപക്ഷേ, മുടിയനായ പുത്രനെ ഓർമ്മിപ്പിക്കുന്ന ചെറിയ കാലഘട്ടം ഗാന്ധിജിയുടെ ജീവിതത്തിലും ഉണ്ടായിരുന്നു. കുറെ ചുറ്റിക്കറങ്ങി നടന്നുകഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന് തെറ്റുകളെല്ലാം മനസ്സിലായത്. അദ്ദേഹത്തിന്റെ പിതാവ് രോഗശയ്യയിലായിരുന്നു. ഇന്ന് പാർക്കിൻസൺസ് ഡിസീസ് എന്നറിയപ്പെടുന്ന വിറയൽ രോഗം ആയിരുന്നു ഗാന്ധിജിയുടെ പിതാവിന്. അച്ഛന്റെ അടുത്തേക്കു തെറ്റ് ഏറ്റുപറയാൻ ചെന്നാൽ അദ്ദേഹത്തിനതു വലിയ വിഷമമുണ്ടാക്കും എന്ന തോന്നലിന്റെ പേരിൽ ഗാന്ധിജി ഇതിനെക്കുറിച്ചെല്ലാം ഓർത്ത് പശ്ചാത്തപിച്ച്, മാനസാന്തരപ്പെട്ട് ഇനി അവയിലേക്കു പോകില്ല എന്നുറപ്പിച്ച് പിതാവിന് നീണ്ട കത്തെഴുതുകയായിരുന്നു.

ഗാന്ധിജി അതേക്കുറിച്ചു പറയുന്നുണ്ട്: തന്റെ ധാർമ്മികതയിൽ ഉണ്ടായ പുഴുക്കുത്തുകൾ തന്റെ പിതാവിനോടു പശ്ചാത്തപിച്ച് ഏറ്റു പറയണമെന്നു തീരുമാനിച്ചു. പക്ഷേ, അദ്ദേഹത്തോടു സംസാരിക്കാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. പിതാവ് അടിക്കും എന്ന ഭയം കൊണ്ടല്ല. മറിച്ച് താൻ അദ്ദേഹത്തെ വേദനിപ്പിക്കും എന്ന ഭയത്താലത്രേ! അതുകൊണ്ടത്രേ അദ്ദേഹം നീണ്ട ഒരു കത്തെഴുതിയത്.


▶▶ 2




ഒക്ടോബർ 2 ഗാന്ധിജയന്തി

# കർഷകർ ചതിക്കുഴിയിലേക്കോ?


ജോർജ് കള്ളിവയലിൽ




വലിയ പ്രതിഷേധങ്ങളും നടപടിക്രമങ്ങളും വകവയ്ക്കാതെ കേന്ദ്രസർക്കാർ തിരക്കിട്ടു പാർലമെന്റിൽ പാസാക്കിയ കാർഷികബില്ലുകൾ വൈകാതെ നിയമമാകും. കാർഷികോത്പന്ന വ്യാപാര വാണിജ്യ ബിൽ, ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കൊമേഴ്സ് (പ്രൊമോഷൻ ആൻഡ് ഫസിലിറ്റേഷൻ) ബിൽ 2020, കർഷക (ശക്തീകരണ, സംരക്ഷണ) ബിൽ, ദി ഫാർമേഴ്സ് (എൻപവർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷുറൻസ് ആൻഡ് ഫാം സർവീസസ് ബിൽ 2020, അവശ്യ സാധന നിയമ ഭേദഗതി (ദി എസെൻഷ്യൽ കമ്മോഡിറ്റീസ് അമെൻഡ്മെന്റ് ബിൽ 2020) എന്നിവയാണു വിവാദം.

മൂന്നു ബില്ലുകളിൽ ആദ്യത്തെ കാർഷികോത്പന്ന വ്യാപാര വാണിജ്യ ബിൽ ഫലത്തിൽ കർഷകനു ഗുണകരമാകും. എന്നാൽ, പഞ്ചാബിലെയും ഹരിയാനയിലെയും മറ്റും സർക്കാരുകൾക്കും വൻകിട കർഷകർക്കും കരാർ കൃഷിക്കായുള്ള രണ്ടാമത്തെ കർഷക (ശക്തീകരണ, സംരക്ഷണ) ബിൽ ഒറ്റനോട്ടത്തിൽ നല്ലതെന്നു തോന്നിക്കാവുന്ന മധുരം പുരട്ടിയ ഗുളികയാണ്. പ്രായോഗികമായി കർഷകനു ദോഷകരമാകാനും കർഷകനുമായി കരാറിലേർപ്പെടുന്ന കുത്തകകൾക്ക് അനുകൂലമാകാനും സാധ്യതകളേറെയാണ്.

അവശ്യസാധന ഭേദഗതി നിയമമാകട്ടെ, രാജ്യത്തു വിലക്കയറ്റത്തിനു കാരണമാകുന്നതും കൊള്ളലാഭക്കാർക്കും കരിഞ്ചന്തക്കാർക്കും സഹായകമാകുന്നതുമാകും. കർഷകനും സാധാരണക്കാരനും കാര്യമായ ക്ഷതമേല്പിക്കാനും ജീവിതഭാരം കൂട്ടാനും സഹായിക്കുന്നതാണ് രാഷ്ട്രീയക്കാർ അധികം ചർച്ച ചെയ്യാത്ത ഈ നിയമഭേദഗതി.



രാജ്യത്തെങ്ങും പ്രതിഷേധാഗ്നിയും ആശങ്കകളും വളർത്തിയ മൂന്നു കാർഷികബന്ധ ബില്ലുകളും വിശദമായി പരിശോധിച്ചാൽ മാത്രമേ ഇതിലെ ഗുണദോഷങ്ങൾ മനസ്സിലാകൂ. പക്ഷേ, ദേശീയ, പ്രാദേശിക മുഖ്യധാരാ മാധ്യമങ്ങളിലൊന്നും ബില്ലിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. ദീപികയിൽ മാത്രമാണ് ഇതേക്കുറിച്ചു കൃത്യമായ വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചത്. ബില്ലിന്റെ പേരിലുള്ള പ്രതിഷേധങ്ങളും പിന്നിലും മുന്നിലുമുള്ള രാഷ്ട്രീയവുമെല്ലാമാണ് പ്രമുഖരെന്നു സ്വയം ചമയുന്ന പത്രമാധ്യമങ്ങളിലെ ചർച്ച.

- **അവശ്യസാധന ഭേദഗതിനിയമം**

ഭക്ഷ്യധാന്യങ്ങൾ, പയർ, പരിപ്പുവർഗങ്ങൾ, സവോള, ഉരുളക്കിഴങ്ങ്, ഭക്ഷ്യയെണ്ണകൾ, എണ്ണക്കുരുക്കൾ തുടങ്ങി പതിവായി വില കൂടുന്നവയെ അവശ്യസാധനങ്ങളുടെ പട്ടികയിൽനിന്നു നീക്കിയെന്നതാണ് പുതിയ നിയമഭേദഗതിയിലെ ഞെട്ടിക്കുന്ന സംഭവം. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ബോധപൂർവമുള്ള വിലക്കയറ്റവും പ്രോത്സാഹിപ്പിക്കുന്നതിനായി അനിയന്ത്രിതമായി ആർക്കും എന്തും സ്റ്റോക്കു ചെയ്യാനും ഈ ഭേദഗതിയിലൂടെ അനുവദിക്കുന്നു. വ്യാപാരികൾ, കയറ്റുമതിക്കാർ, ഇറക്കുമതിക്കാർ, മില്ലുകൾ, സംസ്കരണഫാക്ടറികൾ തുടങ്ങിയവയ്ക്ക് ഇനി മുതൽ


▶▶ 16

# എന്റെ ജീവിതമാണ് എന്റെ സന്ദേശം

1–ാം പേജ് തുടർച്ച

ഗാന്ധിജിയുടെ പിതാവ് കരംചന്ദ് ഗാന്ധി ഈ കത്തുവായിച്ചു. കണ്ണുനീർ ധാരധാരയായി അദ്ദേഹത്തിന്റെ കവിളിലൂടൊഴുകി. കണ്ണുകളടച്ച് കുറച്ചുനേരം ധ്യാനത്തിൽ മുഴുകിയതിനുശേഷം, അദ്ദേഹം ആ കടലാസ് കീറിക്കളഞ്ഞു. വീണ്ടും അദ്ദേഹം ആ കട്ടിലിൽത്തന്നെ കിടന്നു. ഗാന്ധിജി അച്ഛന്റെ അടുത്തിരുന്നു പൊട്ടിക്കരഞ്ഞു. അപ്പോൾ തനിക്കു ലഭിച്ച ആശ്വാസത്തെക്കുറിച്ച് ഗാന്ധിജി പറയുന്നത്, അച്ഛന്റെ കണ്ണുകളിൽനിന്ന് അടർന്നുവീണ കണ്ണീർത്തുള്ളികളിലെ സ്നേഹത്തിൽ തന്റെ പാപങ്ങളെ കഴുകി വെടിപ്പാക്കിയെന്നാണ്. സ്നേഹത്തിന്റെ കൂരമ്പുകൾ തറയ്ക്കപ്പെട്ടപ്പോഴത്രേ സ്നേഹത്തിന്റെ ശക്തി അദ്ദേഹം മനസ്സിലാക്കിയത്. സ്വന്തം കണ്ണുനീരുകൊണ്ട് യേശുവിന്റെ പാദങ്ങൾ കഴുകിയ മഗ്ദലനാമറിയത്തെപ്പോലെ അച്ഛന്റെ കണ്ണുനീരുകൊണ്ട് ഗാന്ധിജി തന്റെ പാപങ്ങൾ കഴുകിക്കളയുകയായിരുന്നു.



ഗാന്ധിജി പറയുന്നു: അഹിംസയുടെ ആദ്യപാഠങ്ങൾ താൻ പഠിക്കുന്നത് ഈ സംഭവത്തിൽനിന്നാണ്. സകലത്തെയും കീഴ്പ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നതാണ് ഈ സ്നേഹത്തിന്റെ സ്പർശം. സഹിക്കാവുന്ന ശിക്ഷകളുടെയും വേദനകളുടെയും എത്രയോ അപ്പുറമായിരുന്നു ആ പിതാവിന്റെ സമാധാനത്തോടുകൂടിയ കണ്ണുനീരും പെരുമാറ്റവും. ശിക്ഷ ഒരു മനുഷ്യനെ ശാരീരികമായി മാത്രമേ വേദനിപ്പിക്കുന്നുള്ളൂ. എന്നാൽ, ശിക്ഷിക്കപ്പെടാത്തത് ശാരീരികമായും മാനസികമായും ആത്മീയമായും തുളച്ചുകയറുന്ന ശിക്ഷ തന്നെയാണ്. ഹിംസയെക്കാളും അക്രമത്തെക്കാളും വലിയ ശക്തിയുള്ള അഹിംസയത്രേ യഥാർത്ഥ ശത്രുതാമനോഭാവം ഇല്ലാതാക്കാനുള്ള ഏറ്റവും ശക്തമായ ആയുധം. ക്രൂശിച്ചവരോടു പോലും ക്ഷമിക്കുവാനും ഒരു കവിളത്തടിച്ചാൽ മറുകരണംകൂടി കാണിച്ചുകൊടുക്കാനും പറയുന്ന ആ അഹിംസാസിദ്ധാന്തം യേശുക്രിസ്തുവിൽനിന്നുതന്നെ ഗാന്ധിജി സ്വായത്തമാക്കി എന്നാണ് എനിക്കു മനസ്സിലാവുന്നത്.

അഹിംസയെ ഗാന്ധിജി സ്വാംശീകരിച്ചത് ഇങ്ങനെയാണ്: വേദനാജനകമായ കാര്യങ്ങളിൽ നിന്നു മാറിനില്ക്കുക, മുറിവേല്പിക്കുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുക, അക്രമത്തിൽനിന്നൊഴിഞ്ഞു വിശ്വസ്തത പാലിച്ച് അന്യരുടെ മേലുള്ള അനധികൃതമായ ഇടപെടലുകളിൽനിന്നു വേറിട്ട് അവരുടെ നന്മയെ മാത്രം ലാക്കാക്കി ശരീരത്തെ വിശുദ്ധിയിൽ സംരക്ഷിച്ചു പരിപാലിക്കുക.

യേശുവിനെക്കുറിച്ച് ഗാന്ധിജി പറയുന്നതു വളരെ ശ്രദ്ധേയമാണ്: "എന്റെ ജീവിതത്തെ സ്വാധീനിച്ച അനേകം ഗുരുക്കന്മാരെക്കാൾ ശ്രേഷ്ഠനായി ഞാൻ യേശുവിനെ കാണുന്നു. എന്റെ അവിശ്വാസം മാറിയപ്പോൾ, അവതീർണനായ യേശു മാത്രമാണ് ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക മധ്യസ്ഥനെന്ന തെളിവുമാത്രമാണ് എന്നിൽ അവശേഷിച്ചത്. സത്യമല്ലാതെ മറ്റൊരു ദൈവമില്ല. സത്യത്തിന്റെ സാക്ഷാത്കാരം സ്നേഹത്തിലൂടെയും അഹിംസയിലൂടെയുമാണ്.

**പലരുടെയും ജീവിതങ്ങൾ തീർച്ചയായും നമുക്ക് വലിയ പാഠങ്ങളാണ്. പക്ഷേ, എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് ചങ്കൂറ്റത്തോടെ പറയാൻ സാധിച്ച ഒരേയൊരു വ്യക്തി ചരിത്രത്തിൽ ഗാന്ധിജി മാത്രമാണ്.**

എന്താണു സത്യമെന്ന് പീലാത്തോസ് ചോദിച്ചുകഴിഞ്ഞപ്പോൾ ഉത്തരം കൊടുക്കാതെ സത്യമെന്നത് വസ്തുതയല്ല ഒരു വ്യക്തിയാണ് എന്ന് യേശു തന്നെത്തന്നെ മുന്നിൽ നിർത്തി പരമമായ സത്യത്തെ കാണിച്ചുകൊടുക്കുന്ന ആ സംഭവം എന്റെ ഓർമ്മയിൽ വരുന്നു. സ്നേഹം കൊണ്ടാണ് അപരനെയും പ്രപഞ്ചത്തെയും കീഴടക്കാൻ സാധിക്കുക എന്ന് യേശു സ്വജീവിതത്തിലൂടെ നമുക്കു കാണിച്ചുതന്നു. ഗാന്ധിജിയും അതേപോലെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി.

'രാഷ്ട്രപിതാവ്' എന്ന് ഗാന്ധിജിക്കു പേരിട്ടത് ജവഹർലാൽ നെഹ്രുവാണ്. 'മഹാത്മാ' എന്ന് അദ്ദേഹത്തെ വിളിച്ചത് രവീന്ദ്രനാഥ ടാഗോർ ആണ്.

ഗാന്ധിജി ഏഴു തലപ്പെട്ട ദോഷങ്ങളെക്കുറിച്ചു സൂചിപ്പിച്ചിരുന്നു:

1. ജോലിയില്ലാതെയുള്ള സമ്പാദനം. തട്ടിപ്പും വെട്ടിപ്പും നടത്തി കാശുണ്ടാക്കുന്ന പ്രവണതയാണിത്. ഇത് അഴിമതിയാണ്. ഇത് ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയായി മാറിയിരിക്കുന്നു.
2. മനസ്സാക്ഷിയില്ലാത്ത സുഖം. അവനവന്റെ കാര്യം മാത്രം നോക്കി ജീവിതം ആഘോഷിക്കുന്നു. മനഃസാക്ഷി എന്നത് അപരനെക്കുറിച്ചുള്ള ഒരു പരിഗണനകൂടിയാണ്.
3. സ്വഭാവശുദ്ധിയില്ലാത്ത അറിവ്. നെറിവില്ലാത്ത അറിവ് ഏറ്റവും അപകടമാണ്. അറിവിലെ തിരിച്ചറിവാണ് നെറിവ്. നമ്മുടെ പെരുമാറ്റത്തിൽ മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്നുവെങ്കിൽ അതാണ് നല്ല സ്വഭാവം. തന്റെ അറിവ് പൊതുനന്മയ്ക്കുവേണ്ടി ഉപയോഗിക്കുന്ന, മറ്റുള്ളവരോടു കടപ്പാടുള്ള വ്യക്തികളെ വാർത്തെടുക്കുകയെന്നുള്ളതാണ് നമ്മുടെ കടമയെന്ന് ഗാന്ധിജി ഓർമ്മിപ്പിക്കുന്നു.
4. തത്ത്വദീക്ഷയില്ലാത്ത കച്ചവടം. തൂക്കത്തിൽ കൃത്യതയില്ലാത്തതും മായം ചേർത്തുമുള്ള കച്ചവടം യാതൊരു ധാർമ്മികതയുമില്ലാത്തതാണ്.
5. മനുഷ്യത്വമില്ലാത്ത ശാസ്ത്രം. മാനവികമൂല്യങ്ങൾ ഉൾക്കൊള്ളാത്ത ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളെല്ലാം മനുഷ്യനെ നശിപ്പിക്കുന്നതാണ്. മനുഷ്യന്റെ പുരോഗതിക്കുവേണ്ടിയുള്ള ശാസ്ത്രം മനുഷ്യനാശത്തിനു കൂടി കാരണമാകുന്നുവെങ്കിൽ ഗാന്ധിജി അതു പാപമായിത്തന്നെ കണക്കാക്കുന്നു.
6. ഹൃദയമുയർത്താതെയുള്ള പ്രാർത്ഥന. ഹൃദയത്തിന്റെ ഭാഷയാണ് ദൈവത്തോടുള്ള സംഭാഷണം. ഹൃദയമുയർത്താതെയുള്ള പ്രാർത്ഥന നിർജീവമാണ്. സഹോദരനെ കുടിയിരുത്താത്ത ഹൃദയത്തിൽ ഈശ്വരനു വസിക്കാൻ സാധിക്കില്ല.
7. തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയം. എങ്ങനെയും അധികാരത്തിലെത്തുക എന്ന വളഞ്ഞ വഴിയിലൂടെയുള്ള രാഷ്ട്രീയമാണ് നമ്മുടെ സമൂഹത്തെ ദുഷിപ്പിക്കാൻ കാരണം.

തലപ്പെട്ട ദോഷങ്ങളായി വിശദീകരിച്ചുകൊണ്ട് 'യംഗ് ഇന്ത്യ' യിൽ ഗാന്ധിജി എഴുതിയിരുന്നതാണ് ഇക്കാര്യങ്ങൾ. സമകാലികജീവിതത്തിലും ഇതൊക്കെ പ്രസക്തമാണല്ലോ.

എന്റെ ജീവിതമാണ് സുവിശേഷം എന്നു പറഞ്ഞ യേശുക്രിസ്തുവിനുശേഷം എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറയാൻ ധൈര്യം കാണിച്ചിട്ടുള്ള ഒരേയൊരു വ്യക്തി ലോകചരിത്രത്തിൽ ഞാൻ കണ്ടിട്ടുള്ളത് ഗാന്ധിജിയെയാണ്. പലരുടെയും ജീവിതങ്ങൾ തീർച്ചയായും നമുക്ക് വലിയ പാഠങ്ങളാണ്. പക്ഷേ, എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് ചങ്കൂറ്റത്തോടെ പറയാൻ സാധിച്ച ഒരേയൊരു വ്യക്തി ചരിത്രത്തിൽ ഗാന്ധിജി മാത്രമാണ്.

ഗാന്ധിജിയുടെ ജന്മദിനമാഘോഷിക്കുമ്പോൾ പറയാനുള്ളത്, നമ്മുടെ ജീവിതക്രമത്തിൽ ഒരു വിശുദ്ധീകരണം നടത്താൻ സമയമായിരിക്കുന്നു എന്നാണ്. പണത്തോട്, സുഖഭോഗങ്ങളോട്, അറിവിനോട്, കച്ചവടത്തോട്, ശാസ്ത്രത്തോട്, മതാത്മകതയോട്, രാഷ്ട്രീയത്തോട് ഒക്കെയുള്ള കാഴ്ചപ്പാടിന് ഒരു തിരിഞ്ഞെഴുത്ത് ആവശ്യമാണ്. എങ്കിൽ മാത്രമേ മാനവരാശിക്കു പുരോഗതി ഉണ്ടാവുകയുള്ളൂ.

□

# മലങ്കര കത്തോലിക്കാസഭയുടെ പുനരൈക്യ നവതിയാഘോഷങ്ങൾ സമാപിച്ചു



*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യ നവതിയാഘോഷങ്ങളുടെ സമാപനദിനത്തിൽ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ വിശുദ്ധ കുർബാന അർപ്പിക്കുന്നു.*

മാവേലിക്കര: മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യ നവതിയാഘോഷങ്ങൾക്ക് സെപ്റ്റംബർ 23 നു സമാപനമായി. രാവിലെ നടന്ന വിശുദ്ധ കുർബാനയ്ക്കു മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്നു കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആമുഖ സന്ദേശം നൽകി. പൗരസ്ത്യതിരുസംഘം അധ്യക്ഷൻ കർദ്ദിനാൾ ലിയനാർഡോ സാന്ദ്രി, മാർപാപ്പയുടെ ഇന്ത്യയിലെ പ്രതിനിധി ഡോ. ജാംബസ്ത്തീത്ത ഡികാത്രോ, കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, കോട്ടയം ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, കൊല്ലം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി, ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ് എന്നിവർ പങ്കെടുത്തു.

വിവിധ സഭകളുടെ അധ്യക്ഷ്യന്മാർ പങ്കെടുത്ത എക്യുമെനിക്കൽ സമ്മേളനം നടന്നു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കർദ്ദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. മാർത്തോമ്മ സഭാധ്യക്ഷൻ ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി.

മാവേലിക്കര ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസനാധ്യക്ഷൻ ബിഷപ് അലക്സിയോസ് മാർ യൗസേബിയോസ്, യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, സിഎസ്ഐ ദക്ഷിണ കേരള മഹായിടവക മോഡറേറ്റർ ബിഷപ് ധർമരാജ് റസാലം,കേരള ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ് ബിഷപ് ജോർജ് ഉമ്മൻ, പുനലൂർ രൂപത ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, പുനരൈക്യ നവതിയാഘോഷ കമ്മിറ്റി ജനറൽ സെക്രട്ടറി ഫാ. ബനഡിക്ട് കുര്യൻ പെരുമുറ്റത്ത് എന്നിവർ പങ്കെടുത്തു.

# ഗുരുത്വമഹത്ത്വം കളങ്കിതമാകുന്നുവോ?



ഡോ. തോമസ് മൂലയിൽ

'ഗു' ശബ്ദമന്ധകാരംതാൻ, 'രു' ശബ്ദം തന്നിരോധകം, എന്നാണു ചൊല്ല്. അന്ധകാരം അകറ്റുന്നവൻ ഗുരു എന്നർത്ഥം. അന്ധകാരം അജ്ഞതയെയാണു സൂചിപ്പിക്കുന്നത്. അപ്പോൾ, അജ്ഞതയകറ്റുന്നവനാണു ഗുരു. "ജ്ഞാനം പകരുന്നവൻ ഗുരു" എന്നും ചൊല്ലുണ്ട്. സർവ്വജ്ഞാനവും ദൈവത്തിൽനിന്നു വരുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (പ്രഭാഷകൻ 1/1). ജ്ഞാനത്തെ സൃഷ്ടിച്ചത് ദൈവമാണെന്നും ബൈബിൾ പറയുന്നു. (പ്രഭാഷകൻ 1/9).

എന്താണു ജ്ഞാനം? നന്മതിന്മ തിരിച്ചറിയുകയും തിന്മയെ ത്യജിക്കുകയും നന്മയെ സ്വീകരിക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ ജ്ഞാനം. ഉത്പത്തിപ്പുസ്തകത്തിൽ ഇതിന്റെ സൂചനയുണ്ട്: "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ, നന്മതിന്മയെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്നരുത്" (ഉത്പ: 16-17). ഇത് ദൈവത്തിന്റെ വാക്കുകളാണ്. അതുകൊണ്ട്, ആദിഗുരു ദൈവംതന്നെ. ദൈവം പറഞ്ഞതാകട്ടെ, ആദിമമനുഷ്യനായ ആദത്തോട്. അതുകൊണ്ട് ആദ്യശിഷ്യൻ ആദവും. ദൈവം ആദത്തോടു പറഞ്ഞ വാക്കുകളാണ് ഒന്നാം പാഠം. എല്ലാ അറിവിന്റെയും മൂലരൂപം ഇതിലുള്ളതുകൊണ്ട്, ഇതിനെ പാഠങ്ങളുടെ പാഠം എന്നു വിശേഷിപ്പിക്കാമെന്നു തോന്നുന്നു.

ഈ പാഠത്തിന്റെ തുടർപാഠങ്ങളും അവയെ പഠിപ്പിക്കുന്ന ഗുരുശ്രേഷ്ഠരെയും ബൈബിളിലുടനീളം കാണാൻ കഴിയും. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പിതൃത്രയം; മോശ, അഹറോൻ, ജോഷ്വാ, എന്നീ നേതൃത്രയം; ന്യായാധിപന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരെല്ലാം ആചാര്യപരമ്പരയിൽപെട്ടവരാണ്. ഈ പരമ്പര അവസാനിക്കുന്നതാകട്ടെ, ദൈവപുത്രനായ യേശുക്രിസ്തുവിലും. യേശുവിന്റെ കാലത്ത് ഗുരുസ്ഥാനീയരെ വിശേഷിപ്പിച്ചിരുന്നത് 'റബ്ബി' എന്നായിരുന്നു. അതുകൊണ്ടാണ് യേശുവിനെ പലപ്പോഴും 'റബ്ബി' എന്ന് അഭിസംബോധന ചെയ്തുകാണുന്നത്.

യേശുവിനു സ്വന്തമായ ഒരു അദ്ധ്യയനശൈലിയുണ്ടായിരുന്നു. ഉപമകൾ അതിനുദാഹരണമാണ്. ഉപമകൾ ലോകസാഹിത്യത്തിൽത്തന്നെ വേറിട്ടുനിൽക്കുന്ന സാഹിത്യശാഖയാണ്. ശിഷ്യന്മാരെ കൂടെവസിപ്പിക്കുന്ന ഒരു സമ്പ്രദായമായിരുന്നു യേശു സ്വീകരിച്ചിരുന്നത്. ശിഷ്യന്മാരുടെ സാന്നിദ്ധ്യമില്ലാതെ ആകപ്പാടെ യേശുവിനെ കാണുന്നത് പ്രാർത്ഥിക്കാനായി ഏകാന്തതയിൽ പോകുന്ന സന്ദർഭങ്ങളിൽ മാത്രമാണ്. ഗുരു-ശിഷ്യബന്ധം സുദൃഢവും സുശക്തവും സുതാര്യവുമാണ്. ഇവിടെ പഠനം കേവലം അറിവിന്റെ തലത്തിൽനിന്ന് അനുഭവമായി മാറുന്നു. അങ്ങനെ, ഗുരുത്വത്തിനും ഗുരു - ശിഷ്യബന്ധത്തിനും ഇവിടെ ഒരു പുതിയ മാനം കൈവരുന്നു. യേശുവിന്റെ 'ഗുരുത്വ'ത്തിന്റെ പൂർണ്ണതയും സമഗ്രതയും പരിശുദ്ധിയും വ്യക്തമാക്കുന്ന ഒരു ചോദ്യം അവിടുന്നു ചോദിക്കുന്നുണ്ട്: "നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും?" (യോഹ. 8/46). ലോകചരിത്രത്തിൽ ഇതിനു മുമ്പോ ഇതിനുശേഷമോ ആർക്കും അവകാശപ്പെടാനാവാത്ത ആധികാരികതയും വിശ്വാസ്യതയും ഇവിടെയുണ്ട്. കൂടെ വസിച്ച ശിഷ്യന്മാർക്കെന്നല്ല, ശത്രുക്കൾക്കുപോലും കണ്ടുപിടിക്കാൻ കഴിയാത്ത ജീവിതപാഠം. ഈ ഗുരുത്വമഹത്ത്വത്തിന്റെ നേർസാക്ഷ്യം യേശുവിന്റെ ഇഷ്ടശിഷ്യൻ യോഹന്നാൻ നൽകുന്നുണ്ട്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (യോഹ. 1/1).

യേശുവിന്റെ ഗുരു-ശിഷ്യ സഹവാസത്തിന്റെയും ഗുരു-ശിഷ്യബന്ധത്തിന്റെയുമൊക്കെ സമാനതകളും സവിശേഷതകളും ഇന്ത്യൻ ഗുരുകുലത്തിൽ കാണുവാൻ സാധിക്കും. ബി.സി. 5000 ത്തോടടുത്താണ് ഈ സമ്പ്രദായത്തിന്റെ ആരംഭം എന്നാണ് ചരിത്രം പറയുന്നത്! ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള നളന്ദ, തക്ഷശില മുതലായ വിദ്യാകേന്ദ്രങ്ങളുടെ അടിത്തറ ഗുരുകുലമാണ്. വിദേശാധിപത്യകാലംവരെ ഗുരുകുലസമ്പ്രദായം നിലവിലിരുന്നു. ഹിന്ദു-ബുദ്ധ-ജൈന-സിക്കുമതങ്ങളുടെയെല്ലാം പഠനകേന്ദ്രം ഗുരുകുലംതന്നെ. ഗുരുകുലത്തിൽ ശിഷ്യന്മാർ ഗുരുമുഖത്തുനിന്നാർജ്ജിക്കുന്ന അറിവ് സഹവാസത്തിലൂടെ പ്രാവർത്തികമാക്കിയിരുന്നു. ആത്മീയ-ധാർമ്മിക-സാമൂഹിക-വ്യക്തിഗതമൂല്യങ്ങൾ ഗുരു പകർന്നു നൽകിയിരുന്നു. സാമ്പത്തികവും സാംസ്കാരികവും ശാസ്ത്രീയവുമായ വിഷയങ്ങളും പഠിപ്പിച്ചിരുന്നു. ഭാഷ, സാഹിത്യം, സംഗീതം, കലാകായികാഭ്യാസം എന്നിവയെല്ലാം ഇവിടെ പഠനവിഷയങ്ങളായിരുന്നു. ചുരുക്കത്തിൽ, ഗുരുകുലപഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർ പൂർണ്ണത കൈവരിച്ചവരായിട്ടാണു കണക്കാക്കപ്പെട്ടിരുന്നത്.

ഗുരു എല്ലാ മന്ത്രങ്ങളും തന്ത്രങ്ങളും അറിഞ്ഞിരിക്കണമെന്നും ശിഷ്യന്റെ അറിവിനിണങ്ങുന്ന നവംനവങ്ങളായ കാര്യങ്ങൾ വിശദമായും ആകർഷകമായും നൽകാൻ കഴിവുള്ളവനുമായിരിക്കണമെന്നാണ് അനുശാസനം. ഗുരു ശിഷ്യന് എന്നും 'റോൾമോഡൽ' ആയിരിക്കണം. ശിഷ്യനു ഗുരു പിതാവും സഹോദരനും സുഹൃത്തും നേതാവുമായിരിക്കണം.

ഗുരുകുലത്തിനു സവിശേഷമായ ഒരു പഠനരീതിയാണുണ്ടായിരുന്നത്. പഠനപ്രക്രിയയ്ക്ക് അഞ്ചു ഘട്ടങ്ങൾ ഉണ്ട്. (1) 'അദ്ധ്യയനം' : ഗുരു മൊഴിയുന്ന മൊഴികളും അവയുടെ ശ്രവണവുമാണത്. (2) 'ശബ്ദ': കേട്ട മൊഴികളുടെ ഗ്രഹണമാണിവിടെ നടക്കേണ്ടത്. (3) 'ഊഹ' : കേട്ടുഗ്രഹിച്ച കാര്യങ്ങളുടെ കാര്യകാരണവിശകലനമാണിത്. (4) 'സുഹൃത്പ്രാപ്തി' : സതീർത്ഥ്യരുടെയോ ഗുരുവിന്റെയോ അംഗീകാരമാണിത്. (5) 'ദാന': പഠിച്ച പാഠങ്ങളുടെ പ്രയോഗമാണിവിടെ നടക്കുന്നത്. ഈ അഞ്ചു ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിലൂടെ ശിഷ്യൻ പൂർണ്ണനാക്കപ്പെടുന്നു.

ഗുരുകുലത്തിൽ പ്രവേശനം ലഭിക്കുന്നതിന് ആറുതരം ശുദ്ധികർമ്മങ്ങൾക്കു വിധേയമാകേണ്ടിയിരിക്കുന്നു. (1) പരിസരശുദ്ധി (2) ശരീരശുദ്ധി (3) അന്നശുദ്ധി (4) ചിത്തശുദ്ധി (5) സുഹൃത്ശുദ്ധി (6) ഉദ്ദേശ്യശുദ്ധി. ഇത്തരത്തിലുള്ള ശുദ്ധീകരണപ്രക്രിയയിലൂടെ ഒരുവൻ ജ്ഞാനസമ്പാദനത്തിനു സജ്ജനാകുന്നു. ഇങ്ങനെ സുസജ്ജനാകുന്നവനെ 'ഉപനയനം' എന്ന കർമ്മത്തിലൂടെ ഗുരു സ്വീകരിക്കുന്നു. ഒരു ഉദരത്തിലെന്നപോലെ ഗുരു ശിഷ്യനെ ചേർത്തുപിടിച്ചാശ്ലേഷിച്ച്, തന്റെ ചൈതന്യം അവനിൽ സന്നിവേശിപ്പിച്ച്, അവനെ പ്രതീകാത്മകമായി ഗർഭം ധരിച്ച്, പുനർജന്മം നൽകുന്നു എന്നാണ് ഈ ക്രിയയുടെ സന്ദേശം. അതോടെ ഗുരു ശിഷ്യനു പിതൃസമനാകുന്നു.



യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തിലും ഗുരുകുലത്തിലെ ഗുരുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തിലും കാണുന്ന ഏറ്റവും വലിയ സവിശേഷത, സ്നേഹമാണ് ഈ ബന്ധത്തെ ഉറപ്പിക്കുന്നത് എന്നതാണ്. ഗുരുകുലത്തിൽ ഗുരുവിനോടുള്ള സ്നേഹം, ആദരം, നന്ദി, കടപ്പാട്, എന്നിവയെല്ലാമായിരുന്നു പ്രധാനം. 'സാമ്പത്തികം' എന്ന വാക്കുതന്നെ അന്ന് അപ്രസക്തമായിരുന്നു; ഗുരുവിനു നൽകുന്ന പ്രതിഫലം 'ദക്ഷിണ' യാണ്. ശമ്പളമല്ല, ഉപഹാരമാണ്. ഉത്തമരായ ശിഷ്യന്മാർ തങ്ങൾ പഠിച്ചിറങ്ങുന്ന ഗുരുകുലത്തിനോ തങ്ങളെ പഠിപ്പിച്ച ഗുരുവിനോ ഒന്നിനും ഒരു കുറവും വരാൻ പാടില്ല എന്നു നിഷ്ഠ വച്ചിരുന്നു. യേശുവിന്റെ ഗുരുകുലത്തിലും ഇതുതന്നെയാണു കാണുന്നത്. എല്ലാറ്റിന്റെയും നിറവായിരുന്ന യേശു, തന്റെ ശിഷ്യന്മാർക്ക് ഒരു കുറവും വരാതെ നോക്കിയിരുന്നു. ശിഷ്യന്മാരാകട്ടെ, പ്രതിഫലമായി നൽകിയത് പ്രതിസ്നേഹമാണ്. അവിടെയും സാമ്പത്തികം കടന്നുവന്നിരുന്നില്ല. ശാപഗ്രസ്തനായ യൂദാസ് ഒഴികെ ആരും സാമ്പത്തിക ലാഭനഷ്ടങ്ങൾ നോക്കുന്നതായി കാണുന്നില്ല.

ഇന്നത്തെ ഗുരു-ശിഷ്യബന്ധം ഉറപ്പിക്കപ്പെട്ടിരിക്കുന്നതു പണത്തിലാണ്. ശമ്പളത്തിനല്ലാതെ കുട്ടികളോടുള്ള സ്നേഹംമൂലം അദ്ധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്ന ആരെങ്കിലും ഉണ്ടാകുമോ എന്നത് ഒരു ചോദ്യമായി അവശേഷിക്കുന്നു. വിലപേശൽ ഒരു പ്രധാന ഘടകമാണിന്ന്, ഗുരു-ശിഷ്യബന്ധത്തിൽ. അന്ന്, ഗുരു ഫലത്തെപ്പറ്റി ചിന്തിച്ചു. ഇന്ന്, പ്രതിഫലത്തെപ്പറ്റിയാണ് ഗുരുവിന്റെ ചിന്ത. അന്ന്, ഗുരുത്വം തപസ്യയായിരുന്നു. ഇന്നത് തൊഴിലായി തരംതാഴുന്നു. അന്ന്, എന്തു കൊടുക്കാമെന്നു ചിന്തിച്ചു. ഇന്ന്, എന്തെടുക്കാമെന്നാണു ചിന്ത. അന്ന് 'ദക്ഷിണ', ഇന്ന് 'ശമ്പളം'. അന്ന്, ഗുരുവിൽനിന്നു ലഭിച്ചത് അറിവു മാത്രമായിരുന്നില്ല, അനുഭവവുമായിരുന്നു. സ്വാമി വിവേകാനന്ദനായിത്തീർന്ന നരേന്ദ്രന്റെ ചോദ്യവും ഗുരുശ്രേഷ്ഠനായ ശ്രീരാമകൃഷ്ണപരമഹംസരുടെ ഉത്തരവും പ്രസിദ്ധമാണല്ലോ. "അങ്ങ് ദൈവത്തെ കണ്ടിട്ടുണ്ടോ?" നരേന്ദ്രന്റെ ചോദ്യം. "നിന്റെ കണ്ണുകളിൽ ഞാൻ ദൈവത്തെ ദർശിക്കുന്നു" ഗുരുവിന്റെ മറുപടി. സ്വാമിയുടെ ജീവിതസാക്ഷ്യവും പ്രസിദ്ധമാണ്: "എനിക്കെന്തെല്ലാമുണ്ടോ അതെല്ലാം എന്റെ ഗുരുവിൽനിന്നാണ്." മഹാത്മജിയുടെ സബർമതി ആശ്രമവും രവീന്ദ്രനാഥ് ടാഗോറിന്റെ ശാന്തിനികേതനും ഗുരുകുലത്തിന്റെ പുതിയ പതിപ്പുകളാണ്. ലോകഗുരുവായി ആദരിക്കപ്പെടുന്ന മഹാത്മജിയുടെ വാക്കുകൾ "My life is my message" ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. ഗുരുത്വമഹത്ത്വമാണിവിടെയെല്ലാം കാണുന്നത്.

യേശുവിന്റെ ഗുരുകുലത്തിൽ ദൈവിക സാന്നിദ്ധ്യമുണ്ടായിരുന്നു. കാരണം, അവിടുന്നു ദൈവപുത്രനായതുകൊണ്ടുതന്നെ. ഇന്ത്യൻ ഗുരുകുലത്തിൽ ദൈവിക സാന്നിദ്ധ്യമില്ലെങ്കിലും ദൈവിക ചൈതന്യം ത്രസിച്ചുനിന്നിരുന്നു. ജ്ഞാനം ദൈവത്തിൽനിന്നാണെന്നും ഗുരു ദൈവികചൈതന്യത്തിൽ നിറഞ്ഞുനിന്നുകൊണ്ട് ആ നിറവിൽനിന്നാണു ജ്ഞാനം പ്രദാനം ചെയ്യുന്നതെന്നും ശിഷ്യഗണം തിരിച്ചറിഞ്ഞിരുന്നു.

ഇന്നത്തെ വിദ്യാലയങ്ങളിൽനിന്ന്, നിർഭാഗ്യമെന്നു പറയട്ടെ, ദൈവത്തെയും ദൈവികചിന്തകളെത്തന്നെയും കുടിയിറക്കിയിരിക്കുന്നു. സത്യം, നീതി, സ്നേഹം, സേവനം, ത്യാഗം എന്നിങ്ങനെയുള്ള സനാതനമൂല്യങ്ങളൊക്കെ നഷ്ടമായിരിക്കുന്നു. ഗുരുക്കന്മാരുടെ 'ഇന്റഗ്രിറ്റി' വല്ലാതെ ചോദ്യം ചെയ്യപ്പെടുന്നു. ഗുരുക്കന്മാർ അറിവു വിറ്റു പണം വാങ്ങുന്നു, ശിഷ്യന്മാർ പണം കൊടുത്ത് അറിവു വാങ്ങുന്നു.

ഗുരുത്വമഹത്ത്വം കാത്തുസൂക്ഷിക്കുന്ന ബഹുഭൂരിപക്ഷം ഗുരുജനങ്ങളെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. പക്ഷേ, ഒരു ന്യൂനപക്ഷത്തിന്റേതാണെങ്കിലും, അവരുടെ പാപഫലം ഒരു തലമുറയാണ് അനുഭവിക്കേണ്ടിവരുന്നത്. ഗുരുത്വമഹത്ത്വം കാത്തുസൂക്ഷിക്കുന്ന ഗുരുശ്രേഷ്ഠർക്കു മുമ്പിൽ പ്രണാമം.

□

# കേരളരാഷ്ട്രീയത്തിലെ സിംഹഗർജ്ജനം



വിളക്കുമരങ്ങൾ



ഡോ. സിറിയക് തോമസ്

**തി**രുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ആരംഭകാലത്തുതന്നെ (1938) ജനങ്ങൾ കേട്ടുതുടങ്ങിയ ഒരു പേരായിരുന്നു പി.ടി. ചാക്കോയുടേത്. ജനനം (1915) ചിറക്കടവിലായിരുന്നെങ്കിലും അറിയപ്പെട്ടത് വാഴൂർക്കാരനായാണ്. വക്കീലായി പ്രാക്ടീസ് തുടങ്ങിയത് പാലായിലും. ഒന്നാംതരം സിവിൽ ക്രിമിനൽ അഭിഭാഷകനെന്നു വളരെ പെട്ടെന്നുതന്നെ പേരെടുക്കുകയും ചെയ്തു. കാഴ്ചയിലും കാര്യത്തിലും വ്യത്യസ്തനായിരുന്നു പി.ടി. ചാക്കോ. ആറടി പൊക്കം. കറുത്തു കട്ടിയിൽ പിറകോട്ടു ചീകിയ മുടിയും പിന്നെ നല്ല കട്ടിയിൽത്തന്നെ സ്റ്റാലിൻ മീശയും. വെളുത്ത ഖദറിന്റെ മുണ്ടും സൈഡ് ബട്ടനുള്ള ജൂബയും വേഷം. ആജ്ഞാശക്തിയുള്ള സ്വരവും ആളുകളെ ആകർഷിക്കുന്ന സംസാരവും പെരുമാറ്റവും. കോടതിയിലും പുറത്തും ചാക്കോ അറിയപ്പെട്ടുതുടങ്ങിയ സമയത്താണ് പാലായിൽ സീനിയർ അഭിഭാഷകനും എം.എൽ.സി. യുമായിരുന്ന എന്റെ പിതാവ് ആർ.വി. തോമസ് മീനച്ചിൽ താലൂക്ക് സ്റ്റേറ്റ് കോൺഗ്രസ് കമ്മിറ്റിക്കു രൂപം കൊടുക്കുന്നത്. ആർ.വി. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സെക്രട്ടറിയായി പി.ടി. ചാക്കോയുടെ പേരാണ് നിർദ്ദേശിച്ചത്. ചാക്കോ നല്ല വാഗ്മിയും ഒന്നാംതരം സംഘാടകനുമായിരുന്നു. പോരെങ്കിൽ ഓടിനടക്കാൻ പറ്റിയ ചെറുപ്പവും. ആഴമായ സൗഹൃദവും ആത്മബന്ധവുമായിരുന്നു അവർക്ക്. രാഷ്ട്രീയത്തിലും അവർ ഗുരു-ശിഷ്യന്മാരായാണ് പിൽക്കാലത്ത് അറിയപ്പെട്ടത്. സമരകാലത്ത് അറസ്റ്റു ചെയ്യപ്പെട്ടതും ജയിലിൽ പോയതുംപോലും പലപ്പോഴും ഒന്നിച്ചുതന്നെ. ഒരു നല്ല വായനക്കാരനായിരുന്നു ചാക്കോ. ജയിലിൽ വച്ചു കുമ്പളത്ത് ശങ്കുപ്പിള്ള ചാക്കോയെ ഗുസ്തിമുറകളും പഠിപ്പിച്ചുവെന്നായിരുന്നു കഥ!

പിന്നീട് ചാക്കോ തന്റെ വക്കീൽ പ്രാക്ടീസ് കോട്ടയം ജില്ലാ കോടതിയിലേക്കു മാറ്റി. പ്രവർത്തനരംഗവും അതോടെ കോട്ടയമായി. പാലായിൽ ചാക്കോയുടെ സ്ഥാനത്തു മീനച്ചിൽ താലൂക്ക് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായി ആർ.വി. നാമനിർദ്ദേശം ചെയ്തത് അന്ന് ഇംഗ്ലീഷ് ഓണേഴ്സ് ബിരുദമെടുത്തുവന്ന കെ.എം. ചാണ്ടിയെയാണ്. ചാക്കോയെക്കാൾ ഒന്നുകൂടി ചെറുപ്പമായിരുന്നു കെ.എം. ചാണ്ടി. പക്ഷേ, പഠനകാലത്തുതന്നെ ഗാന്ധിഭക്തനും പ്രക്ഷോഭകാരിയുമായിരുന്നുവെന്നതും തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളജിൽ പഠിക്കുമ്പോൾതന്നെ സ്റ്റേറ്റ് കോൺഗ്രസുമായി ബന്ധപ്പെട്ടിരുന്നുവെന്നതും പ്രായക്കുറവു നോക്കാതെതന്നെ താലൂക്ക് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറി സ്ഥാനത്തേക്ക് കെ.എം. ചാണ്ടിയെ നാമനിർദ്ദേശം ചെയ്യാൻ ആർ.വി. യെ പ്രേരിപ്പിച്ചിരിക്കണം.

1948 ൽ നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുമ്പോഴും കെ.എം. ചാണ്ടി തന്നെയായിരുന്നു ഏറ്റവും പ്രായംകുറഞ്ഞ എം.എൽ.എ. പി.ടി. ചാക്കോയ്ക്കും അന്നു വയസ്സ് മുപ്പത്തിമൂന്നു മാത്രം. ചെറിയാൻ കാപ്പനും അതേ പ്രായം. പാർട്ടിയിലെ യുവാക്കളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കുന്ന ശൈലിയായിരുന്നു അക്കാലത്തെ മുതിർന്ന നേതാക്കൾക്ക്. അങ്ങനെയാണ് ആ നിയമസഭയിൽ കോട്ടയം ജില്ലയിൽനിന്നു സീനിയർ നേതാക്കളായിരുന്ന എ.ജെ. ജോണിനും ആർ.വി. തോമസിനും വി.ഒ. മർക്കോസിനും അക്കാമ്മ ചെറിയാനും പി.ജെ. സെബാസ്റ്റ്യനുമൊപ്പം പി.ടി. ചാക്കോ, ചെറിയാൻ കാപ്പൻ, കെ.എം. ചാണ്ടി, മാത്യു മണിയങ്ങാടൻ തുടങ്ങിയ അന്നത്തെ യുവനേതാക്കൾക്കും നിയമസഭാംഗങ്ങളാവാൻ കഴിഞ്ഞത്. അവരൊക്കെ സ്വാതന്ത്ര്യസമരസേനാനികളും സമരകാലത്തു തടവുശിക്ഷ അനുഭവിച്ചവരുമായിരുന്നുവെന്നതും മറന്നുകൂടാ. ധീരന്മാരായിരുന്നു അന്നത്തെ സ്റ്റേറ്റ് കോൺഗ്രസിലെ യുവനിരനേതാക്കളും എന്നു സാരം. അവരുടെ മുൻപന്തിയിലായിരുന്നു പി.ടി. ചാക്കോ എന്നതിലും തർക്കമില്ല. അവരൊന്നും ഒരിക്കലും കരിയറിസ്റ്റുകളോ രാഷ്ട്രീയഅവസരവാദികളോ തരത്തിനുതരം പാർട്ടി മാറി ഭാഗ്യപരീക്ഷണം നടത്തുന്നവരോ ആയിരുന്നുമില്ല!

നിയമസഭാസ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ആർ.വി. തോമസ് ഇന്ത്യൻ ഭരണഘടനാനിർമ്മാണസമിതിയിലെ അംഗത്വം ഒഴിഞ്ഞപ്പോൾ പകരം തിരഞ്ഞെടുക്കപ്പെട്ടത് പി.ടി. ചാക്കോ ആയിരുന്നു. 1952 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മീനച്ചിൽ മണ്ഡലത്തിൽനിന്ന് എം.പി. ആയതും ചാക്കോതന്നെ. പക്ഷേ, ഒരു വർഷമായപ്പോൾ കാരണമൊന്നും പറയാതെ എം.പി. സ്ഥാനം രാജി വച്ചതു ചാക്കോയുടെ രാഷ്ട്രീയശോഭയ്ക്കു മങ്ങലേല്പിച്ചുവെന്നു പറയാതെയും വയ്യ. രണ്ടുമൂന്നു വർഷം രാഷ്ട്രീയവനവാസം വേണ്ടിവന്നു, പിന്നീട് 1956 ൽ കോട്ടയം ഡി.സി.സി. പ്രസിഡന്റായി സജീവ കോൺഗ്രസ് രാഷ്ട്രീയത്തിലേക്ക് ചാക്കോയ്ക്കു തിരിയെ വരാൻ. 1948–52 കാലത്തു നിയമസഭാംഗമായിരിക്കുമ്പോൾ പി.ടി. ചാക്കോ പലപ്പോഴും ഞങ്ങളുടെ തിരുവനന്തപുരത്തെ വീട്ടിൽ അപ്പച്ചനെ കാണാൻ വന്നിരുന്നത് എനിക്ക് ഓർമ്മയുണ്ട്.

പി.ടി. ചാക്കോയുടെ രാഷ്ട്രീയ നല്ലകാലം തുടങ്ങിയത് 1957 ൽ വാഴൂർനിന്ന് നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടതോടെയാണ്. എ.ജെ. ജോൺ ഗവർണർ ആയതും റ്റി.എം. വർഗീസും കെ.എം. കോരയും മറ്റും അപ്പോഴേക്കും കോൺഗ്രസിൽനിന്നു പുറത്തുപോയതും നിയമസഭാ ഇലക്ഷന് പനമ്പള്ളി, കെ.എ. ദാമോദരമേനോൻ, കെ.എം. ചാണ്ടി തുടങ്ങിയ മുൻനിര നേതാക്കളെല്ലാവരും പരാജയപ്പെട്ടതും ചാക്കോയ്ക്ക് എതിരില്ലാതെതന്നെ കോൺഗ്രസിന്റെ നിയമസഭാകക്ഷി നേതാവാകാൻ എളുപ്പസാഹചര്യമൊരുക്കി. ചാക്കോതന്നെ പ്രതിപക്ഷ നേതാവുമായി. ഇ.എം.എസ്. മുഖ്യമന്ത്രിയായി ഒരു കമ്യൂണിസ്റ്റുമന്ത്രിസഭയുണ്ടായി. ചാക്കോ കേരളം കണ്ട ഏറ്റവും പ്രഗല്ഭനായ പ്രതിപക്ഷനേതാവെന്ന് പത്രങ്ങളും ജനങ്ങളും ഒരുപോലെ പ്രശംസിക്കുകയും ചെയ്തു. ഒന്നാംതരം പാർലമെന്റേറിയനാണെന്ന പേര് നേരത്തേതന്നെ ചാക്കോ നേടിയിരുന്നല്ലോ. ആദ്യമായി ഒരു കമ്യൂണിസ്റ്റ് വിരുദ്ധ ജനാധിപത്യമുന്നണിയുണ്ടാക്കാൻ മുൻകൈ എടുത്തതും പി.ടി. ചാക്കോ ആയിരുന്നു. കോൺഗ്രസിനോടുള്ള പട്ടത്തിന്റെ നീരസം കുറയ്ക്കാനും മുസ്ലീംലീഗിന്റെ സഹകരണം ഉറപ്പാക്കാനും ചാക്കോയ്ക്കു കഴിഞ്ഞു. വിമോചനസമരവിജയത്തോടെ 1960 ൽ തിരഞ്ഞെടുപ്പായി. ജനാധിപത്യമുന്നണി വൻ ഭൂരിപക്ഷവുംകൂടി നേടിയതോടെ പട്ടത്തിന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭയും വന്നു. ആർ. ശങ്കർ കോൺഗ്രസ് നിയമസഭാകക്ഷി നേതാവും ഉപമുഖ്യമന്ത്രിയുമായി. ധനകാര്യവകുപ്പു ശങ്കർക്കായിരുന്നു. ചാക്കോ ആഭ്യന്തരമന്ത്രിയായി. പുറമേ റവന്യൂ, ഇലക്ട്രിസിറ്റി, ജയിൽ, സാമൂഹികക്ഷേമം തുടങ്ങിയവയും. പത്രങ്ങൾ ചാക്കോയ്ക്ക് 'മന്ത്രിമുഖ്യൻ' എന്ന പദവിയും ചേർത്തുനൽകി. ആദ്യത്തെ മന്ത്രിസഭായോഗത്തിൽത്തന്നെ ചാക്കോ തന്റെ രാഷ്ട്രീയഗുരുവിനെ ഓർമ്മിച്ചു. രാഷ്ട്രീയത്തിൽ കളങ്കമില്ലാതെ ജീവിച്ചു സർവസ്വത്തും സ്വാതന്ത്ര്യസമരത്തിൽ നഷ്ടപ്പെട്ട ശേഷം സർക്കാരുദ്യോഗത്തിൽ (പി.എസ്.സി. മെമ്പർ) ഇരിക്കെ ഭീമമായ സാമ്പത്തികബാധ്യതയുമായി മരിച്ച ആർ.വി. തോമസിന്റെ മക്കൾക്ക് ഈ സർക്കാർ വന്നപ്പോഴെങ്കിലും വിദ്യാഭ്യാസസൗജന്യം അനുവദിക്കണമെന്നത് സാമാന്യനീതിയല്ലേ എന്നു മുഖ്യമന്ത്രി പട്ടത്തെ നോക്കി ചാക്കോ വികാരഭരിതനായി ചോദിച്ച കഥ പിൽക്കാലത്തു സാക്ഷ്യപ്പെടുത്തിയത് അന്നു മന്ത്രിയായിരുന്ന മറ്റൊരു സ്വാതന്ത്ര്യസമരസേനാനി പി.പി. ഉമ്മർകോയയാണ്. മന്ത്രിസഭ അന്നുതന്നെ അതനുവദിക്കുകയും ചെയ്തു.





തന്റെ പാർട്ടിയിലെ ഗ്രൂപ്പുപോരുകളും ഇടയ്ക്ക് മുഖ്യന്ത്രിയുമായുണ്ടായ ഭിന്നതയും മുഖ്യമന്ത്രിക്ക് ചാക്കോ രജിസ്റ്റർ കത്തയച്ചതുമൊക്കെ വിവാദങ്ങളുണ്ടാക്കി. അയ്യപ്പൻകോവിലിൽ നടന്ന കുടിയിറക്കും ഫാദർ വടക്കനുമായി നടത്തിയ തുടർച്ചയായ വാക്പോരും ചാക്കോയുടെ പ്രതിച്ഛായയിൽ ഇടിവുണ്ടാക്കി. 1962 ൽ പട്ടം പഞ്ചാബ് ഗവർണറായി നിയമിതനായതോടെ ശങ്കർ മുഖ്യമന്ത്രിയായി. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, തൃശൂർവച്ചുണ്ടായ ഒരു കാർ അപകടത്തെത്തുടർന്നു വന്ന വിവാദകോലാഹലങ്ങൾ ചാക്കോയുടെ രാഷ്ട്രീയവീഴ്ചയ്ക്കുതന്നെ വഴിവച്ചു. മുഖ്യമന്ത്രി ശങ്കറുമായി ഉണ്ടായ ഭിന്നത കാര്യങ്ങൾ കൂടുതൽ വഷളാക്കിയതോടെ മന്ത്രിപദവും ചാക്കോ രാജി വയ്ക്കുകയായിരുന്നു. അങ്ങനെ അദ്ദേഹവും രാഷ്ട്രീയത്തിലെ മറ്റൊരു മുറിവേറ്റ സിംഹമായി. കെപിസിസി പ്രസിഡന്റു സ്ഥാനത്തേക്കു മത്സരിച്ചപ്പോഴും തോൽവിയായിരുന്നു ഫലം. അപ്പോഴും തന്റെ അനുയായികളോട് ഒരു കാരണവശാലും കോൺഗ്രസ് പാർട്ടി വിട്ടുള്ള ഒരു നീക്കത്തിനും പോകരുതെന്ന് കർശനമായി പറഞ്ഞ യഥാർത്ഥ കോൺഗ്രസുകാരനായിരുന്നു ചാക്കോ. കെപിസിസി പ്രസിഡന്റായിരുന്ന കെ.സി. അബ്രാഹം മാസ്റ്ററെ ചെന്നുകണ്ടു പാർട്ടിയിൽ ഐക്യമുണ്ടാക്കുന്നതിനു തന്റെ പൂർണപിന്തുണ ഉറപ്പു നൽകുകയുമുണ്ടായി.

പക്ഷേ, വിധി മറ്റൊന്നായി. ഒരാഴ്ചയ്ക്കുള്ളിൽ (1964 ഓഗസ്റ്റ് 1) ഒരു കേസുസംബന്ധമായി നടത്തിയ മലബാർ യാത്രയ്ക്കിടെ വഴിമദ്ധ്യേ ഹൃദയാഘാതംമൂലം അദ്ദേഹം കാലത്തെ കടന്നുപോയി. ഒരു പക്ഷേ, കേരളം അന്നേവരെ കണ്ട ഏറ്റവും വലിയ ഒരു അന്തിമോപചാരച്ചടങ്ങും പി.ടി. ചാക്കോയുടെ മൃതസംസ്കാരമാവാനേ വഴിയുള്ളൂ. പള്ളിയിലെ ചരമപ്രഭാഷണം നടത്തിയ പാലാ ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ ഷെയ്ക്സ്പിയറെയാണ് ഉദ്ധരിച്ചത്. 'ഐ ഹാവ് കം റ്റു ബറി സീസർ നോട്ട് റ്റു പ്രൈയസ് ഹിം' എന്നു പറഞ്ഞായിരുന്നു ബിഷപ് തന്റെ ഉജ്ജ്വലപ്രഭാഷണം തുടങ്ങിയതുതന്നെ. സ്വാതന്ത്ര്യസമരത്തിലെ സാഹസികൻ എന്നാണു ചാക്കോയെ ബിഷപ് വിശേഷിപ്പിച്ചത്. സർ സിപി യ്ക്ക് ചാക്കോ അയച്ച 'തുറന്ന കത്ത്' മാത്രം മതി പി.ടി. ചാക്കോയുടെ നിർഭയത്വം തെളിയിക്കാനെന്നും ബിഷപ് വയലിൽ തന്റെ സ്നേഹിതനെക്കുറിച്ചു വികാരഭരിതനായി സാക്ഷ്യപ്പെടുത്തി. അൻപതാം വയസ്സിൽ അന്തരിക്കുമ്പോൾ പി.ടി. ചാക്കോയ്ക്ക് കടമല്ലാതെ വേറെ സമ്പാദ്യം ഒന്നുമുണ്ടായിരുന്നില്ല.

മുപ്പതു വർഷത്തെ പൊതുജീവിതത്തിൽ ശത്രുക്കൾപോലും ഒരിക്കലും അദ്ദേഹത്തിനെതിരേ അഴിമതിയാരോപണങ്ങളൊന്നും ഉന്നയിച്ചിട്ടുമില്ല. അദ്ദേഹത്തിന്റെ മരണത്തെ ഭീമന്റെ പതനമെന്നായിരുന്നു കെ. ബാലകൃഷ്ണൻ വിശേഷിപ്പിച്ചത്. ചാക്കോയുടെ അപ്രതീക്ഷിതമരണം കേരള രാഷ്ട്രീയത്തിലുണ്ടാക്കിയ ആഘാതം പിൽക്കാലചരിത്രമാണ്. പ്രത്യാഘാതങ്ങൾ ഇന്നും കേരളരാഷ്ട്രീയത്തെ ഒരു പരിധിവരെ വേട്ടയാടുന്നുമുണ്ട്. ഏത് അർത്ഥത്തിലും താരതമ്യമില്ലാത്ത ഒരു നേതാവായിരുന്നു അദ്ദേഹം. എന്നും കളം നിറഞ്ഞുകളിച്ച ഒരു കളിക്കാരനും!

□

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; മാതൃഗർഭത്തിൽ വിശ്വാസി ഉരുവാകുമ്പോൾ**

**പ്രഭാഷകൻ 1:14**

## എഡിറ്റോറിയൽ

# ഭീകരവേട്ടയിൽ അലംഭാവമരുത്

കള്ളക്കടത്തും ഭീകരാക്രമണവും അഴിമതിയുംകൊണ്ടു വീർപ്പുമുട്ടുന്ന ഒരന്തരീക്ഷത്തിലാണ് നമ്മുടെ രാജ്യവും സംസ്ഥാനവും കടന്നുപോകുന്നത്. കൊവിഡ് മഹാമാരിയുടെ പ്രതിസന്ധികൾക്കിടയിലും രാജ്യാന്തരഭീകരസംഘടനകളുടെ ഒളിത്താവളമായി നമ്മുടെ കേരളവും മാറുകയാണോ എന്നുപോലും സംശയിക്കത്തക്ക റിപ്പോർട്ടുകളാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ അച്ചടിദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞാടിയത്.

ദേശീയ അന്വേഷണഏജൻസി (എൻ.ഐ.എ.) പെരുമ്പാവൂരിലും ബംഗാളിലെ മൂർഷിദാബാദിലും ഒരേ സമയത്തു നടത്തിയ തിരച്ചിലിൽ ഒൻപതു കൊടുംഭീകരർ പിടിയിലായി എന്ന റിപ്പോർട്ട് ഇത്തിരി ഭയത്തോടും അതേസമയം അതീവ ജാഗ്രതയോടുംകൂടി മാത്രമേ ഉൾക്കൊള്ളാനാവൂ. രാജ്യാന്തരഭീകരസംഘടനയായ അൽഖായിദയുടെ പാക്കിസ്ഥാൻ ഘടകമായി പ്രവർത്തിക്കുന്നുവെന്നു കരുതപ്പെടുന്നവരാണവർ. രേഖകളിൽ ബംഗാൾ സ്വദേശികളെന്നു പറയപ്പെടുന്ന മൂന്നു പേർ കളമശേരിയിലും പെരുമ്പാവൂരിലുമായി പിടിയിലായി. സംഘത്തിലെ ആറു പേരെ പശ്ചിമബംഗാളിലെ മുർഷിദാബാദിൽനിന്നാണു പിടികൂടിയത്.

ഭീകരർ ഡൽഹിയുൾപ്പെടെ രാജ്യത്തെ പല പ്രധാന നഗരങ്ങളിലും സുരക്ഷാസേനകളുടെ കേന്ദ്രങ്ങളിലും ഭീകരാക്രമണത്തിനു പദ്ധതിയിട്ടിരുന്നതായും എൻ.ഐ.എ. വ്യക്തമാക്കി. ഏറെക്കാലമായി അൽഖായിദ പ്രവർത്തനങ്ങൾ എൻ.ഐ.എ. യുടെ നിരീക്ഷണത്തിലായിരുന്നെങ്കിലും ഇപ്പോൾ അറസ്റ്റിലേക്കു നയിച്ച കേസുകൾ രജിസ്റ്റർ ചെയ്തത് സെപ്റ്റംബർ പതിനൊന്നിനാണ്. അമേരിക്കയിൽ വേൾഡ് ട്രേഡ് സെന്റർ ആക്രമണം നടന്ന അതേ തീയതിയാണ് ഇതെന്നത് അതീവഗൗരവമുള്ള വായനയ്ക്കും നിരീക്ഷണത്തിനും ഇടം നല്കുന്നു.

ഐ.എസ്., അൽഖായിദ ഭീകരസംഘങ്ങളുടെ ആക്രമണസാധ്യതയുള്ള കേന്ദ്രമാണ് ഇന്ത്യയെന്ന് ഐക്യരാഷ്ട്ര സംഘടന മുന്നറിയിപ്പു തന്നിട്ട് രണ്ടു മാസമാകുന്നതേയുള്ളൂ. കേരളത്തിൽ വൻതോതിൽ ഐ.എസ്. സാന്നിധ്യമുണ്ടെന്നും ഭീകരാക്രമണത്തിനു തയ്യാറെടുത്തുനില്ക്കുന്നുവെന്നും മുന്നറിയിപ്പുണ്ടായിട്ടും നമ്മുടെ രാജ്യമോ സംസ്ഥാനമോ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്നു തന്നെയാണ് പരക്കെയുള്ള ആക്ഷേപം.

മുർഷിദാബാദ് വഴി കേരളത്തിലെത്തിയിട്ടുള്ള ബംഗ്ലാദേശികൾ എറണാകുളം ജില്ലയുടെ കിഴക്കൻമേഖലയിൽ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും ഇവർക്ക് തീവ്രവാദസംഘടനകളുമായി അടുത്ത ബന്ധമുണ്ടെന്നും കേന്ദ്രഇന്റലിജൻസ് വിഭാഗം 2018 ൽ സംസ്ഥാന സർക്കാരിനു മുന്നറിയിപ്പു നൽകിയിരുന്നു. ബംഗാളികളെന്ന നിലയിൽ ബംഗ്ലാദേശിൽനിന്നുള്ള ഒട്ടനവധി തീവ്രവാദഗ്രൂപ്പുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രച്ഛന്നരായി ജീവിക്കുന്നുണ്ട് എന്നതാണു വാസ്തവം. അവരിൽ ഒട്ടേറെപ്പേർ അതിഥിത്തൊഴിലാളികളുടെയിടയിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്നാണ് പെരുമ്പാവൂർകേസ് തെളിയിക്കുന്നത്.

എറണാകുളത്ത് അൽഖായിദബന്ധമുള്ള മൂന്നു പേർ പിടിയിലായത് സംസ്ഥാന ഇന്റലിജൻസിന്റെ വീഴ്ചയായി വിരൽചൂണ്ടുന്നുണ്ട്. സംസ്ഥാനത്ത് തീവ്രവാദപ്രവർത്തനം കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും മാത്രമായി എസ്.പി.യുടെ നേതൃത്വത്തിലുള്ള തീവ്രവാദവിരുദ്ധസ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ, ഇന്റലിജൻസ് എഡിജിപിയുടെ കീഴിൽ ആഭ്യന്തരസുരക്ഷ നിർവഹിക്കുന്നതിന് ഡിഐജിയും എസ്പിയും നാളിതുവരെ ഉണ്ടായിരുന്നു. തീവ്രവാദവിരുദ്ധസ്ക്വാഡിനും ആഭ്യന്തരസുരക്ഷാവിഭാഗത്തിനും നാഥനില്ലാതായിട്ടു മാസങ്ങളായി. മാത്രമല്ല, രാജ്യാന്തരഭീകരസംഘടനകളെ സമൂഹമാധ്യമങ്ങളിൽ പിന്തുണയ്ക്കുന്ന ഒട്ടേറെ മലയാളിഗ്രൂപ്പുകളുണ്ടെന്നാണ് കേന്ദ്ര ഇന്റലിജൻസ് ഏജൻസികളുടെ കണ്ടെത്തൽ. ജെ.എം.സി. എന്ന ഐ.എസ്. ബന്ധമുള്ള ഭീകരസംഘടനയ്ക്കു കേരളത്തിൽ സാന്നിധ്യമുണ്ടെന്നാണ് കേന്ദ്രഏജൻസികളുടെ റിപ്പോർട്ട്. 2019ൽ സംസ്ഥാനത്ത് അറസ്റ്റിലായ ഏഴു പേർ ഈ സംഘടനയുമായി ബന്ധമുള്ളവരാണെന്നാണ് അവരുടെ നിരീക്ഷണം.

മാനവസംസ്കാരത്തിന്റെ അടിവേരറക്കുകയും മനുഷ്യജീവനു ഭീഷണിയുയർത്തുകയും ചെയ്യുന്ന ഛിദ്രശക്തികളായ ഭീകരപ്രസ്ഥാനങ്ങളെ ഈ നാട്ടിൽനിന്നു പിഴുതെറിയാനുള്ള ഇച്ഛാശക്തിയും അതിജാഗ്രതയും കേന്ദ്ര,സംസ്ഥാന ഇന്റലിജൻസിനും പോലീസ് സേനയ്ക്കുമുണ്ടാകണം. സിറിയയിലും ഇറാക്കിലും അഫ്ഗാനിസ്ഥാനിലും അരങ്ങേറിക്കൊണ്ടിരിക്കുന്ന തരത്തിലുള്ള തീവ്രവാദപ്രവർത്തനങ്ങൾ നമ്മുടെ രാജ്യസുരക്ഷയ്ക്കും മനുഷ്യജീവനും ഭീഷണിയാകുന്നുണ്ടെങ്കിൽ അതിനുത്തരവാദി മറ്റാരുമല്ല, സർക്കാരുതന്നെയാണ്. ശാന്തിയും സമാധാനവും കളിയാടുന്ന ഒരു രാജ്യത്ത് ഭയം തൊട്ടുതീണ്ടാതെ ശിരസ്സുയർത്തിപ്പിടിച്ച് സാഭിമാനം ജീവിക്കാൻ ഓരോ ഇന്ത്യൻ പൗരനുമാകട്ടേയെന്ന് പരസ്പരം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. □

## ശക്തമായ എഡിറ്റോറിയൽ



**പ്രതികരണം**

ബിരുദാനന്തരബിരുദപരീക്ഷ കഴിഞ്ഞുനിൽക്കുന്ന ഞാൻ മലയാളം അക്ഷരങ്ങൾ പഠിച്ചത് ഒന്നാംക്ലാസിൽനിന്നായിരുന്നു. അന്നത്തെ നിറക്കൂട്ടുള്ള ഒന്നാം പാഠപുസ്തകത്തിൽ തെളിഞ്ഞു നിന്ന അക്ഷരമാല ഇന്നും മനസ്സിൽ ഒളിമങ്ങാതെ നില്പുണ്ട്. പക്ഷേ, ഇന്ന് ഒന്നിലെന്നല്ല മലയാളപാഠാവലികളിൽ ഒരിടത്തുപോലും അക്ഷരമാല ചേർത്തിട്ടില്ല എന്നറിഞ്ഞപ്പോൾ ഞാൻ അദ്ഭുതപ്പെട്ടുപോയി. ഞാൻ ഈ വിവരം അറിയുന്നതു ദീപനാളത്തിൽനിന്നായിരുന്നു. തുടർന്ന്, മറ്റു പത്രങ്ങളിലും ഇതു സംബന്ധിച്ച് വാർത്തകളും ലേഖനങ്ങളും കാണുവാനിടയായി. വിദ്യാഭ്യാസമന്ത്രിക്കും വിദ്യാഭ്യാസഡയറക്ടർക്കും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുമൊക്കെ നിവേദനങ്ങൾ കൊടുത്തിട്ടുണ്ടെന്നും അറിയുവാൻ കഴിഞ്ഞു. എന്നിട്ടൊന്നും ഒരു ഫലവും കാണാത്തതിലുള്ള അമർഷവും ദുഃഖവും ഇത്തവണത്തെ എഡിറ്റോറിയലിൽ പ്രകടമായിക്കണ്ടു. വിഷയം ശക്തമായി അവതരിപ്പിച്ചിട്ടുണ്ടതിൽ. പിഎസ്സി പരീക്ഷയിൽ മലയാളത്തെ അവഗണിച്ചതിലുള്ള നീരസവും അതിൽ പ്രകടമായിട്ടുണ്ട്. കാച്ചിക്കുറുക്കി മൂർച്ചയുള്ള ഭാഷയിലാണു കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. അഭിനന്ദനങ്ങൾ. പോരാട്ടങ്ങൾക്കു സർവ്വ പിന്തുണയും അറിയിക്കുന്നു. ദിനപത്രങ്ങൾ കൊവിഡും കള്ളക്കടത്തും ആഘോഷമാക്കി പത്രത്താളുകൾ നിറയ്ക്കുമ്പോൾ കലാസാംസ്കാരികവാരിക എന്ന പേര് ദീപനാളം അന്വർത്ഥമാക്കി കാണുന്നതിലുള്ള സന്തോഷവും അറിയിക്കുന്നു. വിജയാശംസകൾ.

**സച്ചിൻ ഫിലിപ്പ്**
**കാഞ്ഞിരത്താനം**

## അറിവിന്റെ വിരുന്നൊരുക്കുന്ന ദീപനാളം

ദീപനാളം കൈയിൽ കിട്ടിയാൽ ഞാനാദ്യം നോക്കുന്നത് എഡിറ്റോറിയലാണ്. ലോകത്തെ തന്നെ കൂട്ടിക്കൊണ്ടുവന്ന് അറിവിന്റെ വിരുന്നൊരുക്കുന്ന എഡിറ്റോറിയലിന്റെ ആറ്റിക്കുറുക്കിയുള്ള എഴുത്തുരീതി നല്ലതാണ്. 'ഹരിതപാഠം' കർഷകരായ എന്നേപ്പോലുള്ളവർക്ക് അനുഗ്രഹമാണ്. വൃക്ഷങ്ങളുടെ കൃഷിരീതി, വിളവെടുപ്പ്, വളങ്ങൾ പരിപാലനരീതി, തൈകൾ... എന്നിവ ശാസ്ത്രീയമായി എഴുതണം. സഞ്ചാരം പംക്തി ഉഗ്രനാണ്. ജോസ് താനയുടെ ലേഖനം, അഗസ്ത്യായനം നോവൽ എന്നിവയും അതിഗംഭീരമായിരുന്നു.ആശംസകൾ. ദീപനാളത്തിനു നന്ദി.

**പി.റ്റി. കുര്യാക്കോസ്**
**മുളക്കുളം**

## പഞ്ചായത്തു തിരഞ്ഞെടുപ്പ് രാഷ്ട്രീയമില്ലാതെ നടത്തണം

ഈ കൊവിഡുകാലത്ത് കേരളത്തിൽ നടക്കാൻപോകുന്ന തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പു പൂർണമായും പാർട്ടിരാഷ്ട്രീയമില്ലാതെ നടത്തേണ്ടതാണ്. കേരളത്തിലെ ചെറുതും വലുതുമായ എല്ലാ രാഷ്ട്രീയ പാർട്ടികളും ജനാധിപത്യതത്ത്വങ്ങളും ജനക്ഷേമതാത്പര്യങ്ങളും കളഞ്ഞുകുളിച്ച് സ്വാർത്ഥരും അഴിമതിക്കാരുമായ കപടനേതാക്കളുടെ വിഹാരരംഗങ്ങളാണിപ്പോൾ. സാധാരണ ജനങ്ങളുടെ അടിസ്ഥാനജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്ന ത്രിതല പഞ്ചായത്തുകൾ രാഷ്ട്രീയക്കാരുടെ കൊള്ളയടി കേന്ദ്രങ്ങളാണ്. ഈ സ്ഥിതി ഇത്തവണ മാറ്റിയെടുക്കണം: അറിവും യോഗ്യതകളുമുള്ള ധാരാളം പൗരന്മാർ നാട്ടിലെങ്ങുമുണ്ട്. അവർ മടിക്കാതെ മുമ്പോട്ടു വന്നു സ്ഥാനാർത്ഥികളാകാൻ തയ്യാറാകണം. തിരഞ്ഞെടുപ്പിൽ രാഷ്ട്രീയം പൂർണമായും ഒഴിവാക്കണം. ഈ നാടു രക്ഷപ്പെടണമെങ്കിൽ അങ്ങനെയൊരു നീക്കം കൂടിയേ തീരൂ. കിഴക്കമ്പലം സ്പിരിറ്റ് മോഡൽ കേരളമാകെ അലയടിക്കണം.

**അഡ്വ. ഫിലിപ്പു പഴേമ്പള്ളി**
**പെരുവ**

# വിശ്വാസ്യത അച്ചടിമാധ്യമങ്ങൾക്കുതന്നെ




മുംബൈ: ഏറ്റവും വിശ്വസനീയമായ വാർത്താസ്രോതസ്സ് അച്ചടിമാധ്യമങ്ങളാണെന്ന് ദേശീയസർവ്വേ ഫലം. പങ്കെടുത്തവരിൽ 62% പേരും അച്ചടിമാധ്യമങ്ങളെയാണ് ഏറ്റവും വിശ്വസിക്കുന്നതെന്നു മുംബൈ ആസ്ഥാനമായ ഓർമെക്സ് മീഡിയയുടെ സർവേയിൽ വ്യക്തമായി. 17 സംസ്ഥാനങ്ങളിലെ 15 വയസ്സിനു മുകളിലുള്ള 2400 നഗരവാസികളായ വാർത്താ ഉപയോക്താക്കളാണ് സർവ്വേയിൽ പങ്കെടുത്തത്.

വാർത്താ ഉപഭോക്താക്കളിൽ 61% ഏറ്റവും വലിയ പ്രശ്നമായി കാണുന്നത് വ്യാജവാർത്തകളെയാണെന്നും സർവേഫലം പറയുന്നു. മാധ്യമകൺസൾട്ടൻസി സ്ഥാപനമായ ഓർമെക്സ് മാധ്യമങ്ങളുമായി ബന്ധപ്പെട്ട് വർഷത്തിൽ രണ്ടു സർവ്വേകൾ നടത്താറുണ്ട്.

**മാധ്യമവിശ്വാസ്യത ഇങ്ങനെ:**

| | |
|---|---|
| അച്ചടിമാധ്യമം | : 62% |
| റേഡിയോ | : 57% |
| ടെലിവിഷൻ | : 56% |
| ടിറ്റർ | : 53% |
| ടെലിഗ്രാം | : 31% |
| ഫെയ്സ്ബുക് | : 30% |
| ഇൻസ്റ്റഗ്രാം | : 29% |
| വാട്സാപ്പ് | : 28% |

# അഴിമതിയുടെ മാറാലകൾ



പ്രിൻസ്‌രാജ്

"കാട്ടിലെ തടി, തേവരുടെ ആന. വലിയെടാ വലി" സർക്കാർസംവിധാനത്തിലെ അഴിമതിയെയും ക്രമക്കേടുകളെയും കുറിച്ചു പറയുമ്പോൾ കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്ന ഒരു ചൊല്ലാണല്ലോ അത്. കാലാതിവർത്തിയായ ചൊല്ല്. ആ ചൊല്ലിന്, ഫെയ്സ്ബുക്ക്-ഇൻസ്റ്റഗ്രാം-വാട്സാപ്പാദികൾ കൊടികുത്തിവാഴുന്ന ഇക്കാലത്തും യാതൊരു ഊനവും തട്ടിയിട്ടില്ല എന്നു വ്യക്തം. അല്ലെങ്കിൽ പ്രസ്തുത ചൊല്ലിന് ഊനംതട്ടാൻ കാലാകാലങ്ങളായി മാറി വരുന്ന നമ്മുടെ ഭരണകർത്താക്കൾ അനുവദിക്കുന്നില്ല എന്നും പറയാം!

നിയമസഭയിൽ സമർപ്പിതമായ കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സി.എ.ജി.) ഒടുവിലത്തെ റിപ്പോർട്ടാണു പ്രസ്തുത ചൊല്ലിന്റെ പ്രസക്തി ഒരിക്കൽക്കൂടി വെളിപ്പെടുത്തിയത്. പൊതുമരാമത്തുവകുപ്പ്, സിവിൽ സപ്ലൈസ് കോർപറേഷൻ എന്ന സപ്ലൈകോ തുടങ്ങി ഒന്ന് എഴുന്നേറ്റു നിൽക്കാൻപോലും ആവതില്ലെന്നു നാഴികയ്ക്കു നാല്പതു വട്ടം പരിതപിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. വരെയുണ്ട് റിപ്പോർട്ടിലെ പ്രതിപ്പട്ടികയിൽ. അഴിമതിയുടെയും ക്രമക്കേടിന്റെയും സ്വജനപക്ഷപാതത്തിന്റെയും മാറാല ഏറ്റവും കൂടുതൽ പേറുന്ന വകുപ്പാണ് പൊതുമരാമത്തുവകുപ്പ് എന്നതു യാഥാർത്ഥ്യം. നാലു പതിറ്റാണ്ടിലേറെ നീണ്ട പൊതുജീവിതത്തിനിടെ അഴിമതിയുടെ ഒരുതുള്ളി കറ പുരളാത്ത ജി. സുധാകരൻ നാലരക്കൊല്ലം തലപ്പത്തിരുന്നിട്ടും പൊതുമരാമത്തുവകുപ്പിന്റെ സ്ഥായീഭാവത്തിനു യാതൊരു മാറ്റവും ഉണ്ടായില്ല എന്നാണ് സി.എ.ജി. റിപ്പോർട്ടിൽനിന്നു വായിച്ചെടുക്കാവുന്ന പ്രധാന കാര്യം. വകുപ്പു രൂപീകൃതമായ കാലംമുതൽ തുടർന്നുപോരുന്ന അഴിമതിമാർഗ്ഗങ്ങളും തന്ത്രവും ബന്ധപ്പെട്ടവർ ഇപ്പോഴും സമർത്ഥമായിത്തന്നെ പയറ്റുന്നുണ്ട്. അക്കഥകൾ സി.എ.ജി. അക്കമിട്ടു നിരത്തുന്നു.

282 റോഡുകളുടെ രേഖകൾ പരിശോധിച്ചു. അതിൽ രണ്ടു കോടിയിലേറെ ചെലവുള്ള 85 റോഡുകളാണ് ഉണ്ടായിരുന്നത്. കേന്ദ്രസർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാരപരിശോധനകൾ ഒന്നും തന്നെ ശരിയാംവിധം നടത്തിയിട്ടില്ല എന്നു വ്യക്തമായി. വലിയ അടങ്കൽതുകയ്ക്കുള്ള റോഡുകളുടെ നിർമ്മാണവേളയിൽ ഗുണനിലവാരപരിശോധനയ്ക്കുള്ള ഫീൽഡ് ലബോറട്ടറികൾ വേണമെന്നാണു ചട്ടം. അങ്ങനെയൊരു ഏർപ്പാടേ ഇല്ലത്രേ. ഫലമോ? കരാറുകാർക്കു തോന്നുംപടി നിർമ്മാണം നടത്തി കരാർത്തുക കൈപ്പറ്റാൻ അവസരം ലഭിച്ചു. അപ്രോച്ച് റോഡ് ഇല്ലാത്തതുമൂലം നിർമ്മാണം പൂർത്തിയായ മൂന്നു പാലങ്ങൾ ഉപയോഗശൂന്യമായതായും റിപ്പോർട്ടിലുണ്ട്. വൻതുക ചെലവഴിച്ചു പാലം നിർമ്മിച്ചതിനുശേഷം മാത്രം അതിലേക്കുള്ള റോഡിനെക്കുറിച്ചു ചിന്തിക്കുന്ന പ്ലാനിംഗ് മികവ് കേരളത്തിലേ കാണാൻ കിട്ടൂ!

സംസ്ഥാനത്തെ ജനങ്ങളുടെ പട്ടിണി ദൂരീകരിക്കുക, ന്യായവിലയ്ക്കു ഭക്ഷ്യധാന്യങ്ങൾ എല്ലായ്പോഴും ലഭ്യമാക്കുക, പൂഴ്ത്തിവയ്പു തടയുക എന്നീ മഹത്തായ ലക്ഷ്യങ്ങൾ മുൻനിർത്തി സ്ഥാപിതമായ സപ്ലൈകോയെക്കുറിച്ച് സി.എ.ജി. റിപ്പോർട്ടിൽ ഗുരുതരകണ്ടെത്തലുകളുണ്ട്. കുറഞ്ഞ വിലയ്ക്കു സാധനങ്ങൾ വാങ്ങുന്നതിൽ, ഗുണനിലവാരം ഉറപ്പാക്കുന്നതിൽ, കൃത്യസമയത്തു സംഭരിക്കുന്നതിൽ ഒക്കെത്തന്നെ സപ്ലൈകോ കഴിഞ്ഞ ഏതാനും മാസങ്ങളായി രൂക്ഷമായ ആരോപണങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പത്രമാധ്യമങ്ങൾ കുറെയേറെ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ തെളിവുസഹിതം പൊതുജനമധ്യത്തിൽ കൊണ്ടുവന്നിരുന്നു. അതൊക്കെ അക്ഷരംപ്രതി ശരിയാണ് എന്ന തീർപ്പുകല്പിക്കലാണ് സി.എ.ജി. നടത്തിക്കൊണ്ടിരിക്കുന്നത്. 2017 –18 സാമ്പത്തികവർഷത്തെ പർച്ചേസുകളാണു പരിശോധനയ്ക്കു വിധേയമാക്കിയത്. 1108 പർച്ചേസുകളിൽ കുറഞ്ഞ തുകയ്ക്കു ലേലം വിളിച്ചയാളെ ഒഴിവാക്കി മറ്റു വിതരണക്കാരിൽനിന്നു വളരെ ഉയർന്ന തുകയ്ക്ക് ഉത്പന്നങ്ങൾ വാങ്ങിയത്രേ. കോടിക്കണക്കിനു രൂപയുടെ അധികച്ചെലവാണ് അതുമൂലം ഉണ്ടായത്. അതിൽ നല്ലൊരു വിഹിതം കമ്മീഷനായി കൈമറിഞ്ഞിരിക്കും, തീർച്ച.

നഷ്ടക്കയത്തിൽ കിടന്നു കൈകാലിട്ടടിക്കുമ്പോഴും കെ.എസ്.ആർ.ടി.സി. പലർക്കും നല്ലൊരു കറവപ്പശുവാണ് എന്ന വസ്തുതയും സി.എ.ജി. വെളിവാക്കുന്നു. സ്വകാര്യനിക്ഷേപം കൂടി ഉപയോഗപ്പെടുത്താനുള്ള, നിർമ്മിച്ച്-പ്രവർത്തിപ്പിച്ച്-കൈമാറൽ (ബി.ഒ.ടി.) വ്യവസ്ഥയിലുള്ള പ്രൊജക്റ്റുകളിൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ അലംഭാവംമൂലം കോടികളുടെ നഷ്ടമാണത്രേ സ്ഥാപനത്തിനുണ്ടായത്. കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ പരിതാപാവസ്ഥയ്ക്കു പ്രധാന കാരണം മിസ്മാനേജുമെന്റുതന്നെയാണെന്ന് അരക്കിട്ടുറപ്പിക്കുന്നു ഈ കണ്ടെത്തൽ. സംസ്ഥാന സർക്കാരിനു കീഴിലെ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചും ആശങ്കാജനകമായ വിവരങ്ങളാണ് സി.എ.ജി. റിപ്പോർട്ടിലുള്ളത്. 118 പൊതുമേഖലാസ്ഥാപനങ്ങളിൽ ലാഭത്തിലുള്ളത് 45 എണ്ണം മാത്രം. 2018 മാർച്ചുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുപ്രകാരം അവയെല്ലാംകൂടി നേടിക്കൊടുത്ത ലാഭം 383.91 കോടി. 64 പൊതുമേഖലാസ്ഥാപനങ്ങൾ ചേർന്ന് വരുത്തിവച്ച നഷ്ടം 1973.42 കോടി. എട്ടു സ്ഥാപനങ്ങളുടെ കണക്കുകൾ അപൂർണ്ണം. ഒരെണ്ണമാകട്ടെ ലാഭമോ നഷ്ടമോ ഉണ്ടാക്കിയില്ല. സി.എ.ജി. റിപ്പോർട്ടിന്റെ ആധികാരികതയും വിശ്വാസ്യതയും ഉയർന്നതാണ്. പാർലമെന്റിലും സംസ്ഥാനനിയമസഭയിലും വയ്ക്കുന്ന ആ റിപ്പോർട്ട് വസ്തുനിഷ്ഠമെന്നു പുകൾപെറ്റതുമാണ്. അതുകൊണ്ടുതന്നെ അതിലെ കണ്ടെത്തലുകളെ ആധാരമാക്കി ഒരു കാര്യം ഉറപ്പിച്ചുപറയണം. ഭരണതലത്തിലും ഭരണനിർവ്വഹണതലത്തിലും കെടുകാര്യസ്ഥതയും സാമ്പത്തികലാഭേച്ഛയും കൊടികുത്തി വാഴുന്നു. ഖജനാവിലെ പണം ആരൊക്കെയോ സംഘടിതമായും അനധികൃതമായും മുതൽക്കൂട്ടുന്നു.

ഏഴുമാസം പിന്നിട്ടും ശമനമില്ലാതെ തുടരുന്ന കൊവിഡ് ഭീതിയിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടന ആടിയുലയുകയാണ്. ജി.എസ്.ടി. ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ സാരമായ കുറവ് ഉണ്ടായിരിക്കുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സാലറികട്ട് ആറു മാസംകൂടി തുടരാനുള്ള തീരുമാനം അതിന് അനുബന്ധമായി ഉള്ളതാണ്. സർക്കാർ സംവിധാനത്തിലെ പിഴവുകൾ അടിയന്തരമായി പരിഹരിച്ചാൽപോലും സാമ്പത്തികസുരക്ഷിതത്വം വീണ്ടെടുക്കാം എന്നിരിക്കേ, സാലറി കട്ട് ഉൾപ്പെടെയുള്ള ചെപ്പടിവിദ്യകൊണ്ട് എന്തു പ്രയോജനം എന്ന ചോദ്യത്തെ സി.എ.ജി. റിപ്പോർട്ട് കൂടുതൽ പ്രസക്തമാക്കുന്നു.

□



കാർഷികം

ജോഷി മുഞ്ഞനാട്ട്

ഒട്ടനവധി ഔഷധഗുണങ്ങളുടെ ഉറവിടമാണ് കരിംജീരകം. ആയുർവേദസിദ്ധ യുനാനി ഭിഷഗ്വരന്മാർ ഇന്നും കരിംജീരകംകൊണ്ട് അദ്ഭുതഫലദായകമായ ഔഷധപ്രയോഗങ്ങൾ നടത്തിവരുന്നു. ആയുർവേദത്തിലെ അനേകം ഔഷധപ്രയോഗങ്ങളിൽ - കരിംജീരകത്തിനുള്ള സ്ഥാനം അദ്വിതീയമാണ്., ശരീരത്തിന്റെ രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിൽ ഇവയ്ക്ക് പ്രത്യേകമായ ഒരു സ്ഥാനംതന്നെയുണ്ട്.

കറുത്തനിറത്തിൽ സുഗന്ധത്തോടുകൂടിയ കരിംജീരകം തനിച്ചും വറുത്തുപൊടിച്ചും ഉപയോഗിക്കാറുണ്ട്. വെള്ളത്തിൽ ചേർത്തു തിളപ്പിച്ചും തേനിൽ ചേർത്തും മറ്റും ഇവ ഉപയോഗിച്ചു വരുന്നു.

'എപിയേസി' (അംബെല്ലിഫെറെ) സസ്യകുടുംബത്തിൽപ്പെട്ട കരിംജീരകത്തിന്റെ ശാസ്ത്രനാമം കാരംകാർവി



## കരിംജീരകം
### ഔഷധങ്ങളുടെ ഉറവിടം

എന്നാണ്. ഔഷധാവശ്യങ്ങൾ കൂടാതെ പ്രധാനമായും പാചകാവശ്യങ്ങൾക്കായിട്ടാണ് കരിംജീരകം ഉപയോഗിക്കുന്നത്. കൂടാതെ റൊട്ടി, ബിസ്കറ്റ്, കേക്ക്, വെണ്ണ തുടങ്ങിയവയ്ക്ക് ആകർഷകമായ രുചിയും ഗന്ധവും പകരാനും കരിംജീരകം ഉപയോഗിക്കുന്നു. നല്ല രുചിയും ദഹനവും ഉണ്ടാക്കുവാൻ സഹായിക്കുന്നതാണ് കരിംജീരകം.

വയറുവേദനയ്ക്കും ദഹനക്കുറവിനും കരിംജീരകം ഫലപ്രദമാണ്. അധികമായി ഇവ ഉപയോഗിക്കുന്നതും അത്ര നല്ലതല്ല. ഗർഭിണികളും ഇത് ഉപയോഗിക്കരുത്.

തലവേദന, ജലദോഷം, ദഹനക്കുറവ്, വയറുവേദന, കൃമിശല്യം, ചുമ, കഫക്കെട്ട്, തേൾവിഷം, ചർമ്മരോഗങ്ങൾ തുടങ്ങി ഒട്ടനവധി രോഗങ്ങൾക്ക് ഇവ തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു. കരിംജീരകത്തിൽനിന്ന് കരിംജീരകതൈലം വേർതിരിച്ചെടുക്കാറുണ്ട്. ഔഷധനിർമ്മാണമേഖലയിൽ വൻതോതിൽ ഉപയോഗിച്ചുവരുന്നു.

ശരീരത്തിന്റെ രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിൽ ഇവയ്ക്ക് ഒരു പ്രത്യേകമായ സ്ഥാനംതന്നെയുണ്ട്.

ആയുർവ്വേദ ചികിത്സാരംഗത്തെതന്നെ പ്രസിദ്ധമായ ജീരകാരിഷ്ടം, പഞ്ചജീരകഗുഡം തുടങ്ങി അനേകം ഔഷധങ്ങളിൽ കരിംജീരകം പ്രധാനഘടകമാണ്. കരിംജീരകം പുകയ്ക്കുന്നത് മലിനവായുവിനെ ശുദ്ധീകരിക്കും. ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞ കരിംജീരകം നിസ്സാരക്കാരനല്ല എന്ന കാര്യം നാം ഓർക്കണം.






ഡോ. കുര്യാസ് കുമ്പളക്കുഴി



# മരിച്ചുപോയ ഉത്തരക്കടലാസുകളും ലാപ്ടോപ്പും

നമ്മുടെ നീതിപാലനസംവിധാനത്തെയും അഴിമതിവിരുദ്ധനിലപാടിനെയും പരിഹസിക്കുന്ന ഒരു വാർത്തയാണ് സെപ്റ്റംബർ 19 ന് ക്രൈംബ്രാഞ്ച് ആസ്ഥാനത്തുനിന്ന് കേരളത്തിനു ലഭിച്ചത്. കേരളസർവകലാശാലയിലെ കുപ്രസിദ്ധമായ അസിസ്റ്റന്റ് നിയമനത്തട്ടിപ്പുകേസ് എഴുതിത്തള്ളുകയാണത്രേ. കേസു മുന്നോട്ടു കൊണ്ടുപോകാൻ വേണ്ടത്ര തെളിവില്ലെന്നാണ് അവർ വിജിലൻസ് കോടതിയെ അറിയിച്ചിരിക്കുന്നത്.

കേസിന് ആസ്പദമായ സംഭവം നടക്കുന്നത് 2004 ലാണ്. സർവകലാശാലയിലെ 350 അസിസ്റ്റന്റ് ഗ്രേഡ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എഴുത്തുപരീക്ഷയുടെയും അഭിമുഖപരീക്ഷയുടെയും അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർത്ഥികളുടെ റാങ്കുനിർണ്ണയവും നിയമനവും എന്നാണറിയിച്ചിരുന്നത്.

45583 പേർ പരീക്ഷയെഴുതി. ഉത്തരക്കടലാസുകൾ മൂല്യനിർണയം ചെയ്തത് ആന്ധ്രാപ്രദേശിലെ ഒരു ഏജൻസിയായിരുന്നു. എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രാഥമികലിസ്റ്റ് തയ്യാറായി. ഇന്റർവ്യൂ നടക്കുന്നതിനുമുമ്പ് സംസ്ഥാനത്തു ഭരണമാറ്റമുണ്ടായി. യു.ഡി.എഫിന്റെ സിൻഡിക്കേറ്റു മാറി ഇടതുപക്ഷ സിൻഡിക്കേറ്റു വന്നു. സർവകലാശാലാ നിയമം അനുസരിച്ച് എല്ലാ നിയമനങ്ങളുടെയും അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്.

തുടർന്നു നടന്ന അഭിമുഖപരീക്ഷയിൽ നേരത്തേ തയ്യാറാക്കിവച്ചിരുന്ന റാങ്കുലിസ്റ്റ് അടിമുടി അട്ടിമറിക്കപ്പെട്ടു. ആകെ മാർക്ക് 100 ൽനിന്ന് 75 ആയി കുറയ്ക്കുകയും ഇന്റർവ്യൂ മാർക്ക് 20 ൽ നിന്ന് 25 ആയി ഉയർത്തുകയും ചെയ്തു. അന്തിമലിസ്റ്റിൽ ആദ്യ റാങ്കുകളിൽ കയറിപ്പറ്റിയവരിൽ ഭൂരിപക്ഷവും ഇടതുപക്ഷ സഹയാത്രികരായ ഉദ്യോഗാർത്ഥികൾ. സിൻഡിക്കേറ്റ് മെമ്പർമാരുടെയും പാർട്ടിനേതാക്കളുടെയും യൂണിയൻ നേതാക്കളുടെയും സ്വന്തക്കാരും ബന്ധുക്കളുമായിരുന്നത്രേ അവരിലധികവും. പരീക്ഷ എഴുതാത്തവരും ലിസ്റ്റിൽ ഇടംനേടി!

ആദ്യഘട്ടമായി 175 പേർക്കു നിയമനം നല്കി. അതോടെ പരാതികളായി, പ്രതിഷേധങ്ങളായി, കോടതിക്കേസുകളായി. പിന്നെ നടന്നതു തെളിവു നശിപ്പിക്കുന്ന നാടകമാണ്. പരീക്ഷാകേന്ദ്രങ്ങളിലെ ഹാജർ ലിസ്റ്റ് കാണാതായി. നാല്പത്തയ്യായിരത്തിലധികം വരുന്ന ഉത്തരക്കടലാസുകൾ ഒന്നൊഴിയാതെ അപ്രത്യക്ഷമായി! പരീക്ഷാവിവരങ്ങളും നിയമനവിവരങ്ങളും സൂക്ഷിച്ചിരുന്ന വൈസ്ചാൻസലറുടെ കമ്പ്യൂട്ടർ മോഷണം പോയെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തി! യുഡിഎഫ് നിയമിച്ച വൈസ് ചാൻസലറും പ്രോവൈസ് ചാൻസലറും അധികാരത്തിലിരിക്കുമ്പോഴായിരുന്നു ഈ നാടകങ്ങൾ.

കേസന്വേഷണം ഏറ്റെടുത്ത ക്രൈംബ്രാഞ്ച് 2014 നവംബറിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. മുൻ വൈസ് ചാൻസലർ, മുൻ പ്രൊവൈസ്ചാൻസലർ, നാലു സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ എന്നിവർ പ്രതികൾ. ഗൂഢാലോചന, വഞ്ചന, അഴിമതി, സ്വജനപക്ഷപാതം, വ്യാജരേഖാനിർമ്മാണം, വിശ്വാസവഞ്ചന, തെളിവു നശിപ്പിക്കൽ, റിക്കാർഡുകളിൽ തിരിമറി തുടങ്ങിയവയായിരുന്നു കുറ്റങ്ങൾ.

പല മുഖങ്ങളിലായിരുന്നു കേസുകളുടെ അന്വേഷണവും വിധികളും. വിജിലൻസിനോടൊപ്പം തന്നെ ലോകായുക്തയിലും പരാതി പോയി. എല്ലാവരെയും പിരിച്ചുവിടാനും ഉത്തരവാദികളായ ഉദ്യോഗസ്ഥരെയും സിൻഡിക്കേറ്റംഗങ്ങളെയും പ്രോസക്യൂട്ടു ചെയ്യാനും രണ്ടുതവണ ലോകായുക്തയുടെ വിധിയുണ്ടായി. അതിനെതിരേ ഹൈക്കോടതിയിൽനിന്നു സ്റ്റേ വാങ്ങി പ്രതികൾ തത്കാലം ആശ്വസിച്ചു.

2016 ൽ ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. നിയമനം ലഭിച്ചവരെ മുഴുവൻ പ്രതികളാക്കാനും നിയമിക്കപ്പെട്ടവരുടെ ശമ്പളക്കുടിശ്ശിക, പ്രമോഷൻ തുടങ്ങിയവ തടഞ്ഞുവയ്ക്കാനും കേസ് വീണ്ടും അന്വേഷിക്കാനുമായിരുന്നു ഉത്തരവ്.

ഈ വിധിക്കെതിരേ അപ്പീലുണ്ടാവുക സ്വാഭാവികം. തൊട്ടടുത്തവർഷം ഹൈക്കോടതിയിൽനിന്നുണ്ടായ വിധി നേരേ വിപരീതമായിരുന്നു. നിയമനങ്ങൾ അംഗീകരിച്ചു ശമ്പളവും പ്രമോഷനും കൊടുക്കാനായിരുന്നു പുതിയ ഉത്തരവ്. നിയമനത്തിൽ അപാകതയില്ല, നടപടി ക്രമങ്ങളിൽ മാത്രമേ വീഴ്ചയുള്ളൂ എന്നും ലോകായുക്തയുടെ വിധികളിൽ അപാകതയുണ്ട് എന്നുമായിരുന്നു ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ.

തുടർന്ന് വിജിലൻസ് കോടതി കുറ്റപത്രം റദ്ദു ചെയ്യുകയും പുനരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. 18 മാസത്തെ അന്വേഷണത്തിനുശേഷം ക്രൈംബ്രാഞ്ച് സമർപ്പിച്ച കുറ്റപത്രമാണു റദ്ദു ചെയ്യപ്പെട്ടത്. തുടർന്നു നടന്ന പുനരന്വേഷണമാണ് തെളിവുകൾ കണ്ടെത്താനാവാതെ കേസ് എഴുതിത്തള്ളുകയാണെന്ന പുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനം! 2014 ൽ കണ്ടെത്തിയ കുറ്റകൃത്യങ്ങളൊക്കെ ആറുവർഷംകൊണ്ട് സത്കൃത്യങ്ങളായി മാറി എന്നാണോ കരുതേണ്ടത്?

പ്രൈമറിസ്കൂൾ പഠനകാലത്തു പഠിച്ച ഒരു ഗുണപാഠകഥ ഓർമ്മയിലുണ്ട്. കഥയുടെ ശീർഷകം 'കുഞ്ഞിരാമന്റെ പൊടിക്കൈ'. കൊള്ളപ്പലിശയ്ക്കു പണം വായ്പ നല്കി പാവങ്ങളെ ചൂഷണം ചെയ്യുന്ന ഒരു പണവ്യാപാരിയെ പരിഹസിക്കുന്നതാണു കഥ. കുഞ്ഞിരാമൻ ഒരിക്കൽ അയാളുടെ കൈയിൽനിന്ന് ഒരു ഉരുളി വായ്പയായി വാങ്ങി. തിരികെക്കൊടുത്തപ്പോൾ രണ്ട് ഉരുളിയുണ്ടായിരുന്നു. കാരണം ചോദിച്ച വ്യാപാരിയോട് കുഞ്ഞിരാമന്റെ മറുപടി കടംവാങ്ങിയ ഉരുളി പ്രസവിച്ചുണ്ടായതാണു രണ്ടാമത്തെ ഉരുളി എന്നായിരുന്നു! വ്യാപാരിക്കു സന്തോഷമായി. അയാൾ ഉരുളി രണ്ടും വാങ്ങിവച്ചു.

പിന്നീടൊരിക്കൽ വീണ്ടും കുഞ്ഞിരാമൻ ഉരുളി വായ്പ വാങ്ങി. ഇത്തവണ സമയം കഴിഞ്ഞിട്ടും ഉരുളി തിരികെക്കൊടുത്തില്ല. കാരണം അന്വേഷിച്ചെത്തിയ വ്യാപാരിയോടു കുഞ്ഞിരാമൻ പറഞ്ഞു: 'ഉരുളി മരിച്ചുപോയി!'

മൂല്യനിർണയത്തിന് അയച്ച 45000 ത്തിലധികം ഉത്തരക്കടലാസുകൾ കാണാതെപോയ സംഭവത്തെക്കുറിച്ച് അന്വേഷണത്തിനെത്തിയ ഉദ്യോഗസ്ഥർക്കുമുമ്പിൽ സർവ്വകലാശാല രജിസ്ട്രാർ നല്കിയ മറുപടിയും ഇതായിരുന്നു: ഉത്തരക്കടലാസുകൾ മരിച്ചുപോയി!

ഡേറ്റാ മുഴുവൻ സൂക്ഷിച്ചിരുന്ന ലാപ്ടോപ് മോഷണം പോയി എന്ന സ്വന്തം പദവിയുടെ ഔന്നത്യത്തെക്കുറിച്ചു യാതൊരു ബോധ്യവുമില്ലാത്ത വൈസ്ചാൻസലർ നല്കിയ മറുപടിയും ഇതുതന്നെയല്ലേ – ലാപ്ടോപ് മരിച്ചുപോയി!

സർവ്വകലാശാലയിലെ ഏതൊരുദ്യോഗസ്ഥനും പകൽ വെളിച്ചത്തിൽ നെല്ലിക്കപോലെ പെറുക്കിയെടുക്കാൻ കഴിയുന്ന തെളിവുകൾ, കണ്ടെത്താൻ കഴിയുന്നില്ലെന്നു നിസ്സഹായരാകുന്ന ക്രൈംബ്രാഞ്ചും അന്വേഷണറിപ്പോർട്ട് തയ്യാറാക്കുന്നു – തെളിവുകൾ മരിച്ചുപോയി!

ജനാധിപത്യകേരളത്തിന്റെ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ നിയമനത്തട്ടിപ്പാണ് കേരളസർവ്വകലാശാലയിലെ വിവാദമായ അസിസ്റ്റന്റ് നിയമനം. അഴിമതിയും സ്വജനപക്ഷപാതവുമാണ് നിർലജ്ജമായി അവിടെ അരങ്ങേറിയത്. ആദ്യലിസ്റ്റ് തയ്യാറാക്കിയത് യു.ഡി.എഫ്. ആദ്യലിസ്റ്റ് അട്ടിമറിച്ചു രണ്ടാം ലിസ്റ്റുണ്ടാക്കിയത് എൽ.ഡി.എഫും. രണ്ടും ഒരേ തൂവൽപക്ഷികൾ!

ചെറിയൊരു വ്യത്യാസം കണ്ടേക്കാം. ആദ്യത്തേതിൽ പണത്തിന്റെ സ്വാധീനവും രണ്ടാമത്തേതിൽ സ്വജനപക്ഷപാതവും. കഴിഞ്ഞ നാലുപതിറ്റാണ്ടു കാലത്തെ അനുഭവജ്ഞാനം ഇത്തരമൊരു നിഗമനത്തിലേക്കാണ് എന്നെ നയിക്കുന്നത്.

ഒരു സംഭവം കുറിക്കട്ടെ: സ്ഥലം സഹകരണബാങ്കിൽ ഏതാനും ഒഴിവുകൾ, യുഡിഎഫിന്റെ ഘടകകക്ഷികളിലൊന്നിന്റെ നേതാവാണു പ്രസിഡന്റ്. പാർട്ടിക്കുള്ളിൽ വലിയ സ്വാധീനമുള്ള നേതാവ്. അതുകൊണ്ടുതന്നെ ആള് ആരെയും വകവയ്ക്കില്ല. പാർട്ടിക്കാരനായ പിതാവ് മകന്റെ ഉദ്യോഗക്കാര്യവുമായി നേതാവിന്റെ അടുത്തെത്തി. മറുപടി പച്ചക്കള്ളമായിരുന്നു – മെരിറ്റടിസ്ഥാനത്തിൽ മാത്രമാണു നിയമനം!

മകൻ എതിർപാർട്ടിയിൽപെട്ട ഒരു സുഹൃത്തിന്റെ സഹായം തേടി. അയാൾ പ്രസിഡണ്ടിനെ നേരിട്ടു കണ്ടു. എത്രയാണു തുകയെന്ന് അയാൾക്കറിയാമായിരുന്നു. ഇടതുകൈയറിയാതെ വലതുകൈ തുക കൈമാറി. ആൾക്കു നിയമനവും ലഭിച്ചു! ഇതു നമ്മുടെ നാട്ടിൽ സർവ്വസാധാരണമായ കഥകളിൽ ഒന്നുമാത്രം. ഇതിനെതിരേ പ്രബലപ്പെടാൻ ഒരു അഴിമതി നിരോധനനിയമത്തിനും നാളിതുവരെ കഴിഞ്ഞിട്ടില്ല.

ബാങ്കുഭരണം യുഡിഎഫിനു പകരം എൽഡിഎഫിന്റെ കൈയിലാണെങ്കിലോ? നിയമിക്കപ്പെടുന്നതു മുഴുവൻ പാർട്ടിക്കാരും പാർട്ടിനേതാക്കളുടെ ബന്ധുക്കളും മാത്രം. ഇതും സർവസാധാരണമായ കഥതന്നെ.

ലോകായുക്തയുടെ വിധിയനുസരിച്ചു പ്രതിസ്ഥാനത്തുള്ളവർക്കെതിരേ കേസെടുത്തു നിയമപ്രകാരം ചോദ്യം ചെയ്തിരുന്നെങ്കിൽ കാണാതെപോയ ഉത്തരക്കടലാസുകൾ ഒന്നൊഴിയാതെ കണ്ടുകിട്ടുമായിരുന്നില്ലേ? മോഷണം പോയ ലാപ്ടോപ് മോഷ്ടാവിന്റെ പോക്കറ്റിൽ നിന്നു പുറത്തുചാടുമായിരുന്നില്ലേ? തെളിവുകളോരോന്നും വ്യാകരണപ്പിശകുപോലുമില്ലാതെ രേഖപ്പെടുമായിരുന്നില്ലേ? മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. പക്ഷേ, മനസ്സുവയ്ക്കാൻ ആർക്കാണു ധൈര്യം?

എല്ലാ അന്വേഷണത്തിനും 'സിബിഐയെ വിളിക്കൂ' എന്നു നിലവിളിക്കുന്നവരൊന്നും എന്തേ ഇക്കാര്യത്തിൽ അത്തരമൊരാവശ്യം ഉന്നയിച്ചില്ല? അഞ്ചുവർഷക്കാലം യുഡിഎഫ് ഭരിച്ചിട്ടും എന്തേ നീതി നടത്തിക്കൊടുക്കാൻ അവർക്കും കഴിയാതെപോയി? തീക്കട്ടയിൽ തൊട്ടാൽ കൈ പൊള്ളുമെന്ന് അവർക്കും അറിയാമല്ലോ.

നമ്മുടെ ഭരണഘടനയിലെ ആമുഖം, ജനങ്ങൾക്കു നല്കുന്ന ഉറപ്പുകളിലൊന്ന് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയാണ്. പക്ഷേ, തടംകെട്ടിക്കിടക്കുന്ന അഴുക്കുവെള്ളത്തിൽ മുങ്ങിമരിക്കാനാണ് ഇന്നു നീതിയുടെ വിധി!

■

# അതിജീവനത്തിന്റെ സുവിശേഷങ്ങൾ



വിജയകുമാരി ചാക്കോ

രണ്ടു പ്രളയങ്ങളവശേഷിപ്പിച്ച മുറിപ്പാടുകൾ ഹൃദയത്തിൽ പേറിക്കൊണ്ട്, അതിജീവനത്തിന്റെ പാതയിൽ മലയാളി മുന്നേറിക്കൊണ്ടിരിക്കുമ്പോഴാണ് കൊവിഡെന്ന മഹാമാരി ലോകം മുഴുവൻ കരിനിഴൽ പരത്തിയിരിക്കുന്നത്. 'ഭയമല്ല, ജാഗ്രതയാണു വേണ്ട'തെന്ന പല്ലവി ശിരസ്സാവഹിച്ച് മുന്നോട്ടു നടക്കുമ്പോൾ, മനസ്സു തളരാതിരിക്കാൻ അതിജീവനത്തിനായുള്ള പോരാട്ടത്തിൽ മുന്നണിപ്പോരാളിയായി നില്ക്കുന്ന ഒരു വ്യക്തിത്വത്തെക്കുറിച്ച് അടുത്തറിയുന്നതു നല്ലതുതന്നെ.

വലിയ കാര്യങ്ങൾ ചെയ്യാൻ പറ്റില്ലായെങ്കിൽ ചെറിയ കാര്യങ്ങൾ വലുതായി ചെയ്തുകൂടേ എന്നു സ്വയം ചോദിച്ച വ്യക്തിയാണ് ഫാഷൻ ഡിസൈനറും സാമൂഹികപ്രവർത്തകയുമായ ലക്ഷ്മി മേനോൻ. സാൻഫ്രാൻസിസ്കോ ആർട്ട് ഗ്യാലറിയിലെ ജോലി ഉപേക്ഷിച്ച്, നാടിനോടുള്ള പ്രതിബദ്ധതയിൽ തിരിച്ചെത്തിയ, ഈ വനിതയുടെ, ലോകം അംഗീകരിച്ച ചില ആശയങ്ങളും പ്രവർത്തനങ്ങളും നമുക്ക് ഉൾക്കാഴ്ച നൽകാതിരിക്കില്ല.

ഹിമയുഗം, ശിലായുഗം, ലോഹയുഗം കഴിഞ്ഞ് മനുഷ്യരാശി പുരോഗതി പ്രാപിച്ചത് മാലിന്യയുഗത്തിലേക്കാണല്ലോ എന്ന് തമാശകലർന്ന ഗൗരവത്തോടെ ചിന്തിച്ച ലക്ഷ്മി എന്ന പ്രതിഭാശാലി ഈ മാലിന്യക്കൂമ്പാരത്തിൽനിന്നു നമ്മുടെ നാടിനെ രക്ഷിക്കാൻ മുന്നോട്ടുവച്ച ഉത്പന്നമാണ് 'പെൻ വിത്ത് ലൗ.' വെയിസ്റ്റ് അല്ലെങ്കിൽ 'ആക്രി' എന്നു കരുതുന്നവയൊക്കെ പുനരുപയോഗം ചെയ്യാമെന്ന ബോധ്യത്തോടെ, ഈ പ്രശ്നത്തിന് ഇടക്കാലാശ്വാസംപോലെയാണ് ഈ പേന അവതരിപ്പിച്ചത്. പ്രസ്സുകളിൽനിന്നു പുറന്തള്ളുന്ന പേപ്പറുകൾ ശേഖരിച്ച് 'റിഫിൽ' ഉൾക്കൊള്ളത്തക്കവിധം ഉരുട്ടിപ്പൊതിഞ്ഞെടുത്ത് പേനയുടെ അറ്റത്തെ ഇത്തിരി ഇടത്തിൽ 'അഗസ്ത്യമരവിത്തും' അടക്കം ചെയ്ത പേനയാണ് പെൻ വിത്ത് ലൗവ്. ഒരു ഔഷധവൃക്ഷമായ അഗസ്ത്യമരം ഓക്സിജൻ കലവറയാണ് എന്നു മാത്രമല്ല ഇതിന്റെ ഫലത്തിന് നല്ല മൂല്യവുമുണ്ട്. ഈ സംരംഭത്തിന്റെ മഹത്ത്വം മനസ്സിലാക്കി ഈ പേന വിപണിയിലവതരിപ്പിച്ചത് മെഗാസ്റ്റാർ മമ്മൂട്ടിയാണ്, തികച്ചും സൗജന്യമായി.

പിന്നീട് ലക്ഷ്മിയുടെ ചിന്തകൾക്കു ചിറകുനൽകിയത് അവരുടെ അമ്മൂമ്മയായിരുന്നു. വാർദ്ധക്യസഹജമായ അസ്വസ്ഥതകൾകൊണ്ട് ക്ലേശിച്ചിരുന്ന ആ അമ്മൂമ്മയ്ക്ക് കൃത്യമായി ചെയ്യാൻ പറ്റുന്ന ഒരു പ്രവൃത്തി 'വിളക്കുതിരി'യുണ്ടാക്കുക എന്നതായിരുന്നു. രണ്ടു കൈകൾകൊണ്ട് ലളിതമായി നിർവ്വഹിക്കാവുന്ന കർമ്മം. അമ്മൂമ്മയെ കൂടുതൽ വിളക്കുതിരികൾ നിർമ്മിക്കാനേല്പിച്ചപ്പോൾ അതവരെ മാനസികസന്തോഷത്തിലേക്കു നയിക്കുന്നുവെന്നു മനസ്സിലാക്കിയ ലക്ഷ്മി, ഈ തിരിനിർമ്മാണത്തെ അടുത്ത വീടുകളിലെയും വൃദ്ധസദനത്തിലെയും അമ്മമാരെയും അമ്മൂമ്മമാരെയും പരിചയപ്പെടുത്തി. തങ്ങൾക്കൊരു വരുമാനമാകുന്ന, ശാരീരിക മാനസികസമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ അവരെ സഹായിക്കുന്ന ഈ സംരംഭത്തെ അമ്മമാരും അമ്മൂമ്മമാരും, അരയ്ക്കുതാഴോട്ട് ചലനശേഷിയില്ലാതെ വീൽചെയറിലായിരിക്കുന്ന വ്യക്തികളും ഏറ്റെടുത്തു. കൗതുകകരമായ ബ്രാൻഡ്നെയിമാണ് അമ്മൂമ്മത്തിരിയുടേത്.



ലക്ഷ്മി മേനോൻ

ചുമ്മാതിരിക്കാതെ,<br>
'ചുമ്മാ' 'തിരിച്ച'<br>
അമ്മൂമ്മത്തിരി.

'പെൻ വിത്ത് ലൗ' സമുദ്രങ്ങൾ കടന്ന് ഗൂഗിൾ ഹെഡ്ക്വാർട്ടേഴ്സിൽ വരെ എത്തിയെങ്കിൽ അമ്മൂമ്മത്തിരിയുടെ ഖ്യാതി ലക്ഷ്മിയെ ബിബിസിയുടെ സാമൂഹികമാറ്റത്തിനു കാരണമായ 60 വ്യക്തികളുടെ പട്ടികയിലെ മുൻനിരക്കാരിയാക്കി മാറ്റി. രാജ്യതലസ്ഥാനത്തു നടന്ന പരിപാടിയിൽ അമ്മൂമ്മത്തിരിയെ സദസ്സിലവതരിപ്പിച്ചത് സാക്ഷാൽ അമിതാഭ്ബച്ചനായിരുന്നു... അമ്മൂമ്മത്തിരിയുടെ ബ്രാൻഡ് അംബാസിഡറോ, പദ്മശ്രീ മോഹൻലാൽ, തികച്ചും സൗജന്യമായിത്തന്നെ.

ഏറ്റവും അതിശയിപ്പിക്കുന്നത് വരാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട ചേന്ദമംഗലത്തെ നെയ്ത്തുതൊഴിലാളികളുടെ ജീവിതവര മാറ്റി വരയ്ക്കാൻ കാരണമായ ചേക്കുട്ടിപ്പാവകളുടെ പിറവിയായിരുന്നു അത്. 2018 ലെ പ്രളയം ചേറുവാരിയെറിഞ്ഞ, ഓണവിപണിയെ ലക്ഷ്യമാക്കി നെയ്തെടുത്ത 21 ലക്ഷം രൂപയുടെ കൈത്തറിവസ്ത്രങ്ങളുടെ പുനർവിനിയോഗത്തിലേക്കു നയിച്ച അദ്ഭുതസൃഷ്ടിയായിരുന്ന ചേക്കുട്ടിപ്പാവകൾ. ചേക്കുട്ടി – ചേറിനെ അതിജീവിച്ച കുട്ടി അഥവാ ചേന്ദമംഗലത്തെ കുട്ടി എന്നാണ് ലക്ഷ്മിമേനോനും സുഹൃത്തും സഹപ്രവർത്തകനുമായ ഗോപിനാഥ് പാറയിലും നൽകിയ നിർവചനം.

ഒരാഴ്ചക്കാലം ഇറങ്ങാതെ നിന്ന വെള്ളം ചേന്ദമംഗലത്തെയും പരിസരപ്രദേശങ്ങളിലെയും തറികളെയും ഉത്പന്നങ്ങളെയും നശിപ്പിച്ചു. കത്തിച്ചുകളയാനൊരുങ്ങിയ ആ തുണികൾ ക്ലോറിനേറ്റ് ചെയ്തെടുത്ത് ലക്ഷ്മിയും കൂട്ടരും ചെറുപാവകളാക്കി മാറ്റിയെടുത്തപ്പോൾ പ്രളയത്തിന്റെ മുറിപ്പാടുകൾ ഹൃദയത്തിലേറ്റിയ മലയാളി അവയെ കൈനീട്ടി സ്വീകരിച്ചു. 1200 രൂപയുടെ സാരിയിൽനിന്ന് ഏകദേശം 360 ചേക്കുട്ടികളെ മെനഞ്ഞെടുത്തു. ഓരോന്നും 25 രൂപയ്ക്കു വിറ്റു. വിദ്യാഭ്യാസസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും ഈ നിർമ്മാണം ഏറ്റെടുത്തു. 9 രാജ്യങ്ങളിൽനിന്ന് 50,000 സന്നദ്ധപ്രവർത്തകർ ചേക്കുട്ടിയെ മെനഞ്ഞെടുത്തു. ലാഭം മുഴുവൻ നെയ്ത്തുകാരുടെ സൊസൈറ്റിയിലേക്കു നൽകി. ആദ്യഘട്ടത്തിൽത്തന്നെ 12 ലക്ഷം രൂപ സമാഹരിക്കാനായി. അങ്ങനെ മലയാളികളുടെ അതിജീവനത്തിന്റെ അടയാളമായും അലങ്കാരമായും അഹങ്കാരമായും ചേക്കുട്ടി മാറി. ജനീവയിലെ യു.എൻ. റീകൺസ്ട്രക്ഷൻ കോൺഫെറൻസിൽ പ്രതിനിധികളെ ചേക്കുട്ടി നൽകിയാണ് സ്വീകരിച്ചത്.

കൊവിഡ്കാലത്തും ലക്ഷ്മിയുടെ മാന്ത്രികവിരലുകൾ മെനഞ്ഞത് അതിനൂതനമായ 'വെയിസ്റ്റ് മാനേജ്മെന്റ്' തന്ത്രംതന്നെയാണ്. ഗൗണും പി.പി.ഇ.കിറ്റുകളും നിർമ്മിച്ചതിനുശേഷം പുറന്തള്ളുന്ന ഉപയോഗശൂന്യമെന്നു കരുതിയ ഭാഗങ്ങളുപയോഗിച്ച് കൊവിഡ് സെന്ററുകളിലുപയോഗിക്കാവുന്ന മെത്തകൾ നിർമ്മിച്ചു. – പേര് 'ശയ്യ' വസ്ത്രാവശിഷ്ടങ്ങൾ പിന്നിയെടുത്തു മെത്തയാക്കുന്ന ഈ പരിപാടിക്ക് തയ്യലോ പ്രത്യേക തൊഴിൽപ്രാവീണ്യമോ ആവശ്യമില്ല. അത് തൊഴിലവസരമായി, അനേകർക്കു സഹായകമായി മുന്നോട്ടു നീങ്ങുന്നു. കുഞ്ഞുസഹായങ്ങളുമായി മുന്നോട്ടുവരാൻ 'കോ'വീടെന്ന കുഞ്ഞൻ വീടും ചോറ്റുപാത്രങ്ങളും ബാഗുകളും കുടകളുമൊക്കെ 5 വർഷം ഉപയോഗിക്കാനുള്ള കുട്ടികൾക്കായുള്ള ഗ്രേറ്റാചലഞ്ചും (പരിസ്ഥിതി പ്രവർത്തകയായ സ്കൂൾകുട്ടിയാണ് ഗ്രേറ്റാ തൻബർഗ്) ലക്ഷ്മിയുടെ ആശയങ്ങൾതന്നെ.

ചേരിയിലെ വീടുകളിൽ വാട്ടർബൾബ്, പ്രളയകാലത്ത് നമ്മെ സഹായിച്ച മത്സ്യത്തൊഴിലാളികൾക്കുള്ള നന്ദിസൂചകമായി അവർക്കായി ഇൻഷുറൻസ് തുടങ്ങി ലക്ഷ്മിയുടെ പരസഹായത്തിന്റെ ആവനാഴിയിലെ അമ്പുകൾ അവസാനിക്കുന്നില്ല... ■

# നഷ്ടപ്രണയത്തിന്റെ നടവഴികൾ

പ്രണയപാഠാവലി 55



ഡോ. ആന്റണി ജോസ്

അഞ്ചു കൂട്ടുകളും സമന്വയിച്ച പ്രണയം സ്ത്രീക്കും പുരുഷനും ഒരേപോലെ അവകാശപ്പെട്ടതാണ്. ആർക്കായാലും അതു നിഷേധിക്കപ്പെടുക കടുത്ത അനീതിയാകുന്നു. എന്നാൽ, ഈ അവകാശബോധം ഇരുകൂട്ടരിലും വ്യത്യസ്തമാനങ്ങളിലായിരിക്കും വ്യാപരിക്കുക.

പുരുഷന്റെ പ്രണയത്തിൽ 'അഹ'ത്തിന്റെ കലർപ്പ് കടന്നുവരാം. അതുകൊണ്ട് പ്രണയിക്കണമെന്നുണ്ടെങ്കിലും അഭ്യർത്ഥിച്ച് കരസ്ഥമാക്കാനുള്ള സൗമനസ്യം അയാൾ പലപ്പോഴും കാണിക്കാറില്ല. നൽകുന്ന കാര്യത്തിലുമുണ്ട് പ്രതിസന്ധി. അംഗീകരിക്കുക, സമീപത്തായിരിക്കുക – ഇതൊക്കെ അഹത്തെ ഭയപ്പാടിൽ കൊണ്ടെത്തിക്കാം. ചെറുതായിപ്പോയേക്കുമോ എന്ന ആശങ്ക! അതിനാൽ പ്രണയാവകാശം കൊട്ടിഘോഷിക്കപ്പെടേണ്ട ഒന്നായി അവൻ അധികമൊന്നും ഭാവിച്ചു കാണുന്നില്ല.



അവൾക്കു പ്രണയം മൗലികാവകാശമാണ്. അക്കാര്യത്തിൽ വിട്ടുവീഴ്ചകളൊന്നുമില്ല. ഒളിച്ചുവയ്ക്കേണ്ട ഒന്നായി അവൾ അതിനെ കാണുന്നുമില്ല. പങ്കാളിയിൽനിന്നുള്ള പ്രണയത്തിന് കുറവനുഭവപ്പെടുന്ന പക്ഷം, അവൾ അസ്വസ്ഥയായിത്തുടങ്ങുന്നു. അതവളെ അസ്ഥിരപ്പെടുത്തുകയും ചെയ്യും. പ്രണയം നിഷേധിക്കുന്നവൻ, മനുഷ്യാവകാശലംഘനംതന്നെയല്ലേ നടത്തുന്നത്? കാരണം, പ്രണയത്തിന്റെ കാര്യത്തിൽ അവൾക്ക് ഒത്തുതീർപ്പുകൾ സാധിക്കില്ല. ശാരീരികമാനസികതലങ്ങളിൽ മാത്രമല്ല, സാമൂഹികമമണ്ഡലത്തിൽപ്പോലും, പ്രണയം അവളുടെ വ്യക്തിത്വത്തിനു നാരായവേരുകൾ തീർക്കുന്നു.

ഒരുദിവസം മുഴുവൻ പിണങ്ങി മിണ്ടാതിരിക്കുന്ന ഭർത്താവ് അവളെ ശിക്ഷിക്കുകയല്ല; ഇല്ലായ്മ ചെയ്യുകയാണ്! പ്രണയത്തിന്റെ നഷ്ടബോധം ഒരു കാലത്തും അവളെ വിട്ടൊഴിയില്ല. അതുണ്ടാക്കുന്ന ആഘാതം, പുരുഷനെക്കാളും അവൾക്ക് അനുഭവവേദ്യമാകാറുണ്ട്.

കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങളുടെ ഒരു ലിസ്റ്റുണ്ടാക്കിയാൽ, സ്ത്രീയെ സംബന്ധിച്ചിടത്തോളം ഒന്നാം നിരയിൽ കാണുക 'പ്രണയനഷ്ടബോധ'മാകാൻ വഴിയുണ്ട്. പുരുഷന്റെ പ്രണയബോധം ഒരു അഡ്ജസ്റ്റ്മെന്റിനൊക്കെ വഴങ്ങിയെന്നിരിക്കും. പല കപടസാഹസങ്ങളും അവൻ കാണിക്കും. ജല്പനങ്ങൾ കുടം തുറന്നു വിടാം.

"നീ നിന്റെ പണിനോക്കടീ..."

സമ്പൂർണ്ണനിരാകരണത്തിന് ഒരു മനസ്സാക്ഷിക്കുത്തുമില്ലെന്നാണല്ലോ ഇത്തരം ആക്രോശങ്ങൾ നല്കുന്ന സൂചന. ദാമ്പത്യം അയാളുടെ പ്രാതിനിധ്യപട്ടികയിൽ ഇല്ലാതിരുന്നിട്ടൊന്നുമല്ല. പക്ഷേ, അഹം പണയപ്പെടുത്തി ഒരു പ്രണയം. അതു വേണോ?

നഷ്ടബോധം കടന്നു കയറാത്തവിധം ശൂന്യതകൾ കുത്തിനിറയ്ക്കുവാൻ അവനു പലതുമുണ്ട്. തൊഴിൽ, സംഘടനാപ്രവർത്തനം, സൗഹൃദങ്ങൾ, വിനോദങ്ങൾ, ലഹരി, എന്തിന് ഏതു പാതിരായ്ക്കും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം – ഒക്കെ.

ജീവിതം പാഴായിപ്പോയി എന്നറിയുന്ന സ്ത്രീ, മൂന്നിടത്തു ചേക്കേറാം. ഒന്ന് വിഷാദലോകത്തിൽ. അവിടെ പ്രതീക്ഷകളില്ല. നിരാശയുടെ പുകവളയങ്ങൾ മാത്രം.

വിട്ടുവീഴ്ചകളോടും സഹിഷ്ണുതയോടും ബൈ പറഞ്ഞ്, ജീവിതം ഒരു നിമിഷംപോലും വേസ്റ്റാകാതിരിക്കാൻ ശ്രദ്ധിക്കുന്നവരാണ് രണ്ടാമത്തെ കൂട്ടർ. ജാഗ്രതയും പോരാട്ടവീര്യവും അവരെ നയിക്കുന്നു. ക്ഷമിച്ചാലും മറക്കാത്ത മനഃസ്ഥിതി അവർ നേടുന്നു. വിവാഹമോചനങ്ങൾ ഈ കാറ്റഗറിയിൽ നിത്യേനയെന്നോണം സംഭവിക്കുന്നു.

ഇനിയുള്ളവർ എല്ലാം സഹിക്കുന്നു.... ആരെയൊക്കെയോ പ്രതി... എന്തിനെയൊക്കെയോ പ്രതി....

എത്ര വലുതുമായിക്കൊള്ളട്ടെ ഭിന്നതകൾ ദാമ്പത്യത്തിന്റെ ചുറ്റുമതിലുകൾക്കുള്ളിൽ ചർച്ച ചെയ്യപ്പെടണം; വിചാരണ ചെയ്യപ്പെടണം. കാരുണ്യമായിരിക്കണം വിധിയാളൻ. അതൊരിക്കലും പ്രണയത്തിന്റെ ഗോപുരവാതിൽ കടന്ന് പുറംലോകത്തെത്താതിരിക്കട്ടെ. ■






01 വൗ വിമൺ ഓൺ റൈറ്റിംഗ് (Wow Women on Writing)
02 സ്ട്രോങ് വിസ്പേഴ്സ് (Strong Whispers)
03 ലിങ്കബിൾ (Link-Able)
04 ക്രാക്ക്.കോം (Cracked.com)
05 വാട്ട് കൾച്ചർ (What Culture)
06 ഡവലപ്പർ ട്യൂട്ടോറിയൽസ് (Developer Tutorials)

# എഴുത്തിലൂടെ സമ്പാദിക്കാം

**സർഗാത്മകകഴിവുകൾ ഉപയോഗിച്ചു തൊഴിൽ നേടാൻ താത്പര്യമുണ്ടെങ്കിലും പലർക്കും അത് സാക്ഷാത്കരിക്കുവാനുള്ള സാഹചര്യം ലഭിക്കുന്നില്ല. അച്ചടിമാധ്യമരംഗത്ത് എഴുതിത്തെളിഞ്ഞുവരാൻ ഒരുപാടു കാലവും പക്വതയും ആവശ്യം വരുന്നതുകൊണ്ടാണിത്. എന്നാൽ, കമ്പ്യൂട്ടർയുഗത്തിൽ എന്തിന് അച്ചടിമാധ്യമങ്ങളെ മാത്രം ആശ്രയിക്കുന്നു? പൊതുജനങ്ങളിലേക്ക് നിങ്ങളുടെ ശബ്ദം ഇറങ്ങിച്ചെല്ലാൻ മറ്റനേകം മാധ്യമങ്ങളുണ്ടല്ലോ. ഇത്തരത്തിൽ ചിന്തിക്കുന്നവർക്ക് ഓൺലൈൻ എഴുത്തിലേക്ക് സംശയലേശമെന്യേ തിരിയാവുന്നതാണ്. എന്നാൽ, ഇവിടെയും അവസരങ്ങൾ കണ്ടെത്തുക അത്ര എളുപ്പമല്ല. ഫേസ്ബുക്കിലും ട്വിറ്ററിലും എഴുതി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സങ്കീർണതകൾ ഇല്ലെങ്കിലും സ്വീകാര്യത പലപ്പോഴും നിലവാരത്തിനനുസരിച്ചു ലഭിക്കണമെന്നില്ല. മാത്രമല്ല, പേരിനോടൊപ്പം എഴുത്തിലൂടെ വരുമാനവും നേടണം എന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ഓൺലൈൻ അവസരങ്ങളുണ്ടെന്ന് പലർക്കും അറിവില്ല. ഓരോ വാക്കിനും നിരക്കു നിശ്ചയിച്ചു പ്രവർത്തിക്കുന്ന സൈറ്റുകൾവരെയുള്ള 'ഇ–ലോകം' ഒന്നു പരിചയപ്പെടാം.**



അപർണ എം.

## 01 വൗ വിമൺ ഓൺ റൈറ്റിംഗ് (Wow Women on Writing)



പ്രസിദ്ധീകരണത്തിലും എഴുത്തിലും താത്പര്യമുള്ള സ്ത്രീകൾക്ക് പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന വെബ്സൈറ്റാണിത്. സ്ത്രീകളുടെ എഴുത്തിനെ നന്നായി പ്രോത്സാഹിപ്പിക്കുന്ന, അവസരങ്ങൾ പരിചയപ്പെടുത്തുന്ന, സർഗാത്മക സ്ത്രീഎഴുത്തുകാർക്ക് ഉപയോഗിക്കാവുന്ന വെബ്സൈറ്റാണിത്. എഴുതുന്നതു സ്ത്രീകളാണെങ്കിലും വിവിധ രാജ്യങ്ങളിലും ഭാഷകളിലുമുള്ള അനേകം ആസ്വാദകരുടെ വൃന്ദവും ഈ വെബ്സൈറ്റ് നൽകുന്നുണ്ട്.

ലേഖനത്തിന്റെ വലുപ്പവും വാക്കുകളുടെ എണ്ണവുമനുസരിച്ച് ഓരോ ലേഖനത്തിന്റെയും തുക നിശ്ചയിക്കപ്പെടും. വായനക്കാർക്കു ഗുണപ്രദമാകുംവിധം എഴുതുവാൻ പ്രത്യേകം ശ്രദ്ധിക്കുക. പ്രധാനമായും ഈ വെബ്സൈറ്റിൽ പ്രത്യക്ഷപ്പെടുന്നവ സ്ത്രീകളായ എഴുത്തുകാരെക്കുറിച്ചുള്ള ലേഖനങ്ങളും, സ്ത്രീകളുടെ കൃതികളുമാണ്. കൂടാതെ ഓരോ മാസവും ആനുകാലികപ്രസക്തിയുള്ള വിഷയങ്ങളും ഉണ്ടാകും.

ഈ വെബ്സൈറ്റിലേക്ക് ലേഖനങ്ങൾ അയയ്ക്കുമ്പോൾ 'അറ്റാച്ച്മെന്റ്' ഫയലുകൾ അയയ്ക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. അവർ അറ്റാച്ച്മെന്റുകൾ 'ഓപ്പൺ' ചെയ്യുകയോ വായിക്കുകയോ ഇല്ല. പ്രധാനമായും സുരക്ഷാകാരണങ്ങളാലാണിത്. ഇ-മെയിലിൽ പ്രസ്തുത ലേഖനം സാധാരണ 'ടെക്സ്റ്റ്' ആയി ടൈപ്പ് ചെയ്ത് അയച്ചാൽ മതിയാകും. അതോടൊപ്പം ബയോഡേറ്റയും, എവിടെയെങ്കിലും പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിന്റെ ലിങ്കും അയയ്ക്കുന്നതും നിങ്ങളുടെ ലേഖനം തിരഞ്ഞെടുക്കാനുള്ള സാധ്യത കൂട്ടും.

## 02 സ്ട്രോങ് വിസ്പേഴ്സ് (Strong Whispers)

ലൈഫ്സ്റ്റൈൽ, പരിസ്ഥിതി, മറ്റു സാമൂഹിക പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്ന ലേഖനങ്ങളാണ് ഈ സൈറ്റിൽ പ്രസിദ്ധീകരിക്കുക. ചക്രവാളം വളരെ വിശാലമായതിനാൽ നിങ്ങളുടെ സർഗ്ഗാത്മകതയ്ക്ക് ഒരിക്കലും പരിധി നിശ്ചയിക്കപ്പെടുന്നില്ല.

മൾട്ടിനാഷണൽ കമ്പനികളുയർത്തുന്ന പ്രശ്നങ്ങൾമുതൽ വിദ്യാഭ്യാസത്തിലുണ്ടായിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾവരെ എന്തിനും ഇവിടം ചർച്ചാവേദിയാകുന്നു. വ്യത്യസ്തമാണ് ഓരോ ലേഖനത്തിനും ലഭിക്കുന്ന നിരക്കുകൾ.

സ്ട്രോങ് വിസ്പേഴ്സിലേക്ക് ആർട്ടിക്കിൾ അയയ്ക്കുമ്പോൾ വായിച്ചു തിരുത്തുകൾ വരുത്തി, ഏറ്റവും മികച്ച രീതിയിൽത്തന്നെ അയയ്ക്കുക. അതോടൊപ്പം നിങ്ങൾ പ്രസ്തുത ലേഖനത്തിനു പ്രതീക്ഷിക്കുന്ന തുകയും വ്യക്തമാക്കിയിരിക്കണം. ശക്തവും പ്രസക്തവുമായ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മറുപടിയായി അവർ നിങ്ങളുടെ ഇപ്പോഴത്തെ ബ്ലോഗിന്റെ URL അല്ലെങ്കിൽ പ്രസിദ്ധീകരിക്കപ്പെട്ട ഏതെങ്കിലും എഴുത്തിന്റെ ലിങ്ക് ആവശ്യപ്പെടാം. നിങ്ങൾ അയച്ച സാമ്പിൾ അവരുടെ റിവ്യൂനിബന്ധനകൾക്കു യോജിക്കുന്നതാണെങ്കിൽ അവർ അത് അറിയിക്കുന്നതാണ്.

## 03 ലിങ്കബിൾ (Link-Able)

ഉയർന്ന നിലവാരമുള്ള എഴുത്തുകാർക്ക് തിളങ്ങാനുള്ള അവസരമാണ് ഈ വെബ്സൈറ്റ്. ജേ ഡൗഗ്ലസ് എന്ന വ്യക്തിയാണ് ഇതിന്റെ ഉപജ്ഞാതാവ്.
ഈ സൈറ്റ് സാധാരണമായി ഇംഗ്ലീഷ് മാതൃഭാഷയായുള്ള എഴുത്തുകാരുടെ കൃതികൾ മാത്രമാണു സ്വീകരിക്കാറുള്ളതെങ്കിലും ഇംഗ്ലീഷിൽ എഴുതിപ്രാവീണ്യവും മികച്ച പശ്ചാത്തലവും ഉള്ള എഴുത്തുകാരുടെയും കൃതികൾ സ്വീകരിക്കാറുണ്ട്. ഉപയോഗിക്കുവാൻ സുതാര്യവും എളുപ്പവുമായ പ്ലാറ്റ്ഫോമാണ് ഈ വെബ്സൈറ്റ് ഒരുക്കുന്നത്.

ഒരു ഓതർ അക്കൗണ്ട് ഒരുക്കുകയാണ് ആദ്യപടി. അപ്പോൾ നിങ്ങളുടെ താത്പര്യമുള്ള മേഖല തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ ലഭിക്കും. ഈ ഘട്ടത്തിൽ ഒരുപാടു വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനുപകരം നിങ്ങൾക്കു മതിയായ വൈദഗ്ധ്യമുള്ള വിഷയം മാത്രം തിരഞ്ഞെടുക്കുന്നതാകും ഉചിതം. മറ്റു ലേഖനങ്ങളുമായി സാമ്യമില്ലെന്നും വ്യാകരണപ്പിഴവുകളില്ലെന്നും ഉറപ്പുവരുത്തുക.

## 04 ക്രാക്ക്.കോം (Cracked.com)



സീരിയസല്ലാത്ത, തമാശ നിറഞ്ഞ വിഷയങ്ങൾ ഭംഗിയായി എഴുതി അവതരിപ്പിക്കാൻ കഴിവുള്ള വ്യക്തിയാണോ? എങ്കിൽ ക്രാക്ക്. കോമിൽ അവസരമുണ്ട്. മുൻപരിചയം ഏതും ആവശ്യമില്ല എന്നതാണ് പ്രധാന പ്രത്യേകത. ഉള്ളടക്കം നിലവാരമുള്ളതാണെങ്കിൽ ബ്ലോഗിംഗ് വഴി പണം നേടാൻ വളരെ മികച്ച ഒരു മാർഗ്ഗമാണിത്. എഡിറ്റർമാരുമായി നേരിട്ടു സംസാരിക്കുവാനുള്ള അവസരവുമുണ്ട്. അവർ മുന്നോട്ടുവയ്ക്കുന്ന വിഷയങ്ങളിൽ ലേഖനങ്ങൾ മാത്രമല്ല, ഫോട്ടോഷോപ്പുകൾ, ഇൻഫോഗ്രാഫിക്സ്, വീഡിയോകൾ എന്നിവയും ഉൾപ്പെടും. നിങ്ങൾക്ക് ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാവുന്നതാണ്.

ഇതിനായി ആദ്യം സൈറ്റിൽ രജിസ്റ്റർ ചെയ്യുക. അതിനുശേഷം 'റൈറ്റേഴ്സ് വർക്ക്ഷോപ്പ്' എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക. അവിടെ ഓരോരുത്തരുടെയും ലേഖനങ്ങളടങ്ങിയ മെസേജ് ബോർഡുകൾ ഉണ്ടാകും. ഇതിൽ നിങ്ങൾക്ക് ഒരു ലേഖനത്തിന്റെ വർക്കിന്റെ ആശയം പങ്കുവയ്ക്കാവുന്നതാണ്. ആശയത്തിന്റെ കീഴിൽ അഞ്ച് ഉപവിഷയങ്ങളും ഉണ്ടാകണം. നിങ്ങൾ പൂർത്തിയാക്കുന്ന ആർട്ടിക്കുകളുടെ എണ്ണം കൂടുന്നതനുസരിച്ച് വേതനത്തിലും വർദ്ധന പ്രതിഫലിക്കുന്നതായിരിക്കും.

## 05 വാട്ട് കൾച്ചർ (What Culture)



ഓരോ മാസവും ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്കായി വാർത്തകളും അഭിപ്രായങ്ങളും വിനോദങ്ങളും എത്തിക്കുകയാണ് ഈ സൈറ്റ് ചെയ്യുന്നത്. യുകെ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഓൺലൈൻ മാസികയാണിത്. ഓരോ ദിവസവും ഡസൻകണക്കിനു എഴുത്തുകാരാണ് അവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നത്. സിനിമ, സംഗീതം, ഗെയിമിങ്ങ്, സ്പോർട്സ്, ടെലിവിഷൻ തുടങ്ങി ഏതു വിഷയത്തിലുമുള്ള ലേഖനങ്ങൾ അമ്പതു ലക്ഷത്തോളമുള്ള ആസ്വാദകരിലേക്കെത്തിക്കുന്നു.

ഇവിടെ ലഭിക്കുന്ന ലേഖനങ്ങളിൽ പലതും പലതും മെട്രോ റേഡിയോ, ബിബിസി റേഡിയോ, ഡബ്ലിൻ, എഫ്.എം., സ്കൈ ന്യൂസ് എന്നിവയിലും ദേശീയപത്രങ്ങളിലുമായി പ്രസിദ്ധീകരിക്കുന്നു.

പൊതുസമൂഹത്തിനു താത്പര്യമുള്ള വിഷയങ്ങൾ സമർത്ഥമായി, രസകരമായി എഴുതാൻ നിങ്ങൾക്കു സാധിക്കുമെങ്കിൽ editor@whatculture.com ൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾ അവർ അയച്ചുതരുന്നതായിരിക്കും.

## 06 ഡവലപ്പർ ട്യൂട്ടോറിയൽസ് (Developer Tutorials)

ഈ വെബ്സൈറ്റ് തങ്ങളുടെ ഉപഭോക്താക്കൾക്കു പ്രോഗ്രാമും ഡിസൈനിംഗും സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. ഈ മേഖലയിൽ അനുദിനം വരുന്ന മാറ്റങ്ങൾ ശ്രദ്ധയോടെ വീക്ഷിക്കുന്ന ഒരു വിഭാഗവുമാണ് ഡവലപ്പർ ട്യൂട്ടോറിയൽസ്.

ട്യൂട്ടോറിയൽ എഴുത്തുകളാണ് ഈ സൈറ്റ് കൂടുതലും ആവശ്യപ്പെടുന്നത്. ട്യൂട്ടോറിയലുകളുടെ നിലവാരവും എഴുത്തിന്റെ ശൈലീമികവും വർദ്ധിപ്പിക്കുവാൻ അവർ ചില ട്യൂട്ടോറിയലുകൾ നിർദ്ദേശിച്ചിട്ടുണ്ട്.

AJAX, ഫ്ളാഷ്, ജാവസ്ക്രിപ്റ്റ്, PHP, ഫോട്ടോഷോപ്പ്, പൈതൺ, ജാവ, ഇല്ലസ്ട്രേറ്റർ, ASP, CSS

കഥകളും നോവലുകളും യാത്രാവിവരണങ്ങളും ലേഖനങ്ങളും എഴുതി പണം സമ്പാദിക്കാൻ താത്പര്യപ്പെടുന്നവർ ഇന്ന് ഏറെയുണ്ട്. ഇങ്ങനെ, എഴുതാൻ മാത്രമായി ഓൺലൈൻ പ്ളാറ്റ്ഫോം തിരഞ്ഞെടുക്കുന്നവർക്കും അതിലൂടെ സമ്പാദിക്കുക എന്ന ലക്ഷ്യമുള്ളവർക്കും ഈ മേഖലയിൽ ഊർജ്ജിതമായി പ്രവർത്തിക്കുന്ന ചില ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഓൺലൈനിൽ പരിചയപ്പെടാവുന്നതാണ്.

*ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്*

# ആത്മഹത്യ ഒളിച്ചോട്ടമോ?



ആൻ മരിയ തോമസ്

നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അവയിൽ ചിലതിനെല്ലാം മാറ്റങ്ങളുണ്ടായിട്ടുണ്ട്. അധികം മാറ്റങ്ങൾക്കൊന്നും ഇടംകൊടുക്കാതെ ലോകത്തിൽ കുതിച്ചുയരുന്ന പ്രശ്നങ്ങളിൽ രണ്ടാമത്തേതായി ആത്മഹത്യ കരുതപ്പെടുന്നു. ആത്മഹത്യ ചെയ്യുന്നത് പല കാരണങ്ങൾകൊണ്ടാണ്. കുടുംബപ്രശ്നങ്ങളാണ് ഒന്നാമത്തേത്. ശാരീരികവും മാനസികവുമായ പീഡനങ്ങൾ, രോഗങ്ങൾ, ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്നിവ 23 ശതമാനം ആത്മഹത്യയ്ക്കും വഴിയൊരുക്കുന്നു. പ്രണയനൈരാശ്യവും പരീക്ഷാത്തോൽവികളും 5.2 ശതമാനത്തിൽ നില്ക്കുമ്പോൾ, കടബാധ്യതയും ദാരിദ്ര്യവും തൊഴിലില്ലായ്മയും 8 ശതമാനം ആത്മഹത്യകൾക്കു കാരണമാകുന്നു.

ആത്മഹത്യ ആഗോളപ്രതിഭാസമാണ്. പ്രതിവർഷം എട്ടുലക്ഷത്തിനോടടുത്ത് വ്യക്തികൾ ആത്മഹത്യ ചെയ്യുന്നു. എൻ.സി.ആർ.ബി. യുടെ 2019 ലെ കണക്കുപ്രകാരം ഓരോ നാലു മിനിറ്റിലും ഒരു വ്യക്തി എന്ന അനുപാതത്തിൽ ആത്മഹത്യകൾ നടക്കുന്നു എന്നത് ഞെട്ടിക്കുന്ന കണക്കു തന്നെയാണ്.

എന്തുകൊണ്ടാണ് ആത്മഹത്യാനിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നത്?

ഭയം, നിരാശ, ചതി എന്നിവയോടൊപ്പം അതിരുകവിഞ്ഞ അഭിമാനവും ദുരഭിമാനവും ആത്മഹത്യയുടെ മൂലകാരണങ്ങളാണ്. ഓരോരുത്തർക്കും സന്തോഷമെന്നാൽ പലതാണ്. എന്നിരുന്നാലും പൊതുവേ നാം പ്രതീക്ഷിക്കുന്ന ചില കാര്യങ്ങളുണ്ട്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഇഷ്ടങ്ങളെ സ്വന്തമാക്കാനും നാം ആഗ്രഹിക്കുന്നു. സന്തോഷവും ബഹുമാനവും നല്ല ഭാവിയും തുടങ്ങി ജീവിതത്തിന് അർത്ഥം നൽകുന്ന എന്തിനെയെല്ലാമോ നാം ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു.

22 ശതമാനം ആത്മഹത്യയ്ക്കും വിധേയപ്പെടുന്നവർ 15 നും അതിനുമുകളിലും പ്രായമുള്ളവരാണ്. എൻസിആർബിയുടെ 2019 ലെ കണക്കുപ്രകാരം മരിച്ചവരിൽ 67 ശതമാനം ഇന്ത്യക്കാരും യുവാക്കളായിരുന്നു എന്നതു ചിന്തിക്കേണ്ട കാര്യം തന്നെയാണ്.

ആത്മഹത്യയ്ക്കുള്ള ചില കാരണങ്ങൾ പറഞ്ഞല്ലോ. ഇനിയും അറിയപ്പെടാത്ത കാരണങ്ങൾകൊണ്ട് ആത്മഹത്യ ചെയ്യുന്ന 13 ശതമാനം വേറേയും. പക്ഷേ, അവരിൽ കുറെപ്പേരെങ്കിലും മുകളിൽപ്പറഞ്ഞ ആഗ്രഹങ്ങളെയും പ്രതീക്ഷകളെയും സത്യമാക്കാൻ കഴിയാതെ പോയവരാണ്. പ്രതീക്ഷ ഭയത്തെക്കാൾ ശക്തമാണെന്നു കേട്ടിട്ടുണ്ട്. എന്നാലവരെല്ലാം പ്രതീക്ഷയ്ക്കു പകരം നിരാശയുടെ നിഴലേറ്റവരായിരുന്നു. സമ്മർദ്ദവും ഭയവും നിഴലിന്റെ കാഠിന്യം കൂട്ടി ഇരുട്ടാക്കി മാറ്റിയിരിക്കണം. ഇവർക്കെല്ലാം ഒരു നഷ്ടത്തിന്റെയോ ഇല്ലാതാകലിന്റെയോ



കഥ പറയാനുണ്ടായിരുന്നു എന്നതും സത്യമാണ്.

ഈ അവസരത്തിൽ എനിക്കോർമ്മവരുന്നത് അധ്യാപിക ഉപേക്ഷിച്ച ഒരു പത്താംക്ലാസ്സുകാരനെയാണ്. ആർക്കും വേണ്ടാത്ത അവനെ പിന്നീടങ്ങോട്ട് സ്വീകരിച്ചത് തോൽവികളുടെ പടുകുഴികളും ഒരു അമ്മയുടെ വറ്റാത്ത സ്നേഹവും കരുതലും മാത്രമായിരുന്നു. അവൻ തോറ്റു. തോറ്റുതോറ്റു തന്നെ വളർന്നു. പക്ഷേ, അവൻ വളരുകയായിരുന്നു. ഇരുളിന്റെ കാഠിന്യം വലുതായിരുന്നെങ്കിലും അവൻ ജീവിച്ചത് പ്രകാശം കണ്ടുപിടിക്കാനായിരുന്നു. ലോകം അവനെ ഒരു ദുരന്തമായി ചിത്രീകരിച്ചു. കാലം കടന്നുപോയി. അവനൊപ്പം അവശേഷിച്ചത് അവന്റെ അമ്മയും കുറെ തോല്‌വികളും മാത്രമായിരുന്നു. അവസാനം ലോകം തിരിച്ചറിഞ്ഞു. തോല്‌വിയെ തോല്പിച്ച ആ യോദ്ധാവിനെ. അവന്റെ പേരാണ് തോമസ് ആൽവ എഡിസൺ.

ജനനംമുതൽ നിരാശ മാത്രം കണ്ട എഡിസൻ എത്ര ആത്മഹത്യയ്ക്കു വിധേയനാകണമായിരുന്നു. അദ്ദേഹത്തെ പിടിച്ചുനിറുത്തിയത് ആ അമ്മയായിരുന്നു. ഇന്നു നമ്മുടെ യുവത്വം തിരിച്ചുവരവിനായി ആവശ്യപ്പെടുന്നത് ചേർത്തുപിടിക്കാൻ ഒരു വ്യക്തിയെയാണെങ്കിൽ ആ സ്ഥാനത്തേക്ക് ഒരവസരത്തിനായി ഞാനും ആഗ്രഹിക്കുന്നു. എന്നിലൂടെ യേശു എന്ന യാഥാർത്ഥ്യത്തെ കാണിച്ചു കൊടുക്കാൻ.

ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്

# പ്രതീക്ഷ



**റോസ്മി തോമസ്**
ബിവിഎം കോളജ് ചേർപ്പുങ്കൽ

വരണ്ടുണങ്ങിയ ഈ ഭൂമിയിൽ
ഒരു മഴക്കാറ്റിന്റെ ഈണമില്ല
കാറ്റിന്റെ കൈവിരൽത്തുമ്പിലൂടെത്തുന്ന
മഴമുത്തിൻ കുളിർമയുമില്ല.
താരാട്ടുപാടുന്ന വാനമ്പാടിയും
തുയിലുണർത്തുന്ന കിളികളുമില്ല.
    പച്ചപ്പ് തൂർന്നുപോയ വയലേലകളിൽ
    കൊയ്ത്തുപാട്ടിന്റെ താളമില്ല.
    അരുവിയുടെ കളകളനാദമില്ല.
    അതിലൊഴുകുന്ന സ്നേഹനിർഝരിയില്ല
    എന്തിനീ ഭൂമി ജനിച്ചു,
    എന്തിനായി ഭൂമിയിൽ നാം ജനിച്ചു!
മരുഭൂമിയാകുന്ന ഭൂമിയെയിന്നൊരു
മലർവാടിയാക്കാൻ ഒരുങ്ങുക നാം.
നാളേക്കു സുന്ദരസ്വപ്നങ്ങൾ കാണുവാൻ
നന്മതൻ നാളമായിത്തീരാൻ
കൈകോർത്തു മുന്നേറാം.
കൂട്ടുകാരൊത്തു നാം
നാടിന്റെ സൗരഭ്യമായി മാറാം.



# ക്വിസ് കോർണർ

**രാജേശ്വരി അരുൺ**
എക്സലന്റ് ഇന്റർനാഷണൽ അക്കാദമി, അയർക്കുന്നം



- തൊഴിൽരഹിതരായ ഒരുലക്ഷം യുവാക്കളെ സ്വയം പര്യാപ്തരാക്കുന്നതിനായി സബ്സിഡി നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പശ്ചിമബംഗാളിൽ ആരംഭിച്ച പദ്ധതി – **Karma Sethu Prakalpa**
- കൊവിഡ് പ്രതിരോധത്തിനായി UVSAFE എന്ന Room Disinfection Device വികസിപ്പിച്ച സ്ഥാപനം – **IIT Ropar** (Momentum India Pvt.Ltd ന്റെ സഹകരണത്തോടെ)
- 2020 ഓഗസ്റ്റിൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉണ്ടായ വിമാനാപകടത്തെപ്പറ്റി അന്വേഷിക്കുന്നതിനായി Aircraft Accident Investigation Bureau(AAIB) നിയോഗിച്ച അഞ്ചംഗ പാനലിന്റെ തലവൻ – **ക്യാപ്റ്റൻ എസ്.എസ്. ചഹാർ**
- 2020 ഓഗസ്റ്റിൽ ബഹിരാകാശമേഖലയിലെ ഗവേഷണങ്ങൾ ലക്ഷ്യമിട്ട് ഇന്ത്യയുമായി സഹകരിക്കുന്ന രാജ്യം – **Nigeria**
- 2020 ഓഗസ്റ്റിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് കമ്മീഷൻ ചെയ്ത Offshore Patrol Vessel - **Sarthak**
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വനിതകൾക്ക് പ്രതിമാസം 830 രൂപ ധനസഹായം ലഭ്യമാക്കുന്നതിനായി അസമിൽ ആരംഭിക്കുന്ന പദ്ധതി – **Arunodoi**
- കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി കൊവിഡ് ബ്രിഗേഡ് രൂപീകരിക്കുന്ന സംസ്ഥാനം – **കേരളം**
- 2020 ഓഗസ്റ്റിൽ GI Tag ലഭിച്ച ഗോവയിലെ ഉത്പന്നങ്ങൾ – **Harmal Chillies, Morra Bananas, Khaje** (മധുരപലഹാരം)
- 2020 ഓഗസ്റ്റിൽ അന്തരിച്ച പ്രശസ്ത കവിയും ഗാനരചയിതാവുമായ വ്യക്തി – **ചുനക്കര രാമൻകുട്ടി**
- 2020 ലെ ധ്യാൻചന്ദ് അവാർഡ് നേടിയ മലയാളി – **ജിൻസി ഫിലിപ്** (മുൻ അത്‌ലറ്റ്)
- 2020 ഓഗസ്റ്റിൽ പുതുതായി നിയമിതനായ ഇലക്ഷൻ കമ്മീഷണർ – **രാജീവ് കുമാർ** (മുൻ ഫിനാൻസ് സെക്രട്ടറി)

# ആലീസിന്റെ അദ്ഭുതലോകം



വിദ്യ വിജയകുമാർ

**ബാ**ല്യ-കൗമാരങ്ങളുടെ ഭാവനാലോകത്തെ പൂർണമായി ഉൾക്കൊണ്ട് ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുമ്പോഴാണ് നല്ല ബാലസാഹിത്യസൃഷ്ടികൾ രൂപംകൊള്ളുന്നത്. മലയാളസാഹിത്യം നിരവധി ബാലസാഹിത്യകൃതികളാൽ സമ്പന്നമാണ്. ലോകപ്രശസ്തമായ പല ബാലസാഹിത്യകൃതികളും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഏറ്റവും മികച്ചവയിലൊന്നാണ് ലൂയിസ് കരോളിന്റെ ആലീസ് ഇൻ വണ്ടർ ലാന്റ്.



കളിച്ചുകൊണ്ടിരിക്കേ, ഒരു വെള്ളമുയലിനെ കണ്ട ആലീസ്, അതിനെ പിന്തുടർന്ന് വിചിത്രലോകത്തിലെത്തിച്ചേർന്ന് അത്യന്തം വിസ്മയകരമായ അനുഭവങ്ങളിൽക്കൂടി കടന്നുപോകുന്നതായി സ്വപ്നം കാണുന്നതാണ് ഇതിലെ കഥ. ഒരു ദ്രാവകം കുടിക്കുമ്പോൾ ചെറുതാവുക, ഒരു കഷണം കേക്കുകഴിക്കുമ്പോൾ വലുതാവുക, കരയാൻ തുടങ്ങുമ്പോൾ കണ്ണീർക്കയത്തിൽ വീണുപോവുക, പൂന്തോട്ടത്തിലെ പുഷ്പങ്ങൾ സംസാരിക്കുക തുടങ്ങി വളരെയധികമാണ് ആലീസിന് ഉണ്ടാവുന്ന വിചിത്രാനുഭവങ്ങൾ. ആലീസ് സ്വപ്നത്തിൽ നിന്നുണരുന്നതോടെ കഥ അവസാനിക്കുന്നു.

ഇരുനൂറിലേറെ ലോകഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് ഈ കൃതി. അതുപോലെതന്നെ അമ്പതോളം ചലച്ചിത്രങ്ങൾക്കും അത്രതന്നെ ടിവി സീരിയലുകൾക്കും ഇതിന്റെ കഥ അടിസ്ഥാനമാക്കിയിട്ടുണ്ട്. ഒരു ബോട്ടുയാത്രയിൽ പരിചയപ്പെട്ട ആലീസ് ലിഡിൽ എന്ന പെൺകുട്ടിയിൽ നിന്നു പ്രചോദനം ഉൾകൊണ്ടാണ് ലൂയിസ് കരോൾ ഈ കൃതി എഴുതിയതെന്നു പറയപ്പെടുന്നു. മൃഗങ്ങൾ മനുഷ്യരെപ്പോലെ സംസാരിക്കില്ലെന്നു പറഞ്ഞ് 1930കളിൽ ഈ പുസ്തകം ചൈനയിൽ നിരോധിച്ചിരുന്നു. വിക്ടോറിയ രാജ്ഞിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രമായിരുന്നു അദ്ഭുതലോകത്തെ ആലീസ്. ബ്രിട്ടനിൽ ജൂലൈ നാല് ആലീസ് ഡേ ആയി ആചരിക്കാറുണ്ട്. അന്നേദിവസം പ്രത്യേക വസ്ത്രം ധരിച്ച് കുട്ടികളുടെ പാർട്ടികൾ പോലും നടത്താറുണ്ട്.

യുക്തിയും ഭാവനയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഇതിലെ ആഖ്യാനരീതി മുതിർന്നവരെപ്പോലും ആകർഷിക്കാൻ പോരുന്നതാണ്. വിക്റ്റോറിയൻ കാലത്തെ വിദ്യാഭ്യാസ, രാഷ്ട്രീയ, സാഹിത്യ രംഗങ്ങളുടെ ഹാസ്യാത്മക ചിത്രീകരണം ഇതിൽ കാണാം. അദ്ഭുതലോകത്തിൽ ആലീസ് കണ്ടുമുട്ടുന്ന മനുഷ്യരും ജന്തുക്കളുമെല്ലാം സാധാരണ ലോകത്തിൽ ജീവിക്കുന്നവരുടെ രൂപഭേദങ്ങളാണ്.

ഈ ചെറിയ പുസ്തകം പെട്ടെന്നു വായിച്ചുതീരും. പക്ഷേ, എത്ര വായിച്ചാലും മതിവരാത്ത ഒരു അദ്ഭുതലോകത്തിലേക്കാണ് ഇത് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്.

ലേഖിക കോട്ടയം സി.എം.എസ് കോളജിൽ മൂന്നാം വർഷ മലയാളം ബിരുദവിദ്യാർഥിനിയാണ്.

# സംഗീതരംഗത്തെ വാഗ്ദാനമായി ബെവൻ

**സം**ഗീതലോകത്തെ ഉദയനക്ഷത്രമാണ് ബെവൻ ബിജു എന്ന ആറാം ക്ലാസ്സുകാരൻ. പങ്കെടുത്ത സംഗീതമത്സരങ്ങളിലെല്ലാം മികച്ച വിജയം കരസ്ഥമാക്കിയ ബെവൻ ബിജു ഫ്ളവേഴ്സ് ചാനൽ അവതരിപ്പിക്കുന്ന ടോപ് സിങ്ങർ സീസൺ - 2 വിലെ കോട്ടയം ജില്ലയിൽനിന്നുള്ള ഏകമത്സരാർത്ഥിയാണ്.

ചങ്ങനാശേരി ഇത്തിത്താനം കോട്ടാശേരി വീട്ടിൽ അധ്യാപകദമ്പതികളായ കെ. ഒ. ബിജുമോന്റെയും ജെസ്മിയുടെയും മൂന്നു മക്കളിൽ രണ്ടാമനാണ് ബെവൻ. ഏഴാം ക്ലാസ് വിദ്യാർഥിയായ ബെന്നും യു.കെ.ജി. വിദ്യാർഥിയായ ബിയോണും ബെവന്റെ സഹോദരങ്ങളാണ്.

ചെറുപ്പംമുതൽ ബെവന് സംഗീതത്തിൽ ലഭിച്ച പുരസ്കാരങ്ങൾ നിരവധിയാണ്. കേരളാ ആർട്ടിസ്റ്റ്സ് ഫ്രറ്റേണിറ്റി നടത്തിയ സംഗീതമത്സരത്തിൽ രണ്ടാം സ്ഥാനം, ജില്ലാതല സ്കൂൾ കലോത്സവത്തിൽ ശാസ്ത്രീയസംഗീതത്തിന്



ഒന്നാം സ്ഥാനവും ലളിതഗാനത്തിന് മൂന്നാം സ്ഥാനവും, ചങ്ങനാശേരി അതിരൂപതാ കലോത്സവത്തിൽ കഴിഞ്ഞ മൂന്നു വർഷം തുടർച്ചയായി സംഗീതത്തിന് ഒന്നാം സ്ഥാനം, കഴിഞ്ഞ വർഷം സംസ്ഥാനതലത്തിൽ നടന്ന ‘ഓണരാഗ’മത്സരത്തിൽ രണ്ടാം സ്ഥാനം എന്നിവ അവയിൽ ചിലതാണ്. സംഗീതത്തിലെന്നപോലെ പാഠ്യവിഷയങ്ങളിലും ഉന്നത നിലവാരം പുലർത്തുന്ന ബെവൻ ചങ്ങാനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥിയാണ്.

കെ.സി.എസ്.എൽ-ന്റെ സജീവപ്രവർത്തകനാണ് ബെവൻ. കെ.സി.എസ്.എൽ. സംസ്ഥാനതല പാനമത്സരത്തിലും ലളിതഗാനത്തിലും (2019) ഒന്നാം സ്ഥാനം, കെ.സി.എസ്.എൽ. അൽഫോൻസാക്വിസിന് അതിരൂപതാതലത്തിൽ ഒന്നാം സ്ഥാനം, ചങ്ങനാശേരി കോർപ്പറേറ്റ് മാനേജ്മെന്റ് ടാലന്റ് ഹണ്ട് - 2019 പരീക്ഷയിൽ മൂന്നാം സ്ഥാനം എന്നിവയും ബെവന്റെ നേട്ടങ്ങളാണ്.

ഇത്തിത്താനം ഇടവകയിലെ അൾത്താരബാലനും ഗായകസംഘത്തിലെ മുൻനിരഗായകനുമാണ് ബെവൻ.

# മദറിന്റെ ചിറകിലേറിയ വൈമാനികൻ



ആഷിൻ അനിൽ

**കു**റവുകളെ സ്നേഹിച്ച് ലോകത്തെ കീഴടക്കിയവരുടെ പട്ടികയിലായിരിക്കും ഗൗതം ലൂയിസ് എന്ന പേര് ചേർക്കപ്പെടുന്നത്. കൊൽക്കൊത്തയിലെ തെരുവുകളിൽ അനാഥമാക്കപ്പെട്ട ബാല്യം ഗൗതമിനു സമ്മാനിച്ചത് മറ്റൊരു ജീവിതമായിരുന്നു. അഗതികളുടെയും ആലംബഹീനരുടെയും അമ്മയായ വി. മദർ തെരേസ, ഗൗതമിന്റെയും വഴികാട്ടിയായി.

പോളിയോ ബാധിച്ച കാലുകളോടെ ഗൗതമിനെ മദർ തെരേസയ്ക്കു കിട്ടുമ്പോൾ മൂന്നു വയസ്സു മാത്രമായിരുന്നു അവൻ. മദർ തെരേസയുടെ ആശ്രമത്തിൽ മറ്റുള്ളവരുടെകൂടെ അവൻ വളർന്നു. അച്ഛനാലും അമ്മയാലും അനാഥമാക്കപ്പെട്ട ബാല്യം അവൻ അവിടെ തിരിച്ചുപിടിക്കുകയായിരുന്നു. മദർ തെരേസയുടെ ആശ്രമത്തിലെ വോളന്റിയറായി സേവനമനുഷ്ഠിക്കാൻ താത്പര്യം പ്രകടിപ്പിച്ചുകൊണ്ട് ഇന്ത്യൻ സർക്കാരിനൊരു കത്തു ലഭിച്ചു. ഡോ. പെട്രീഷ്യ ലൂയിസിന്റെ കത്തായിരുന്നു അത്. അവർക്ക് അതിനുള്ള അനുവാദവും ലഭിച്ചു. ഗൗതമിന്റെ ജീവിതത്തിന്റെ വഴിത്തിരിവായിരുന്നു ആ കത്തും അനുവാദവും. ഡോ. പെട്രീഷ്യ ലൂയിസ് മദറിന്റെ ആശ്രമത്തിലെത്തി. അതോടൊപ്പം ഗൗതവുമായി അവർ അടുക്കുകയും ചെയ്തു.

വിസ്മയകരമായ വേഗത്തിലായിരുന്നു അത്. ഗൗതം തനിക്കു നഷ്ടപ്പെട്ട അമ്മയെയായിരുന്നു അവരിലൂടെ അനുഭവിച്ചത്. ഡോ. പെട്രീഷ്യയ്ക്ക് ഗൗതമിനെ പിരിയാൻ കഴിയാതെയായി. അവന്റെ വിദ്യാഭ്യാസത്തിനു വേണ്ട ചെലവു വഹിക്കാൻ താത്പര്യമുണ്ടെന്ന് അവർ മദറിനെ അറിയിച്ചു. എന്നാൽ, അതിലുപരി ഒരു അമ്മയുടെ സ്നേഹമാണ് അവനാഗ്രഹിക്കുന്നതെന്ന് ഡോ. പെട്രീഷ്യയെ മദർ ഓർമ്മിപ്പിച്ചു. അതിലൂടെ മറ്റൊരു ഹിതം നിറവേറുകയാണുണ്ടായത്. ഡോ. പെട്രീഷ്യ ഗൗതമിനെ ദത്തെടുക്കാൻ തീരുമാനിച്ചു. വേണ്ട നടപടികൾ എല്ലാം പൂർത്തിയാക്കി അവർ ഗൗതമിനെ ദത്തെടുത്തു. മദറിനോടും കൊൽക്കൊത്തയോടും യാത്രപറഞ്ഞ് അവർ ഇരുവരും ന്യൂസിലൻഡിലേക്കു യാത്രയായി. ആ യാത്രാമധ്യേ വിമാനത്തിൽവച്ച് ഗൗതം പെട്രീഷ്യയോടു ചോദിച്ചു, ഈ വിമാനം എനിക്കു പറത്താൻ കഴിയുമോയെന്ന്.

“നിനക്കതിനു കഴിയും”

ആത്മവിശ്വാസത്തോടെ ഡോ. പെട്രീഷ്യ ഗൗതമിനു വാക്കുകൊടുത്തു. പിന്നീട് ഇംഗ്ലണ്ടിൽ 18 മാസം ചെലവഴിച്ചു. അതേ കാലയളവിൽ ഗൗതം ഇംഗ്ലീഷ് സ്വായത്തമാക്കി. അതിനുശേഷം അവർ ഇരുവരും ന്യൂസിലൻഡിലേക്കു തിരിച്ചു. ഇംഗ്ലണ്ടിൽ ധനികരുടെ മക്കൾ പഠിക്കുന്ന സ്കൂളിൽ അവൻ പഠിച്ചു. പിന്നീട് ഗൗതം ബിസിനസ് മാനേജ്മെന്റിൽ ബിരുദം നേടി.

ഒരു കമ്പനിയിൽ ജോലി ചെയ്തു. ആദ്യമായി ന്യൂസിലൻഡിലേക്കു പറന്നപ്പോൾ കണ്ട സ്വപ്നം അവൻ മറന്നിരുന്നില്ല.



പൈലറ്റാകാനുള്ള തന്റെ സ്വപ്നം അവൻ പെട്രീഷ്യയെ അറിയിച്ചു. അങ്ങനെ ഗൗതം തന്റെ ജീവിതത്തിൽ കണ്ട ഏറ്റവും വലിയ സ്വപ്നം സാക്ഷാത്കരിച്ചു. ഇന്നവൻ അതിരുകളില്ലാത്ത ആകാശത്തിൽ വിഹരിക്കുന്നു. തന്റെ സ്വപ്നങ്ങൾ നേടാൻ പരിമിതികൾ ഒരു തടസ്സമല്ലെന്ന് ഒരിക്കൽക്കൂടി തെളിയുകയായിരുന്നു. ഗൗതം ഇന്നു ലോകാരോഗ്യസംഘടനയുടെ പോളിയോയ്ക്കെതിരേ ബോധവത്കരണം നടത്തുന്ന ബ്രാൻഡ് അംബാസിഡറാണ്.

കൊൽക്കൊത്തയുടെ തെരുവിൽ പോളിയോ ബാധിച്ച കാലുകളോടെ ജീവിതം തുടങ്ങിയ ഗൗതം ഇന്ന് ഉയർന്ന തലങ്ങളിൽ എത്തിയിരിക്കുന്നു. കാലുകൾക്ക് ഒട്ടും സ്വാധീനമില്ലാത്ത ഗൗതമിന് ഇത്രയുമൊക്കെ കഴിയുമെങ്കിൽ നമുക്കും ഉയരത്തിലെത്താൻ എന്താണു തടസ്സം? നിസാരമായ കുറവുകളിലേക്കു നോക്കി അതിനെ പർവ്വതീകരിച്ച് ദുഃഖത്തിലും നിരാശയിലും ജീവിതം കളയാതെ കുറവുകളെ അവഗണിച്ചുകൊണ്ട് കഴിവുകളിലേക്ക് മാത്രം നോക്കി ഉയരങ്ങളിലെത്താൻ ഗൗതമിന്റെ ചിത്രം സഹായിക്കട്ടെ. ആത്മവിശ്വാസമെന്ന ഒറ്റ വികാരംകൊണ്ട് ഈ ലോകത്തെ കീഴടക്കാൻ നമുക്കു കഴിയും.

*ലേഖകൻ ഉഴവൂർ ഒ.എൽ.എൽ. ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിയാണ്.*

# കണ്ണുകൾക്കു വിസ്മയമായി കണ്ണൻമോൻ

## നാനൂറോളം വേദികൾ പിന്നിട്ട കൊച്ചുമജീഷ്യൻ

"സൂപ്പർ... നീ ശരിക്കും അദ്ഭുതങ്ങളുടെ രാജകുമാരൻ തന്നെ! ഭാവിയിൽ നിന്റെ വിസ്മയപ്രകടനത്തെ നാട് അഭിനന്ദനങ്ങളാൽ നിറയ്ക്കും..." ഏഴു വർഷം മുമ്പ്, അന്ന് ഒന്നാം ക്ലാസ്സുകാരനായിരുന്ന മജീഷ്യൻ കണ്ണൻമോന്റെ മാജിക് കണ്ട് അദ്ഭുതപരതന്ത്രനായി സി.ബി.സി.ഐ. പ്രസിഡന്റും മുംബൈ ആർച്ചു ബിഷപ്പുമായിരുന്ന ഓസ്വാൾഡ് ഗ്രേഷ്യസ് തിരുമേനി പറഞ്ഞപ്പോൾ കേട്ടിരുന്ന കർദ്ദിനാൾ ആലഞ്ചേരിപ്പിതാവും പാലാ ബിഷപ് ജോസഫ് കല്ലറങ്ങാട്ടുപിതാവുമുൾപ്പെടെ അമ്പതോളം അഭിവന്ദ്യ തിരുമേനിമാർ കയ്യടിച്ചു. പാലായിൽ നടന്ന ചരിത്രപ്രസിദ്ധമായ സി.ബി.സി.ഐ. സമ്മേളനത്തിന്റെ സമാപനഭാഗമായാണ് അഭിവന്ദ്യപിതാക്കന്മാരുടെ മുന്നിൽ അന്ന് കുഞ്ഞുമജീഷ്യൻ മായികലോകം തുറന്നത്.

ഡക്കാൺ ക്രോണിക്കിൾ, ഇന്ത്യൻ എക്സ്പ്രസ്സ് തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും മലയാളത്തിലെ എല്ലാ പത്രങ്ങളും അന്ന് മജീഷ്യൻ കണ്ണൻമോന്റെ വിസ്മയ പ്രകടനത്തെക്കുറിച്ച് വിശദമായ വാർത്തകൾ കൊടുത്തു. അന്ന് വെള്ളിലാപ്പിള്ളി സെന്റ് ജോസഫ്സ് യു. പി. സ്കൂളിലെ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന കണ്ണൻമോനെ ഏറെ അഭിനന്ദിച്ചു സംസാരിച്ച ഓസ്വാൾഡ് ഗ്രേഷ്യസ് തിരുമേനിയുടെ നാവ് പൊന്നായി; മജീഷ്യൻ കണ്ണൻമോൻ എന്ന എസ്. അഭിനവ് കൃഷ്ണ ഇന്ന് നാടറിയുന്ന പ്രമുഖ ബാലമാന്ത്രികനാണ്. ഇപ്പോൾ രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയും.



മൂന്നാഴ്ചമുമ്പ് രാമപുരം സ്കൂളിൽ നടന്ന അദ്ധ്യാപകദിനാചരണപരിപാടിയിൽ ഓൺലൈനായി കണ്ണൻമോൻ മാജിക് അവതരിപ്പിച്ചതും ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. വെള്ളിലാപ്പിള്ളി സെന്റ് ജോസഫ്സ് യു.പി.സ്കൂളിൽനിന്നു പ്രതിഭാപുരസ്കാരവും നേടിയാണ് അഭിനവ് കൃഷ്ണ രാമപുരം സെന്റ് അഗസ്റ്റിൻസ് സ്കൂളിലേക്കെത്തിയത്.

പ്രമുഖ മാധ്യമപ്രവർത്തകനായ ഏഴാച്ചേരി തുമ്പയിൽ സുനിൽകുമാറിന്റെയും (സുനിൽ പാലാ) അദ്ധ്യാപികയായ ശ്രീജയുടെയും മകനായ കണ്ണൻമോൻ ശബരിമലയുടെ ചരിത്രത്തിൽ അയ്യപ്പസ്വാമിക്കു മുന്നിൽ ആദ്യമായി മാജിക് അവതരിപ്പിച്ച ആൾ എന്ന അത്യപൂർവ്വ ബഹുമതിയും സ്വന്തമാക്കി.

മാർ ക്രിസോസ്തം വലിയ മെത്രാപ്പോലീത്തായുടെ നൂറാം ജന്മദിനത്തിൽ മാജിക് അവതരിപ്പിച്ച കണ്ണൻമോനെ വലിയ തിരുമേനി അനുഗ്രഹിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ശബരിമല തന്ത്രി കണ്ഠരര് മഹേശ്വരര്, മുൻ മന്ത്രി കെ. എം. മാണി, മന്ത്രിമാരായ എം. എം. മണി, പ്രൊഫ. സി. രവീന്ദ്രനാഥ്, ജോസ് കെ. മാണി എം.പി, മാണി സി. കാപ്പൻ എം.എൽ.എ, പ്രശസ്ത മജീഷ്യരായ ആർ. കെ. മലയത്ത്, ഗോപിനാഥ് മുതുകാട്, പി.എം. മിത്ര, സാമ്രാജ്, ഗാനരചയിതാവ് വയലാർ ശരത്ചന്ദ്രവർമ്മ തുടങ്ങി നിരവധി പ്രമുഖർക്കു മുന്നിൽ വിസ്മയം തീർത്ത പ്രകടനത്തിലൂടെ കണ്ണൻമോൻ പുരസ്കാരങ്ങളും ബഹുമതികളും ഏറ്റുവാങ്ങി.

ഒരു വേദിയിൽ കണ്ണൻമോന്റെ മാജിക് കണ്ട് സന്തുഷ്ടനായ ബിഷപ് ജേക്കബ് മുരിക്കൻ, കണ്ണൻമോനെ പാലാ അരമനയിൽ വിളിച്ചുവരുത്തി അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയുമുണ്ടായി.

പാലാ ഉപതിരഞ്ഞെടുപ്പുഫലം മാജിക്കിലൂടെ കൃത്യമായി പ്രവചിച്ചും മാധ്യമങ്ങളുടെയും പൊതുസമൂഹത്തിന്റെയും സ്നേഹാദരങ്ങളും പുരസ്കാരങ്ങളും ഏറ്റുവാങ്ങിയിരുന്നു.

പാലാ ഇടപ്പാടി ആനന്ദഷൺമുഖക്ഷേത്രസന്നിധിയിൽ മൂന്നാം വയസ്സിൽ ശൂന്യതയിൽനിന്നു ശ്രീനാരായണ ഗുരുദേവന്റെ ഛായാ ചിത്രം പ്രത്യക്ഷപ്പെടുത്തിക്കൊണ്ട് മായാജാലരംഗത്ത് അരങ്ങേറ്റം കുറിച്ച കണ്ണൻമോൻ ഇതിനോടകം നാനൂറോളം വേദികളിൽ മാജിക് ഷോ നടത്തിയിട്ടുണ്ട്. മായാജാലരംഗത്തെ മികവ് മുൻനിർത്തി എഴുപതോളം പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.



*പാലായിൽ നടന്ന സിബിസിഐ സമ്മേളനവേദിയിൽവച്ച് അഭിവന്ദ്യപിതാക്കന്മാർ മജീഷ്യൻ കണ്ണൻമോനെ കൈയടിച്ച് അഭിനന്ദിക്കുന്നു. (ഫയൽചിത്രം)*

# ഇന്റർനെറ്റിലെ നഗ്നസത്യങ്ങൾ



**ആൽബിൻ ജിജോ**

ഇന്റർനെറ്റ് യുഗത്തിലെ ചില നഗ്നസത്യങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു.

ഓൺലൈൻ പ്രണയങ്ങളെക്കുറിച്ചുള്ള ചില അന്വേഷണങ്ങൾ ദുഃഖത്തിന്റെയും ചതിയുടെയും കഥകൾ നമുക്കു സമ്മാനിക്കാറുണ്ട്. കാമുകീകാമുകന്മാരുടെ പ്രണയം ഇന്റർനെറ്റിലൂടെ പരിപോഷിപ്പിക്കപ്പെടുമ്പോൾ, സ്വന്തം ശരീരത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും പലരും മറന്നുപോകുന്നു. ഇണയുടെ ഇംഗിതത്തിനനുസൃതമായി തുള്ളുന്ന പാവകളായി അധഃപതിക്കുന്നവർ, സാക്ഷരകേരളത്തിനു നാണക്കേടാണ്. വീഡിയോ കോളിനുമുന്നിൽ വിവസ്ത്രരായി പ്രണയത്തിന്റെ തീവ്രത തെളിയിക്കുന്ന പെൺകുട്ടികൾ! ബ്ലാക്മെയിലിംഗും ആത്മഹത്യയും അതിന്റെ അനുബന്ധഭവിഷ്യത്തുകളാണല്ലോ.

സുഹൃത്തിന്റെ അനുവാദമില്ലാതെ അവരുടെ ചിത്രമോ വീഡിയോപോലും പകർത്തി



അയയ്ക്കുന്ന അപകടകരമായ ചതിപ്രയോഗങ്ങളും ഹോസ്റ്റൽ റൂമുകളിലും മറ്റും നടമാടുന്നു. നമ്മുടെ കുട്ടികൾ വിജ്ഞരാവുന്നതെന്നാണാവോ?

വ്യക്തിഹത്യ, ഇന്റർനെറ്റിലെ മറ്റൊരു പ്രതിഭാസമാണ്. അബദ്ധത്തിൽ പിണയുന്ന ചില പോസ്റ്റുകളെയും മറ്റുമുപയോഗിച്ച് വ്യക്തികളെ കരിവാരിത്തേക്കുന്നതും അവരുടെ അക്കൗണ്ടുകളിൽ കയറി അനാവശ്യപ്രകടനങ്ങൾ നടത്തുന്നതും നമ്മൾ കാണുന്ന കാഴ്ചകളാണ്. ചിലതെങ്കിലും ചില പ്രസ്ഥാനങ്ങളെയും സമൂഹങ്ങളെയും അപഹസിക്കാൻ ഉപയോഗിക്കപ്പെടുന്നു. സെലിബ്രിറ്റികളാണെങ്കിൽ ഓൺലൈൻ അക്ഷമന്മാർക്കു താത്പര്യം കൂടുതലാണ്.

ഇതൊക്കെ തീർത്തും ഇല്ലാതാക്കുക നടപ്പുള്ള കാര്യമല്ല. പക്ഷേ, ചില സത്യങ്ങൾ കണ്ടറിഞ്ഞ് ജാഗ്രത പുലർത്താനും ആവശ്യമുള്ളിടത്തു പ്രതികരിക്കാനും നാം സജ്ജരാകേണ്ടിയിരിക്കുന്നു. വിവേകത്തോടെ ഉപയോഗിക്കുന്നവർക്ക് ഇന്റർനെറ്റ് വിജ്ഞാനത്തിന്റെ സ്രോതസ്സാണ്. അജ്ഞതയും അവിവേകവും നാശത്തിലേക്കു നയിക്കുമെന്നോർക്കുക.

ലേഖകൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്സി (മാത്സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.



ഫോട്ടോ : സാംസൺ പാലാ

# ഈജിപ്തിലെ പിരമിഡുകൾ



സാംസൺ പാലാ

യാത്ര

**പി**രമിഡ് എന്നു കേൾക്കുമ്പോൾ ചതുരക്കോണാകൃതിയിലുള്ള ഒരു വൻമലയുടെ രൂപമാണ് മനസ്സിലുയരുക. ചലച്ചിത്രമാധ്യമങ്ങളിലൂടെയും മറ്റു പലതരത്തിലുള്ള ഫോട്ടോകളിലൂടെയും ഇതിന്റെ ചിത്രങ്ങൾ കാണാത്തവർ ചുരുക്കം. വടക്കേ ആഫ്രിക്കയിലെ ഒരു രാജ്യമായ ഈജിപ്തിലെ കെയ്റോയുടെ അടുത്ത പ്രദേശമായ ഗിസയിൽ നൈൽനദിയുടെ പടിഞ്ഞാറുദിശയിലുള്ള കരയിൽ പണിതുയർത്തിയിരിക്കുന്ന പടുകൂറ്റൻ സമുച്ചയമാണ് ലോകപ്രസിദ്ധമായ 'ഈജിപ്ഷ്യൻ പിരമിഡുകൾ' എന്നറിയപ്പെടുന്നത്. തറനിരപ്പിലെ ചതുരത്തിലുള്ള നാലുകോണുകളിൽ നിന്ന് മേല്പോട്ടുചരിച്ച് മുകളിൽ ഒന്നിച്ചു ചേർത്തു യോജിപ്പിച്ച ആകൃതിയിലാണ് പിരമിഡുകൾ നാം കാണുന്നത്. ദിക്കുകളെയും നക്ഷത്രങ്ങളെയും അടിസ്ഥാനപ്പെടുത്തി, ശാസ്ത്രസാങ്കേതികമായി ഒട്ടും വികസനമില്ലാത്ത കാലത്ത് ഈജിപ്ഷ്യൻ വാസ്തുകലാവൈഭവത്തിൽ നിർമ്മിച്ചിട്ടുള്ള ഈ പിരമിഡുകൾ ആധുനികവാസ്തുകലയെ അതിശയിച്ചുനില്ക്കുന്നു. ഇതിന്റെ നിർമ്മാണരഹസ്യങ്ങൾ ചുരുളഴിയാത്ത മഹാവിസ്മയമാണിന്നും.

ക്രിസ്തുവിനുമുമ്പ് 2630-ലാണ് പിരമിഡുകളുടെ നിർമ്മാണമാരംഭിച്ചത്. അന്നത്തെ ഭരണാധിപൻമാരായിരുന്ന ഫറവോമാരുടെ കാലഘട്ടമായിരുന്നത്. ബി.സി. 5000 മുതൽ ബി.സി. വരെ 332 വരെ ഈജിപ്റ്റ് ഭരിച്ചിരുന്നത് ഫറവോ രാജവംശമാണ്. 2500 മുതൽ എൺപതിനായിരം വരെ കിലോ ഭാരമുള്ള ഇരുപത്തിമൂന്നു ലക്ഷത്തിൽപരം കല്ലുകൾ കൊണ്ടാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. ഓരോ കല്ലിനും 15, 20 അടി നീളമുണ്ടാകും. ചരിത്രത്തിൽ രേഖപ്പെടുത്തിയ ആദ്യത്തെ ഈജിപ്ഷ്യൻ പിരമിഡ്, ഖുഫു എന്നറിയപ്പെട്ടിരുന്ന ഫറവോയുടെ കാലത്താണ് നിർമ്മിച്ചത്. ഗ്രേറ്റ് പിരമിഡ് എന്ന പേരിൽ നാനൂറ്റിയെൺപത്തിമൂന്നടി ഉയരത്തിൽ, ലോകാദ്ഭുതങ്ങളിലൊന്നായ ഈ പിരമിഡ് 13 ഏക്കറിൽ തലയുയർത്തിനിൽക്കുന്നു.

ഫറവോമാരെയും രാജ്ഞിമാരെയും അവരുടെ വിലപിടിപ്പുള്ള നിധികളും ആഭരണങ്ങളും അടക്കം ചെയ്യുന്നതിനുള്ള ശവക്കല്ലറകളായിട്ടായിരുന്നു പിരമിഡുകളുടെ നിർമ്മാണം. ഫറവോകൾ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണെന്നും മരണശേഷം അവർ മരിച്ചവരുടെ രാജാക്കന്മാരായി മാറുമെന്നും അവരുടെ ജീവിതം ഒരിക്കലും അവസാനിക്കുന്നില്ലെന്നും ആത്മാവിനു തിരിച്ചുകയറാൻ മൃതശരീരം സൂക്ഷിക്കണമെന്നുമുള്ള ഈജിപ്റ്റ് ജനതയുടെ ഉറച്ച വിശ്വാസമാണ്, ഇപ്രകാരം ചെയ്യാനവരെ പ്രേരിപ്പിച്ചിരുന്നത്. മൃതശരീരങ്ങളുടെകൂടെ അടക്കം ചെയ്യുന്ന നിധികളും സ്വർണ്ണാഭരണങ്ങളും പരലോകജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് അവർ ഉറച്ചുവിശ്വസിച്ചു. മൃതശരീരത്തിൽനിന്ന് ആന്തരികാവയവങ്ങൾ എടുത്തു മാറ്റി ഈജിപ്ഷ്യൻ സുഗന്ധതൈലം പൂശി 'മമ്മി' രൂപത്തിൽ പിരമിഡിനുള്ളിൽ അടക്കം ചെയ്യുന്നു. രാജാക്കന്മാരുടെ വളർത്തുമൃഗങ്ങളെപ്പോലും ഇക്കൂട്ടത്തിൽ സംസ്കരിക്കും.



മൃതശരീരങ്ങൾ അടക്കം ചെയ്തിരിക്കുന്നതും മനുഷ്യാകൃതിയിലുള്ളതുമായ പലതരം പെട്ടികളും പിരമിഡിനുള്ളിൽ കാണാം. ഉള്ളിലേക്കുള്ള വഴി ഇടുങ്ങിയതാകയാൽ ഇതിനുള്ളിൽ പ്രവേശിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. തറനിരപ്പിൽനിന്ന് ഏതാനും മീറ്റർ മുകളിലാണ് പ്രവേശനകവാടം.

ഇസ്രായേല്യരായ അടിമകളെക്കൊണ്ട് വർഷങ്ങളോളം രാപകലില്ലാതെ പണിയെടുപ്പിച്ച് ഫറവോ രാജാക്കന്മാർ കെട്ടിപ്പൊക്കിയതാണ് ഈ ശവകുടീരങ്ങൾ. പലതരത്തിലുള്ള അഞ്ഞൂറോളം പിരമിഡുകൾ നൈൽനദീതീരത്തുണ്ട്. ഈ കൂറ്റൻ കല്ലുകൾ മുന്നൂറും നാനൂറും അടി മുകളിലെത്തിക്കുവാൻ മനുഷ്യർ സഹിച്ച കഷ്ടപ്പാടുകളും യാതനകളും ഊഹാതീതമാണ്.

ബി.സി. 2780-ാമാണ്ടിൽ ഭരിച്ചിരുന്ന ജോസർ എന്ന ഫറവോയുടെ ശവകുടീരമാണ് സ്റ്റെപേ പിരമിഡ്. നൂറു വർഷംകൊണ്ട് പൂർത്തിയായ ഈ പിരമിഡിന് നാനൂറ്റിപ്പതിമൂന്നടി നീളവും മുന്നൂറ്റിനാല്പത്തിനാലടി വീതിയും 200 അടി ഉയരവുമുണ്ടായിരുന്നു. രണ്ടാമത്തെ പിരമിഡ് ഖുഫുവിന്റെ പുത്രനായ പെഫ്രേയുടെതാണ് 609.5 അടി സമചതുരത്തിലാണ് ഇതിന്റെ അടിഭാഗം തുടങ്ങുന്നത്. മൂന്നാമത്തെ പിരമിഡ് പെഫ്രേയുടെ പുത്രൻ ജസറീനസിന്റേതാണ്. സിംഹത്തിന്റെ ഉടലും മനുഷ്യന്റെ തലയുമുള്ള ഭീമാകാരമായ ഒറ്റക്കല്ലിൽ തീർത്ത ഈ പിരമിഡ് സ്ഫിങ്സ് എന്ന പേരിലാണറിയപ്പെടുന്നത്. ശരീരത്തിന് 240 അടി നീളവും പൊക്കം 66 അടിയും. പെഫ്രേയോടു സാമ്യമുള്ള ഇതിന്റെ മുഖത്തിന് പതിന്നാല് അടിയോളം വീതിയുമുണ്ട്. ഇതിനെ നൈൽനദിയുടെ രക്ഷകനായി കരുതിയിരുന്നു. മണലിൽ പുതഞ്ഞു മൂടിക്കിടന്ന ഇതു കണ്ടെത്തുന്നത്, 1816ലാണ്. അടുത്തുകാണുന്ന ചെറിയ പിരമിഡുകളിൽ ഫറവോയുടെ ഭാര്യമാരായിരുന്ന രാജ്ഞിമാരെ അടക്കം ചെയ്തിരുന്നതാണ്.

ഈജിപ്ഷ്യൻസംസ്കാരത്തിന്റെ പതനത്തോടെ ഇതിനുള്ളിൽ നിക്ഷേപിച്ചിരുന്ന നിധിയും മറ്റു വിലപ്പിടിപ്പുള്ള സാധനങ്ങളും കൊള്ളയടിക്കപ്പെട്ടിട്ടുണ്ട്. നെപ്പോളിയനും അലക്സാണ്ടറും നിധിതേടി വന്നെങ്കിലും വെറും കയ്യോടെ തിരിച്ചുപോയതിന്റെ ചരിത്രവുമുണ്ട്. പിരമിഡിനുള്ളിൽ സൂക്ഷിച്ചിരുന്ന മൃതശരീരങ്ങളിൽ പലതും ഇപ്പോൾ ഈജിപ്റ്റ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പുരാവസ്തുഗവേഷണമന്ത്രാലയത്തിന്റെ അനുമതിയോടെ, 2500 വർഷം മുൻപ് ജീവിച്ചിരുന്ന ഒരു ഫറവോയുടെ കല്ലറ, ഡിസ്കവറി, സയൻസ് എന്നീ ചാനലുകളിൽ രാത്രിയിൽ ലൈവായി കാണിച്ചത് ലോകമെങ്ങുമുള്ള കോടിക്കണക്കിനാളുകൾ ടി.വിയിൽ കാണുകയുണ്ടായി. ദിവസേന ആയിരക്കണക്കിനാളുകൾ പിരമിഡുകൾ സന്ദർശിക്കുന്നുണ്ട്. അനേകരുടെ വിയർപ്പുതുള്ളികളും രക്തവും വീണു കുതിർന്ന ഈ മരുഭൂമിയിലെ ഓരോ മണൽത്തരികൾക്കും നിരവധി കഥകൾ പറയുവാനുണ്ടാകും. ഇതൊന്നുമറിയാത്ത മട്ടിൽ ഈജിപ്തിലെ പിരമിഡുകൾ തലയുയർത്തിത്തന്നെ നിൽക്കുന്നു.

ആരോഗ്യവീഥി



ഡോ. വിഷ്ണു മനോഹർ



## തൊണ്ടയിൽ വസ്തുക്കൾ കുടുങ്ങിയാൽ ?

**ആ**കസ്മികമായി തൊണ്ടയിൽ ആഹാരമോ മറ്റെന്തെങ്കിലും വസ്തുക്കളോ കുടുങ്ങിയാൽ പൊതുവെ സംസാരിക്കാനോ ശ്വസിക്കാനോ സാധിക്കാതെവരും. ഈ വസ്തുക്കൾ നമ്മുടെ ശ്വാസോച്ഛ്വാസത്തിനു തടസ്സം സൃഷ്ടിക്കുന്നു. ഈ അവസ്ഥയാണ് ചോക്കിങ് എന്നു പറയുന്നത്. ശ്വാസോച്ഛ്വാസം നടക്കാതെവന്നാൽ ശരീരത്തിൽ ഓക്സിജന്റെ അളവ് കുറയുകയും അതു നമ്മുടെ തലച്ചോറിനും മറ്റവയവങ്ങൾക്കും ദോഷകരമായിത്തീരുകയും ചെയ്യുന്നു. ഇതു നമ്മെ പതിയെ മരണത്തിലേക്കു നയിക്കും.

കുട്ടികൾ, വയോധികർ, പാർക്കിൻസൺ രോഗമുള്ളവർ, പക്ഷാഘാതം സംഭവിച്ചവർ, Cerebral palsy ബാധിച്ചവർ, മാനസിക വൈകല്യമുള്ളവർ എന്നിവർക്കു ഭക്ഷണമോ മറ്റു വസ്തുക്കളോ തൊണ്ടയിൽ കുടുങ്ങുവാനുള്ള സാധ്യത മുൻകൂട്ടി കാണുകയും അതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ചോക്കിങ് പ്രധാനമായും രണ്ടു രീതിയിലാണ് നമ്മുടെ ശ്വസനത്തെ ബാധിക്കുന്നത്.

**ഭാഗികമായി ബാധിക്കുമ്പോഴുള്ള ലക്ഷണങ്ങൾ**

ശ്വസിക്കുമ്പോൾ ചെറിയ തോതിലുള്ള ശബ്ദം കേൾക്കുക / വായിൽകൂടെ ശ്വസിക്കുമ്പോൾ കുറച്ചുമാത്രം വായു പുറത്തേക്കു പോകുന്നത് / പെട്ടെന്ന് ഉണ്ടാകുന്ന ചുമ / ഉത്കണ്ഠ വർധിക്കുന്നു / മരണത്തെ മുൻപിൽ കാണുന്ന ഭയം.

**പൂർണ്ണമായി ബാധിക്കുമ്പോഴുള്ള ലക്ഷണങ്ങൾ**

ചുമയ്ക്കുവാനോ ശ്വസിക്കാനോ സംസാരിക്കാനോ സാധിക്കാതെ വരുന്നത് / രണ്ടു കൈകളും കഴുത്തിൽ കൂട്ടിപ്പിടിച്ച് അസ്വാസ്ഥ്യം കാണിക്കുന്നു / വായിൽ കൂടെ ശ്വാസം അകത്തേക്കോ പുറത്തേക്കോ ശ്വാസോച്ഛ്വാസംചെയ്യാൻ പറ്റാത്ത അവസ്ഥ / രോഗി ശ്വാസം എടുക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിനു സാധിക്കാത്ത അവസ്ഥ.



**മുൻകരുതൽ**

ഏറ്റവും അടുത്തുള്ള ഒരു ആശുപത്രിയുടെ ഫോൺ നമ്പർ എപ്പോഴും കയ്യിൽ സൂക്ഷിക്കുക, അത്യാവശ്യസാഹചര്യത്തിൽ സഹായത്തിനായി അതിൽ ബന്ധപ്പെടുക. ഏറ്റവും അടുത്തുള്ള വ്യക്തിയോട് സഹായംതേടുക. അടുത്തുള്ള ആംബുലൻസ് സേവനംതേടുക. ഇതു മൂന്നും ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ എത്രയും വേഗം രോഗിയെ ആശുപത്രിയിൽ എത്തിക്കുക.

**ഭാഗികമായ തടസ്സങ്ങൾക്കുള്ള ചികിത്സാരീതികൾ**

കൂടെയുള്ളവർ ഭയപ്പെടാതെ രോഗിയുടെ കൂടെ നിൽക്കുക. രോഗി മുൻപോട്ടു ചാഞ്ഞിരിക്കുകയാണെന്നുറപ്പുവരുത്തുക. രോഗിയോട് ചുമയ്ക്കുവാൻ പറയുക. ഏറ്റവും വേഗത്തിൽ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിക്കുക.

**പൂർണ്ണമായ തടസ്സങ്ങൾക്കുള്ള ചികിത്സാരീതികൾ**

നേരത്തേ പറഞ്ഞ രീതികളിൽ സഹായം അഭ്യർത്ഥിക്കുക. രോഗി മുൻപോട്ടു ചാഞ്ഞിരിക്കുകയാണെന്നുറപ്പു വരുത്തുക. കൈകൊണ്ട് പുറത്ത് 5 പ്രാവശ്യം ശക്തമായി തട്ടുക. ഇങ്ങനെ ചെയ്യുമ്പോൾ കുടുങ്ങിയ വസ്തു പുറത്തുവരുന്നുണ്ടോയെന്നു നോക്കുക.

**എന്നിട്ടും തൊണ്ടയിൽ കുടുങ്ങിയ വസ്തു പുറത്തു വന്നില്ലെങ്കിൽ**

ചിത്രത്തിൽകാണുന്നതു പോലെ ചെയ്യുക (Heimlich Manoeuvre) ഇങ്ങനെ 5 തവണ ചെയ്തതിനു ശേഷം തൊണ്ടയിൽ കുടുങ്ങിയ വസ്തു പുറത്തു വന്നോയെന്നു നോക്കുക. ആശുപത്രിയിൽ എത്തുന്നതുവരെ ഈ പ്രക്രിയ തുടരുക. ഇതിനിടയിൽ രോഗി ബോധരഹിതനായാൽ ഉടനടി CPR തുടങ്ങുക. അതിനു ശേഷം എത്രയും പെട്ടെന്നു രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ ശ്രമിക്കുക.



**കുട്ടികൾക്കോ ശിശുക്കൾക്കോ ചോക്കിങ് സംഭവിച്ചാൽ**

കുട്ടിയെ കൈത്തണ്ടയിൽ കിടത്തി ചിത്രത്തിൽ കാണുന്നതു പോലെ 5 തവണചെയ്യുക. ഇങ്ങനെ 5 തവണ ചെയ്തതിനു ശേഷം തൊണ്ടയിൽ കുടുങ്ങിയ വസ്തു പുറത്തു വന്നോയെന്നു നോക്കുക. ആശുപത്രിയിൽ എത്തുന്നതു വരെ ഈ പ്രക്രിയ തുടരുക. ഇതിനിടയിൽ കുട്ടി ബോധരഹിതനായാൽ ഉടനടി CPR തുടങ്ങുക. അതിനു ശേഷം എത്രയും പെട്ടെന്നു കുട്ടിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ ശ്രമിക്കുക.



**കുട്ടികൾക്കും വയോധികർക്കുമുള്ള മുൻകരുതലുകൾ**

ശരിയായ രീതിയിൽ ഇരുന്നു ഭക്ഷണം കഴിക്കുക / ഭക്ഷണം മുഴുവനായി വായിൽനിന്ന് ഇറക്കിയതിനു ശേഷം മാത്രം അടുത്ത ഭക്ഷണം കൊടുക്കുക /കഴിക്കുക/ വായ ശുചിയായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക / ഭക്ഷണം നൽകുമ്പോൾ കുട്ടികൾക്കും വയോധികർക്കും പൂർണ്ണമായ ബോധം ഉണ്ടെന്ന് ഉറപ്പു വരുത്തുക / കുട്ടികളും വയോധികരും ഭക്ഷണം കഴിച്ചു കഴിയുന്നതുവരെ ശുശ്രൂഷകൻ കൂടെ നിൽക്കുക.

**ശിശുക്കൾക്കുള്ള മുൻകരുതലുകൾ**

ചെറിയ വലിപ്പത്തിലുള്ള വസ്തുക്കൾ കുട്ടികൾക്കു കളിക്കുവാനായി നൽകരുത് / ഭക്ഷണങ്ങൾ പൊടിരൂപത്തിൽ കുതിർത്തു നൽകുവാൻ എപ്പോഴും ശ്രദ്ധിക്കുക / ശിശുക്കൾ കളിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അവർക്ക് ഒരു മേൽനോട്ടം ഉറപ്പു വരുത്തുക /കുട്ടികളുടെ തൊണ്ടയിൽ പെട്ടെന്നു കുരുങ്ങുന്ന രീതിയിലുള്ള ഭക്ഷണവസ്തുക്കൾ അവർക്കു നൽകാതിരിക്കുക. ആവശ്യമെങ്കിൽ അതു മുറിച്ചു / പൊടിച്ചുനൽകുക.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ എമർജൻസി മെഡിസിൻ വിഭാഗം കൺസൽട്ടന്റാണ്.*



**മേരി സെബാസ്റ്റ്യൻ**



# വാർദ്ധക്യത്തിന്റെ പടവുകൾ

**കു**ളിരണിഞ്ഞ പ്രഭാതവും ചുട്ടുപൊള്ളുന്ന മധ്യാഹ്നവും താണ്ടി പ്രശാന്തതയിലേക്കു ചാഞ്ഞുകൊണ്ടിരിക്കുന്ന അസ്തമയസൂര്യനെപ്പോലെയാണ്, ബാല്യവും യൗവനവും പിന്നിട്ട് വാർദ്ധക്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഓരോ വ്യക്തിയുടെയും പരിണാമങ്ങൾ. ജനിക്കുന്നു, വളരുന്നു, ക്ഷയിക്കുന്നു, ഈ മൂന്നവസ്ഥകളും മനുഷ്യാസ്തിത്വത്തിന്റെ മേലുള്ള പ്രകൃതിനിയമമാണ്. ശരീരത്തിനു വിശ്രമം, മനസ്സിനു ശാന്തത, ആത്മാവിനു സാഫല്യം, വികാരങ്ങൾക്കു പക്വത, വിവേകത്തിനു വ്യാപ്തി, തൃഷ്ണയ്ക്കു തൃപ്തി ഇവയൊക്കെ വാർദ്ധക്യത്തിന്റെ സവിശേഷതകളാണ്.

കേരളത്തിലെ ജനസംഖ്യാനിരക്ക് മൂന്നരക്കോടിയോടടുക്കുന്നു. അതിൽ 40 ലക്ഷത്തിലധികം വയോധികരുണ്ട്. ഇന്ത്യയിലെ ജനസംഖ്യാനിരക്ക് 138 കോടിയോളമുണ്ട്. ഇതിൽ പത്തു ശതമാനത്തോളം ആളുകൾ, അതായത് 13.8 കോടി ജനങ്ങൾ വൃദ്ധരാണ്. ലോകജനസംഖ്യയിൽ 38 ശതമാനത്തോളംപേർ വയോധികരാണെന്നുള്ളതു ശ്രദ്ധേയം തന്നെ.

1990 ലാണ് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ വൃദ്ധർക്കായി ഒരു ദിനം മാറ്റിവച്ച് അവരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യണമെന്നു തീരുമാനമെടുത്തത്. 1991 മുതൽ എല്ലാ വർഷവും ഒക്ടോബർ ഒന്ന് വയോജനദിനമായി ആചരിക്കുന്നു.

ജീവിതാനുഭവങ്ങളുടെ കലവറയാണ് വാർദ്ധക്യം. അതുകൊണ്ടുതന്നെ ചരിത്രസംഭവങ്ങളുടെയും പൈതൃകപാരമ്പര്യങ്ങളുടെയും മാനുഷികമൂല്യങ്ങളുടെയുമൊക്കെ മുകളിൽനിന്നു ചിന്തിക്കുന്നവരാണ് വയോധികർ. ഒന്നോർത്താൽ ഈ പ്രശ്നസങ്കീർണമായ ലോകത്തെ താങ്ങിനിർത്തുന്ന നെടുംതൂണുകളാണ് വയോജനങ്ങൾ. കുടുംബത്തിൽ മാത്രമല്ല, സാമൂഹിക, സാംസ്കാരിക, മതരംഗങ്ങളിലെല്ലാം വൃദ്ധരുടെ സാമീപ്യവും സാന്നിധ്യവും ഒരു ചാലകശക്തിയായി നിലകൊള്ളുന്നു.

വാർദ്ധക്യം ജീവിതത്തിന്റെ അവസാനഘട്ടമായതിനാൽ ആത്മബജറ്റിന്റെ ഒരു കാലംകൂടിയാണ്. ജീവിതയാത്രയിൽ വന്നുഭവിച്ച സുഖദുഃഖങ്ങൾ നന്മതിന്മകൾ, ലാഭനഷ്ടങ്ങൾ, വിജയപരാജയങ്ങൾ തുടങ്ങി ഓരോന്നുമെടുത്ത് ഇഴ പരിശോധിക്കുന്ന കാലം. നന്മയിൽ അഭിമാനിക്കുവാനും തിന്മയിൽ അനുതപിക്കുവാനുമുള്ള കാലഘട്ടം. ദീർഘായുസ്സ് ദൈവത്തിന്റെ ദാനമാണ്. മനുഷ്യായുസ്സ് എഴുപത്, ഏറിയാൽ എൺപത് വർഷമെന്നു സങ്കീർത്തകൻ ഓർമ്മപ്പെടുത്തുന്നു. യുക്തമായ ആഹാരവിഹാരാദികളും ദൈവോന്മുഖമായ പ്രസാദചിന്തകളും മനസ്സിന്റെ തിരയിളക്കത്തെ കുറയ്ക്കുകയും വാർദ്ധക്യത്തിന്റെ ശോഭ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും, പ്രായമേറുന്നതനുസരിച്ച് വയോധികരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും പലവിധ മാറ്റങ്ങൾ കാണപ്പെടാറുണ്ട്. അവർ കൂടുതൽ പരാതിക്കാരും മുൻകോപികളും ദുശാഠ്യക്കാരുമായി മാറുന്നു. മറവിരോഗം, വിഷാദരോഗം, ഉറക്കക്കുറവ്, തലച്ചോറിന്റെ ശോഷണം, സന്ധിവേദന, പ്രഷർ, ഷുഗർ, കൊളസ്ട്രോൾ എന്നിങ്ങനെ പലവിധ ശാരീരികരോഗങ്ങളും ക്ഷണിക്കപ്പെടാത്ത അതിഥികളായി കടന്നുവരുന്നു. കാഴ്ചക്കുറവ്, കേൾവിക്കുറവ്, ചർമ്മവരൾച്ച, ജരാനരകൾ തുടങ്ങിയ വാർദ്ധക്യരോഗങ്ങൾക്ക് ഒരു പരിധിവരെയുള്ള പ്രതിവിധികൾ വൈദ്യശാസ്ത്രം ഇന്നു കണ്ടെത്തിയിട്ടുണ്ട്. അതിൽ പ്രധാനമാണ് ലോകമെങ്ങും പ്രചുരപ്രചാരം നേടിയിരിക്കുന്ന ജെറിയാട്രിക്സ് ചികിത്സാരീതി. നമ്മുടെ കേരളത്തിലും ഇമ്മാതിരി ക്ലിനിക്കുകൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നുവെന്നത് ഏറെ ശ്ലാഘനീയം തന്നെ.

ലോകത്തിന് മഹത്തായ സംഭാവനകൾ നൽകി ചരിത്രത്താളുകളിൽ ജീവിക്കുന്ന അനേകം ബഹുമുഖപ്രതിഭകൾ തങ്ങളുടെ പ്രദോഷസന്ധ്യാവേളകളിലാണ് ഔന്നത്യത്തിന്റെ പടവുകൾ ചവിട്ടിക്കയറിയത്. ഗെയ്ഥെ തന്റെ 82-ാം വയസ്സിലാണ് 'ഫൗസ്റ്റ്' എന്ന കൃതി എഴുതിത്തുടങ്ങിയത്. മൈക്കലാഞ്ചലോ തന്റെ 88-ാം വയസ്സിലാണ് സാന്റോ മരിയദൈവാലയത്തിന് രൂപകല്പന ചെയ്തത്. 90-ാം വയസ്സിലും പിക്കാസോ നിരവധി വിശ്വപ്രസിദ്ധചിത്രങ്ങൾ വിരച്ചിരുന്നു. ബർണാർഡ് ഷാ തന്റെ വിശ്വോത്തരനാടകങ്ങൾ രചിച്ചത് വാർദ്ധക്യത്തിലായിരുന്നു. ടാഗോർ, ടോൾസ്റ്റോയി, തകഴി, വള്ളത്തോൾ, സി. മേരി ബനീഞ്ഞാ തുടങ്ങി നിരവധി സാഹിത്യപ്രതിഭകൾ വാർദ്ധക്യത്തിലും തങ്ങളുടെ സർഗ്ഗശേഷി തെളിയിച്ചവരാണ്. വാർദ്ധക്യത്തിന്റെ പിടിയിലായിരുന്നപ്പോഴും വി. മദർ തെരേസയുടെ ആതുരസേവനം എത്രയോ സ്തുത്യർഹമായിരുന്നു. ലോകം നമിക്കുന്ന ഫ്രാൻസീസ് പാപ്പായുടെ വൃദ്ധകരങ്ങളിൽ കത്തോലിക്കാസഭ എത്രയോ ഭദ്രം!!

ഇങ്ങനെയൊക്കെയാണെങ്കിലും ഇതിനൊരു മറുവശം കൂടിയുണ്ട്. ഒരായുസ്സ് മുഴുവൻ കുടുംബത്തിനുവേണ്ടി ചോര നീരാക്കി അഹോരാത്രം കഷ്ടപ്പെട്ട് അവസാനനാളുകളിൽ വൃദ്ധമന്ദിരങ്ങളിലും വഴിയോരങ്ങളിലും ജീവിതം തീർക്കുന്ന വയോധികരുടെ അവസ്ഥ ഏറെ ശോചനീയമാണ്. മൂല്യങ്ങളും ബന്ധങ്ങളും കാറ്റിൽ പ്പറത്തുന്ന എത്രയെത്ര കഥകളാണ് കാലഘട്ടത്തിനു പറയാനുള്ളത്.

സോഷ്യൽമീഡിയയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നതും ചൂടുള്ളതുമായ വാർത്തയാണ് വൺ ഇന്ത്യാ, വൺ പെൻഷൻ 10000 രൂപയെന്നത്. വയോധികരുടെ ജീവിതപ്രശ്നങ്ങൾ പതിനായിരം രൂപയിൽ മാത്രം തീർക്കാവുന്നതല്ല എന്ന തിരിച്ചറിവുകൂടി ഉണ്ടാവണം. അവർക്കു വേണ്ടത് ശുശ്രൂഷയും പരിഗണനയും കാരുണ്യവുമാണ്. ഗവൺമെന്റു ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ വയോധികർക്കു മാന്യമായി ജീവിക്കാനുള്ള ക്ഷേമപെൻഷൻ നൽകി നീതി പുലർത്തുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കട്ടെ.

■

# അവർ അവശേഷിപ്പുകളല്ല തിരുശേഷിപ്പുകളാണ്



**സി. ലിനറ്റ് എഫ്.സി.സി**

ലോകജനത ഇന്നു കൊറോണഭീതിയിലാണ്. ചില പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങൾ. ആളുകൾ ആശങ്കയിലാണ് കഴിയുന്നത്. ഇതു കൂടുതലായി ബാധിച്ചിരിക്കുന്നത് നമ്മുടെ വന്ദ്യവയോധികരെയാണ്. എല്ലാ രംഗങ്ങളിലും സാമൂഹികബന്ധം അവർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു. മനസ്സിനും ആത്മാവിനും പോഷണം നൽകുന്ന ഉപാധികൾ ഇല്ലാതായി. തീർത്തും ഒറ്റപ്പെട്ട അനുഭവം.

ചെറുപ്പകാലത്ത് സ്കൂളിൽ പോകുമ്പോൾ വഴിയരികിലുള്ള



ചെറിയ ചായക്കടയിൽ നല്ല തിരക്കു കാണാറുണ്ട്. എന്തെന്നല്ലേ, അവിടുത്തെ ചായയ്ക്ക് നല്ല രുചിയുണ്ട്. പഴയ ആ അരിപ്പയ്ക്ക് ജനങ്ങളെ ഇത്രമാത്രം തൃപ്തിപ്പെടുത്താമെങ്കിൽ, കുടുംബങ്ങളിൽ വന്ദ്യവയോധികരുടെ സംഭാവന എത്രയോ ശ്രേഷ്ഠമാണ്! അനേകവർഷത്തെ അനുഭവസമ്പത്തുകൊണ്ട് ഫലംചൂടിനിൽക്കുന്ന പടുകൂറ്റൻ വൃക്ഷങ്ങളാണ് നമ്മുടെ വന്ദ്യരായ വൃദ്ധമാതാപിതാക്കൾ. ഒരായുസ്സുമുഴുവൻ കുടുംബത്തിനും മക്കൾക്കും സമൂഹത്തിനുംവേണ്ടി ചോര നീരാക്കിയവർ. ''വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും. അവർ എന്നും ഇലചൂടി പുഷ്ടിയോടെ നില്ക്കും" (സങ്കീ. 92:14).

"പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക, മരിക്കുന്നതുവരെ അവനു ദുഃഖമുണ്ടാക്കരുത്" (പ്രഭാ.3:12). നമ്മുടെയിടയിൽ നല്ലൊരു ശതമാനം ആളുകളും പ്രായമായവരെ പരിഗണിക്കുന്നവരാണ്. എങ്കിലും വളരെക്കുറച്ച് ആളുകളിലെങ്കിലും ഈ വചനം ജീവിച്ചു കാണുന്നില്ല. നമ്മുടെ വൃദ്ധമാതാപിതാക്കൾ അവശേഷിപ്പുകളല്ല, തിരുശേഷിപ്പുകളാണ്. പ്രായമാകുമ്പോൾ ഓർമ്മക്കുറവ്, കാഴ്ചക്കുറവ്, കേൾവിക്കുറവ് തുടങ്ങിയ ശാരീരികബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഇവരെ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കണമെന്ന് വചനം പറയുന്നു: "നിനക്കു ജന്മം നൽകിയ പിതാവിനെ അനുസരിക്കുക, വൃദ്ധയായ അമ്മയെ നിന്ദിക്കരുത്" (സുഭാ. 23:22). "നിങ്ങൾക്കു നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം വസിക്കുന്നതിനുംവേണ്ടി പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന ഇതത്രേ" (എഫേ. 6:23). ''ഞാൻ നിന്നോട് അഭ്യർത്ഥിക്കുന്നു: കടന്നുപോയ തലമുറകളോട് ആരായുക. പിതാക്കന്മാരുടെ അനുഭവങ്ങൾ പരിഗണിക്കുക, ഇന്നലെ പിറന്ന നമുക്ക് ഒന്നും അറിഞ്ഞുകൂടാ. ഭൂമിയിലെ നമ്മുടെ ജീവിതം നിഴൽപോലെ മാഞ്ഞുപോകുന്നു. അവർ നിന്നെ പഠിപ്പിക്കും. വിജ്ഞാനവചസ്സുകൾ നിനക്ക് ഉപദേശിച്ചുതരും" (ജോബ് 8:8-10).

മൂല്യങ്ങളാണ് കുടുംബത്തിന്റെ മൂലധനം. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ കുടുംബങ്ങളിലുണ്ടായിരുന്ന നല്ല ശീലങ്ങൾ കൈമോശം വന്നുപോയിരിക്കുന്നു. തിരുവചനം പറയുന്നു: "പ്രായം ചെന്ന് നരച്ചവരുടെ മുമ്പിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം" (ലേവ്യ 19:32). എഴുപതു ജന്മം ഞാൻ എന്റെ അമ്മയുടെ കാൽ കഴുകിയാലും അമ്മ എന്നെ ഒരു നിമിഷം നോക്കിയതിനു പകരമാവുകയില്ല എന്നാണ് ശങ്കരാചാര്യർ പറഞ്ഞത്.

ഞാൻ കൊടുത്തത് എനിക്കുണ്ടായിരുന്നതാണ്. ഞാൻ ചെലവാക്കിയത് എനിക്കുണ്ടായിരുന്നതാണ്. നമുക്കുള്ള വിദ്യാഭ്യാസത്തിനും പണത്തിനും തരാൻ കഴിയാത്ത പലതും - പ്രാർത്ഥനയുടെ ബാലപാഠങ്ങൾ, കഠിനാധ്വാനത്തിന്റെ ഫലം, പങ്കുവയ്ക്കലിന്റെ മഹത്ത്വം, കാരുണ്യത്തിന്റെ തലോടൽ - വരുംതലമുറയ്ക്കു പകരുവാൻ വന്ദ്യരായ വൃദ്ധമാതാപിതാക്കൾക്കു തീർച്ചയായും കഴിയും.

അവസാനമായി ഓർക്കുക: 'പിതാവിനെ ബഹുമാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും' (പ്രഭാ. 3:5). മാതാപിതാക്കളുടെ പ്രവൃത്തിയാണ് സംസാരത്തെക്കാൾ മക്കളെ പ്രചോദിപ്പിക്കുന്നത്. നാം കാണിക്കുന്ന മാതൃക കണ്ട് വരുംതലമുറ നമ്മെ സ്നേഹിക്കുന്നതിനു നിമിത്തമാകട്ടെ. മാതാപിതാക്കളുടെ അനുഗ്രഹമാണ് കുടുംബത്തിന്റെ ഐശ്വര്യം. അവരുടെ പ്രാർത്ഥനയാണ് നമ്മുടെ ബലം.

■



നോവൽ

ജോർജ് പുളിങ്കാട്

# ഇടം

## അദ്ധ്യായം 5

നഗരത്തിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ ഹെൽത്ത് കെയറിലാണ് മീരാ ജോർജിനെ അഡ്മിറ്റാക്കിയിരിക്കുന്നത്. പുഴക്കര വക്കച്ചന്റെ സുഹൃത്താണ് ഹോസ്പിറ്റലിന്റെ എം.ഡി. മാനുവൽ. വർഷത്തിൽ രണ്ടുമൂന്നു തവണ ചെക്കപ്പിനായി വക്കച്ചൻ മകളെ അവിടെ പ്രവേശിപ്പിക്കാറുണ്ട്. ഇപ്പോൾ ലക്ഷ്യം ചെക്കപ്പല്ല. കളക്ടർക്കിട്ടും എസ്.പി.ക്കിട്ടും പണി കൊടുക്കുകയാണ്. രാജകീയസൗകര്യങ്ങളുള്ള ഹോസ്പിറ്റൽ റൂമിലേക്ക് രാവിലെ പത്തുമണിയായപ്പോൾ വക്കച്ചനെത്തി. മകൾക്കു കരിക്കിൻവെള്ളം കൊടുത്തുകൊണ്ടിരുന്ന ഫിലോമിന എഴുന്നേറ്റ് ആദരവുകാട്ടി.



"മോളേ, മീരാ, ഇവിടെ സൗകര്യങ്ങൾക്കൊന്നും ഒരു കുറവുമില്ലല്ലോ?'' ബെഡ്ഡിനടുത്തെത്തി മീരയുടെ കൈത്തണ്ടയിൽ പിടിച്ചുകൊണ്ടു വക്കച്ചൻ തിരക്കി.

"ഒരു കുറവുമില്ല പപ്പാ, ഫുഡ്ഡൊക്കെ നല്ലതാ. എന്നാലും ഇപ്പഴിങ്ങോട്ടു വരണ്ടായിരുന്നു. നമ്മള് ചെക്കപ്പ് കഴിഞ്ഞിട്ട് ഒരു മാസംപോലുമായിട്ടില്ലല്ലൊ?"

"ഇത് ചികിത്സയ്ക്കു വന്നതല്ല മോളെ. നമ്മുടെ വീട് രക്ഷിക്കാനുള്ള ഒരു ആക്ഷനായിട്ടു കരുതണം."

"വീട് അവര് ഇന്ന് ഇടിച്ചുനിരത്തുമോ, പപ്പാ."

"ഏയ്. ഇല്ല. ഒരിക്കലുമില്ല. ഇന്നലെ കളക്ടറും എസ്.പി.യുമൊക്കെ വന്ന കാര്യം ഞാൻ മോളോടു പറഞ്ഞില്ലേ?"

"പറഞ്ഞു."

"കളക്ടറ് ഒരു പെണ്ണാ. ഒരു കാലത്ത് നമ്മുടെ പണിക്കാരനും ഡ്രൈവറുമൊക്കെയായിട്ടു നടന്ന കാലൻ മാത്തന്റെ മകള് കളക്ടറായിരിക്കുന്നു. മാത്തന്റെ മകളാണോ അതോ അമ്മ വേറേ സമ്പാദിച്ചതാണോ അവളെയെന്ന് എനിക്കു സംശയമുണ്ട്."

"ഇങ്ങനെയൊക്കെ പറയാതിച്ചായാ. അവരിന്നലെ വന്നപ്പം എന്തെല്ലാം പറഞ്ഞ് ആക്ഷേപിച്ചു. ആ പറച്ചിലുകൊണ്ടു ഗുണമല്ല, ദോഷമേ ഉണ്ടായിട്ടുള്ളൂ." ഫിലോമിന ഇടയ്ക്കുകയറി പറഞ്ഞു.

"നീ മിണ്ടരുത്. ഞാനാ വൃത്തികെട്ടവളെ പൂച്ചെണ്ട് നൽകി സ്വീകരിക്കണമായിരുന്നെന്നാണോ? തികഞ്ഞ അഹങ്കാരിയാ. അതല്ലേ ചാർജെടുത്തതേ ഇങ്ങോട്ടു കെട്ടിയെടുത്തത്. തിന്ന ചോറിന് നന്ദിയില്ലാത്ത നായ." വക്കച്ചൻ വിറകൊണ്ടു.

"പപ്പാ, മമ്മിയോടു ദേഷ്യപ്പെടാതെ. സലോമിയെക്കുറിച്ച് ഇന്നലെ പത്രത്തിലൊക്കെയുണ്ടായിരുന്നു. എന്തെല്ലാം ദുരിതങ്ങൾ അനുഭവിച്ചാ ആ കുട്ടി ഇത്ര വലിയ സ്ഥാനത്തെത്തിയത്. നമ്മുടെ വീട്ടിൽ വന്നപ്പം കയറിയിരിക്കാൻ പറയാമായിരുന്നു. ചിലപ്പോൾ എന്നെക്കാണാൻ എന്റടുത്തു വരുമായിരുന്നു." മീര പ്രതികരിച്ചു.

വക്കച്ചൻ മകളുടെ വാക്കുകൾക്കു മുമ്പിൽ അല്പം തണുത്തു.

"മോളേ, മീരാ, നീ കരുതുന്നപോലെയല്ല ആ പെണ്ണ്. അവൾക്ക് എന്നോടും ഈ കുടുംബത്തോടും വൈരാഗ്യമുണ്ട്. മാത്തനെ ഞാൻ കൊല്ലിച്ചതാന്ന് നാട്ടിലൊരു വർത്തമാനമുണ്ട്. അതവളുടെ ചെവിയിലുമെത്തീട്ടുണ്ട്. പദവി കിട്ടിയതേ അവള് പകരം വീട്ടാനിറങ്ങിയിരിക്കുകാ."

''എനിക്കൊന്നുമറിയില്ല, പപ്പാ." മീര ദീനമായി പുഞ്ചിരിച്ചു.

വക്കച്ചൻ മകൾക്കരികെ കസേര വലിച്ചിട്ടിരുന്നു.

"മോളേ, കളക്ടറെ ഒതുക്കാതെ നമ്മുടെ വീട് രക്ഷിക്കാനാവില്ല. ഇത്രയും മനോഹരമായ ഒരു വീട് ഈ കേരളക്കരയിൽത്തന്നെ വേറേ കാണില്ല. ജനാലയിലൂടെ കായലും അതിലെ കാഴ്ചകളും കാണാൻ എന്റെ മോൾക്കുവേണ്ടി മാത്രം തീർത്തതല്ലേ?"

"എനിക്കതറിയാം പപ്പാ.'' ഒത്തിരി പണം മുടക്കി. ബുദ്ധിമുട്ടി. നമ്മുടെ വീടിനെ ഞാനൊത്തിരി ഇഷ്ടപ്പെടുന്നുണ്ട്. സ്നേഹിക്കുന്നുണ്ട്. മറ്റുള്ളവരെപ്പോലെ ഈ ഭൂമിയിൽ ഓടിച്ചാടി നടക്കാൻ വയ്യാത്ത എനിക്ക് ഇതൊക്കെയായിരുന്നു ഒരു സന്തോഷം."

"വീടിടിച്ചുനിരത്താൻ വന്നാൽ സമ്മതിച്ചുകൊടുക്കുന്നതെങ്ങനെ? മോളേ, ഞാൻ കളക്ടർക്കും എസ്.പി.ക്കുമെതിരേ ആഭ്യന്തരമന്ത്രിക്കും, ഐ.ജി.ക്കും ഒരു കംപ്ലയിന്റ് കൊടുത്തിട്ടുണ്ട്. എന്റെ സ്വാധീനം ഉപയോഗിച്ചിട്ടുമുണ്ട്. അന്വേഷണത്തിന് ഉന്നതതലസംഘം ഇന്നോ നാളയോ ഹോസ്പിറ്റലിലെത്തും. അപ്പോൾ മീരമോളുടെ സഹായം വേണം." വക്കച്ചൻ പറഞ്ഞു.

അതുകേട്ട് ഫിലോമിനയും മീരയും അന്തിച്ചുപോയി.

"ഇച്ചായനിതെന്തു വെളിവുകേടൊക്കെയാ കാണിക്കുന്നെ? അതിനുവേണ്ടി മോളെക്കൂടി വെഷമിപ്പിക്കാനാണോ ഭാവം?'' ഫിലോമിന വിഷമത്തോടെ പറഞ്ഞു.

"ഫിലോമിനാ, നീയീക്കാര്യത്തിൽ അധികം ഇടപെടണ്ട. ഒരു കേസു ജയിക്കണമെങ്കിൽ പല തന്ത്രങ്ങളും പയറ്റേണ്ടിവരും. ഇതൊക്കെ വക്കീലിനോടു ചോദിച്ചിട്ട്, ഞാൻ ചെയ്യുന്നതാ." വക്കച്ചൻ വിരൽചൂണ്ടി ശാസിച്ചു.

"ഈ ദയനീയാവസ്ഥയിലുള്ള ഞാൻ എന്തു ചെയ്യണമെന്നാ പപ്പാ പറയുന്നത്?" മീര ദയനീയമായി വക്കച്ചനെ നോക്കി.

"എന്റെ മോള് ഒരു നുണയും പറയണ്ട. ആ എസ്.പി. വീട്ടിൽക്കയറി വന്ന് പേടിപ്പിച്ചെന്നും കളക്ടർ വീട് പൊളിച്ചുമാറ്റുമെന്നു പറഞ്ഞെന്നും മാത്രം പറഞ്ഞാൽ മതി. അതു സംഭവിച്ച കാര്യമാ. രണ്ടുപേരും ഒച്ചവയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതു തന്നെയാ."

''പപ്പാ... അവരെ ഞാൻ കണ്ടുപോലുമില്ലല്ലൊ. ഞാനിതൊന്നും കേട്ടുമില്ല." മീര പറഞ്ഞു.

"അങ്ങനെ പറയരുത്. പപ്പാ കുടുക്കിലാകും. നമ്മുടെ കുടുംബത്തിനുവേണ്ടി, മോളിങ്ങനെയൊരു ചെറിയ കാര്യം ചെയ്യണം. ഇവിടുത്തെ ഡോക്ടർ നല്ല തരത്തിൽ മൊഴി കൊടുക്കും. മാത്തന്റെ മകളുടെ അഹങ്കാരം തീർക്കണം. സുപ്രീംകോടതി വിധി വരുന്നവരെ അവളനങ്ങാതിരിക്കാൻ നമുക്കിതേ വഴിയുള്ളൂ മോളെ."

മീരയുടെ മുഖം മങ്ങി. അവൾ നിശ്ശബ്ദയായി ചുമരിലേക്കു നോക്കിക്കിടന്നു. ഫിലോമിന എന്തോ പറയാൻ ഭാവിച്ചെങ്കിലും വേണ്ടെന്നു വച്ചു.

"മോളേ, മീരമോളെ, പപ്പാ ഓരോന്നു ചെയ്യുന്നത് നിന്റെ സന്തോഷത്തിനാ. ഇക്കാര്യത്തിൽ പപ്പായെ മോളനുസരിക്കണം. പപ്പാ അപേക്ഷിക്കുകയാ." വക്കച്ചൻ മകളുടെ മുമ്പിൽ കെഞ്ചിപ്പറഞ്ഞു.

"സലോമിയെ എന്തിനാ പപ്പാ ഇങ്ങനെ ദ്രോഹിക്കുന്നെ? അവൾ എത്ര നല്ലവളാ. എന്തുമാത്രം കഷ്ടപ്പാടുകൾ സഹിച്ചാ അവളിന്നീ നിലയിലെത്തിയത്. അവളുടെ ഫോൺ നമ്പർ കിട്ടിയാൽ ഞാൻ വിളിക്കാം. വീടു പൊളിക്കാതിരിക്കാൻ എന്തെങ്കിലും വഴിയുണ്ടോയെന്നു ചോദിക്കാം."

വക്കച്ചന്റെ മുഖമിരുണ്ടു. കണ്ണുകളിൽ ക്രൗര്യം പടർന്നു.

"വേണ്ട. എന്നെ യാരും സഹായിക്കണ്ട. ഒത്തിരി പ്രതീക്ഷയോടെ നടത്തിയ ആക്ഷനാ പൊളിയുന്നത്. സഹിച്ചോളാം. എല്ലാം ഞാൻ തന്നെ സഹിച്ചോളാം. കൊടുത്ത പരാതി പിൻവലിക്കാം. അതേ ഇനി മാർഗ്ഗമുള്ളൂ." വക്കച്ചൻ രോഷത്തോടെ പറഞ്ഞു. അയാൾ പിന്നെ ചവിട്ടിക്കുലുക്കിയിറങ്ങിപ്പോയി. പാർക്കിംഗ് ഏരിയായിൽ ചെന്ന് കാറിൽ കയറി. ചീറിപ്പായുകയായിരുന്നു, അഡ്വക്കേറ്റ് ജയപാലിന്റെയടുത്തേക്ക്. ചില പ്രധാന കേസുകൾ ജൂണിയേഴ്സിനെ ഏല്പിച്ച് കോടതിയിൽ പോകാതെ വക്കച്ചനെ കാത്തിരിക്കുകയായിരുന്നു പ്രമുഖ അഭിഭാഷകനായ ജയപാലൻ. സർവ്വം തകർന്നവനെപ്പോലെ ഡോർ തുറന്ന് വക്കച്ചൻ അകത്തു കയറി.

"അച്ചായാ... വാ... വാ... വന്നിരിക്ക്." അഡ്വക്കേറ്റ് ജയപാലൻ ആഹ്ലാദത്തോടെ സ്വാഗതം ചെയ്തു. വക്കച്ചന്റെ മുഖത്തെ ഭാവമാറ്റം അഡ്വക്കേറ്റ് ശ്രദ്ധിച്ചു.

''എന്താ വക്കച്ചായാ, ഒരു വല്ലായ്മ." ജയപാലൻ തിരക്കി.

"കാര്യങ്ങൾ മുഴുവൻ അട്ടിമറിഞ്ഞു വക്കീൽസാറേ" കസേരയിൽ കടന്നിരുന്നുകൊണ്ട് പുഴക്കരവക്കച്ചൻ പറഞ്ഞു. മകൾ അനുകൂലമൊഴി നൽകാൻ വിസമ്മതിച്ച സാഹചര്യം അയാൾ വക്കീലിനെ അറിയിച്ചു.

അഡ്വക്കേറ്റ് ജയപാൽ തലയിൽ കൈവച്ചു.

"ഇത് നമുക്കൊരിരുട്ടടിയായല്ലിച്ചായാ. അന്വേഷണസംഘത്തോട് മീര സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞാൽ വാദി പ്രതിയാകും. കളക്ടർക്കും എസ്.പി.ക്കുമെതിരേ വ്യാജപരാതി നൽകിയതിന് ശിക്ഷ കിട്ടാനും സാധ്യതയുണ്ട്. മകളെക്കൊണ്ട് മൊഴി പറയിക്കുന്ന കാര്യമേറ്റന്നൊക്കെ വക്കച്ചായൻ പറഞ്ഞതുകൊണ്ടല്ലേ ഞാനീ 'പൂഴിക്കടകൻ' പയറ്റിയത്.

"എങ്ങനെയെങ്കിലും കൊടുത്ത പരാതി പിൻവലിക്കണം. നമ്മുടെ തടി രക്ഷിക്കണം.'' വക്കച്ചൻ പറഞ്ഞു. അഡ്വക്കേറ്റ് ജയപാലൻ മറുപടി പറയാതെ ഏതാനും നിമിഷം തല കുനിച്ചിരുന്നു. പിന്നെ മുഖമുയർത്തി വക്കച്ചനെ നോക്കി.

''വക്കച്ചായാ, ഞാനാണെങ്കിൽ രണ്ടുമൂന്നു ചാനലുകാരെയും ഫ്ളാഷ് ന്യൂസടിക്കാൻ ഓപ്പറേറ്റ് ചെയ്തിട്ടുണ്ടായിരുന്നു. മകളുടെ മൊഴിയെടുത്താലുടനെ തട്ടിവിടാനായിരുന്നു പദ്ധതി. ശ്ശെ!" വക്കീൽ അസ്വസ്ഥനായി.

"വഴികേടെല്ലാം എന്റെ ഭാഗത്താ. വക്കീൽസാറ് ക്ഷമിക്കണം. എത്രയും പെട്ടെന്ന് പരാതി പിൻവലിച്ച് നമുക്കു തലയൂരണം." വക്കച്ചൻ കൈകൂപ്പിക്കൊണ്ടു പറഞ്ഞു.

വക്കീൽ ആലോചനയിലാണ്ടു.

"വക്കച്ചായാ, എളിയ നിലയിൽനിന്നുവന്ന കളക്ടറെ തുടക്കത്തിലേ പ്രതിസന്ധിയിലാക്കാൻ താത്പര്യമില്ലാത്തതുകൊണ്ട് പരാതി പിൻവലിക്കുകയാണെന്ന് അറിയിക്കാം."

"മതി. അതു മതി. ഒത്തിരി നന്ദിയുണ്ട് എനിക്കു വക്കീലിനോട്."

വക്കച്ചൻ പിന്നെയും കൈകൂപ്പി.

"അച്ചായൻ ഇന്നലെ രാത്രിയിൽ നമ്മുടെ എതിർകക്ഷിയായ ജിനേഷിനെ കൈകാര്യം ചെയ്യാൻ ഗുണ്ടകളെ വിട്ടോ?'' വക്കീൽ തിരക്കി.

"വിട്ടു. അവനെയങ്ങനെ വെറുതേ വിടാൻ പറ്റില്ലല്ലോ. എന്നോടവൻ ചെയ്യുന്ന ദ്രോഹത്തിനു കണക്കില്ല."

"അച്ചായാ, അവൻ എസ്.പി.ക്കും കളക്ടർക്കും പരാതി നൽകി. പ്രേരണക്കുറ്റം അച്ചായനെതിരേയുമുണ്ട്. ഇന്നു രാവിലെ മുതൽ ആ പയ്യന് പോലീസ് പ്രൊട്ടക്ഷനും നൽകിയിരിക്കുന്നു! അതു നമുക്ക് ക്ഷീണമുണ്ടാക്കും." വക്കീൽ പറഞ്ഞു.

വക്കച്ചൻ പകച്ചിരുന്നു.

(തുടരും)

# കർഷകർ ചതിക്കുഴിയിലേക്കോ?

*1-ാം പേജ് തുടർച്ച*

ഏതു കാർഷികോത്പന്നവും എത്ര വേണമെങ്കിലും സ്റ്റോക്കു ചെയ്യുന്നതിനു തടസമില്ല.

പെട്ടെന്നു നശിക്കാവുന്ന കാർഷികോത്പന്നങ്ങൾക്ക് (പെരീഷബിൾ ഗുഡ്സ്) ശരാശരി 50 ശതമാനവും ഹോർട്ടികൾച്ചർ ഉൾപ്പെടെ അല്ലാത്തവയ്ക്ക് (നോൺ പെരീഷബിൾ ഐറ്റംസ്) നൂറു ശതമാനവും വില കൂടിയാൽ മാത്രം സംഭരണ നിയന്ത്രണം അടക്കം സർക്കാർ ഇടപെട്ടാൽ മതിയെന്നു വ്യവസ്ഥ ചെയ്യുന്നതാണ് അവശ്യസാധന ഭേദഗതി നിയമം.

ഒരു വർഷത്തെയോ അഞ്ചു വർഷത്തെയോ ശരാശരി (ഇതിൽ ഏതാണോ കുറവ്) വിലയാകും കണക്കാക്കുക. തൊട്ടുമുമ്പുള്ള വർഷമോ വർഷങ്ങളിലോ ന്യായമായ വിലയെക്കാൾ വളരെ കൂടുതൽ വില ഇടയ്ക്കെല്ലാം കൂടിയിട്ടുള്ളവയുടെ ശരാശരി വില കണക്കാക്കുമ്പോൾ ശരാശരി വില കൂടുതലായേക്കും. ഫലത്തിൽ, വില വളരെക്കൂടിയാലും സർക്കാർ ഇടപെടൽ ഉണ്ടാവില്ല.



ഭക്ഷ്യോത്പന്നങ്ങളുടെ വില കുത്തനെ കൂടുമ്പോഴും പുതിയ ഭേദഗതിയനുസരിച്ച് അത്യപൂർവ അവസരങ്ങളിൽ മാത്രമാകും സർക്കാർ ഇടപെടുക. യുദ്ധം, വലിയ പ്രത്യാഘാതം ഉണ്ടാക്കിയ പ്രകൃതിദുരന്തം, കൊടുംപട്ടിണി, അസാധാരണ വിലക്കയറ്റം തുടങ്ങിയവയാണ് ഈ അത്യപൂർവ അവസരങ്ങൾ.

- കർഷക ശക്തീകരണ, സംരക്ഷണ ബിൽ

കേട്ടാൽ സുഖമുള്ള പേരു നൽകിയ, കർഷക ശക്തീകരണ, സംരക്ഷണ ബിൽ കരാർ കൃഷിക്കു നിയമപ്രാബല്യം നൽകുന്നതാണ്. കർഷകനും അവന്റെ വിളകൾ വാങ്ങുന്നവനുംതമ്മിൽ കൃഷിക്കു മുമ്പേ കരാറിലേർപ്പെടാനാകും. വൻകിടക്കാർക്ക് ആവശ്യമായ കാർഷികോത്പന്നം അവർക്കുവേണ്ടി അവർ പറയുന്ന രീതിയിലും അളവിലും കർഷകൻ ഉത്പാദിപ്പിച്ചു നൽകാമെന്നതാണു കരാർ.

പൈനാപ്പിൾ, നെല്ല്, റബർ അടക്കമുള്ളവയ്ക്ക് കേരളത്തിൽ ചെറിയ തോതിൽ കരാർ കൃഷി നിലവിലുണ്ടെങ്കിലും ഇവയൊന്നും കർഷകനു ദോഷകരമാകാറില്ല. എന്നാൽ, കുത്തകക്കമ്പനികളും ലാഭക്കൊതിയന്മാരായ മൊത്തക്കച്ചവടക്കാരും ഇടനിലക്കാരുമെല്ലാം കരാർ കൃഷിയുടെ പേരിൽ പാവപ്പെട്ട കർഷകനെ ചതിയിലും കുരുക്കിലുമാക്കാനുള്ള സാധ്യതകൾ ഏറെയാണ്.

ചുരുങ്ങിയത് ഒരു കൃഷിസീസണിലേക്കോ വളർത്തുമൃഗങ്ങളുടെ ഒരു ഉത്പാദനകാലയളവിലേക്കെങ്കിലുമോ കർഷകൻ കരാർ ഒപ്പിടണം. അഞ്ചു വർഷത്തിലേറെ ഉത്പാദനകാലയളവില്ലാത്തവയുടെ കാര്യത്തിൽ പരമാവധി അഞ്ചു വർഷത്തേക്കാകും കരാർ കാലാവധിയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാർഷികോത്പന്നത്തിന്റെ വില കരാറിൽ നിജപ്പെടുത്തണം. വിലവ്യതിയാനം വരുന്നവയുടെ കാര്യത്തിൽ ചുരുങ്ങിയ വിലയാകും രേഖപ്പെടുത്തുക. ഇത്തരം കേസുകളിൽ ഉറപ്പു നൽകിയ വിലയുടെ ഉപരിയായ തുകയെക്കുറിച്ചും കൃത്യമായ റഫറൻസ് ഉണ്ടാകണം. വില നിശ്ചയിക്കുന്നതിന്റെ രീതിയും പ്രക്രിയയും കരാറിൽ രേഖപ്പെടുത്തണം.

മൊത്തക്കച്ചവടക്കാർ, റിലയൻസ്, അദാനി, ബിർള പോലെ രാജ്യമാകെ ശൃംഖലകളുള്ള വൻകിട ചില്ലറ വില്പനക്കാർ, ഫാക്ടറികൾ അടക്കം വൻ സംസ്കരണക്കാർ, കയറ്റുമതിക്കാർ എന്നിവർക്കെല്ലാം സാധാരണ കർഷകരുമായി കരാർ കൃഷിയിൽ ഏർപ്പെടാൻ നിയമം സഹായിക്കും.

പരാതിപരിഹാരത്തിനു ത്രിതല സംവിധാനമാണു നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സമവായ സമിതി (കൺസിലീയേഷൻ ബോർഡ്), സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, അപ്പലേറ്റ് അതോറിറ്റി എന്നിവ. പരാതിപരിഹാരത്തിനുള്ള സമവായ ബോർഡിൽ ന്യായവും സന്തുലിതവുമായ പ്രാതിനിധ്യം ഉണ്ടാകണമെന്നു പറയുന്നുണ്ടെങ്കിലും ചില അവ്യക്തതകളുണ്ട്. 30 ദിവസത്തിനകം പരിഹാരം ഉണ്ടായില്ലെങ്കിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ കരാറിലെ രണ്ടു പാർട്ടികൾക്കും സമീപിക്കാം.

എസ്ഡിഎമ്മിന്റെ തീരുമാനത്തിൽ തൃപ്തരല്ലെങ്കിൽ ജില്ലാ കളക്ടറോ അഡീഷണൽ കളക്ടറോ അധ്യക്ഷനായ അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാം. എസ്ഡിഎം, കളക്ടർ എന്നിവർ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം അന്തിമതീരുമാനമെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ ലംഘിച്ചതായി കണ്ടെത്തിയാൽ ലംഘനം നടത്തിയ പാർട്ടിക്കെതിരേ പിഴ ഏർപ്പെടുത്താനും എസ്ഡിഎമ്മിനും കളക്ടറുടെ അപ്പലേറ്റ് അതോറിറ്റിക്കും അധികാരമുണ്ട്. എന്നാൽ, ഇത് എത്ര ശതമാനമെന്നു കൃത്യമായി പറയുന്നില്ല. ഏതു കാരണത്താലും കുടിശ്ശിക ഈടാക്കാനായി കർഷകന്റെ ഭൂമിക്കെതിരേ നടപടിയെടുക്കാൻ പാടില്ലെന്നും ബില്ലിൽ പറയുന്നു.

- കാർഷികോത്പന്ന വ്യാപാര വാണിജ്യ ബിൽ

കാർഷികോത്പന്ന വിപണനസമിതികളുടെ (എപിഎംസി) കുത്തക ഇല്ലാതാക്കുന്ന കാർഷികോത്പന്ന വ്യാപാര വാണിജ്യ ബിൽ കേരളത്തിലെ കർഷകനു കാര്യമായ പ്രശ്നമാകില്ല. വിളകളുടെ താങ്ങുവില ഇല്ലാതാക്കുമെന്നു നിയമത്തിൽ ഒരിടത്തും പറയുന്നില്ലെങ്കിലും ഇതേ ചൊല്ലിന്റെ പ്രധാന ലക്ഷ്യം. ഉത്തരേന്ത്യയിലെ വൻകിടക്കാരും ഭൂപ്രഭുക്കളുമടക്കമുള്ളവരുടെ നിയന്ത്രണത്തിലാണ് മിക്ക എംപിഎംസികളും.

സർക്കാർ നിയന്ത്രിത ചന്തകൾക്കു (ഹിന്ദിയിൽ മണ്ഡികൾ) പുറത്ത് ഉത്പന്നം വിൽക്കാൻ ഈ നിയമം അനുസരിച്ച് കർഷകർക്കു സ്വാതന്ത്ര്യം കിട്ടും. പതിവു ചന്തകൾക്കും എപിഎംസികൾക്കും പുറമേ കൃഷിഭൂമിയുടെ പരിസരം (ഫാം ഗേറ്റ്സ്), ഫാക്ടറിപരിസരങ്ങൾ, വെയർഹൗസുകൾ, സൈലോകൾ പോലുള്ള മറ്റു സംഭരണകേന്ദ്രങ്ങൾ, ചെറുതും വലുതുമായ കോൾഡ് സ്റ്റോറേജുകൾ എന്നിവിടങ്ങളിലെല്ലാം കർഷകർക്ക് ഉത്പന്നം വിൽക്കാനും ഇടപാടുകൾ നടത്താനും നിയമപരിരക്ഷയുണ്ടാകും.

ഓരോ സംസ്ഥാനത്തിനകത്തും അന്തർസംസ്ഥാന വ്യാപാരത്തിനും നിയമം പ്രോത്സാഹനം നൽകുന്നു. ഇലക്ട്രോണിക് പ്ലാറ്റ്ഫോമിൽ വ്യാപാരം സുഗമമാക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്. കമ്പനികൾ, പാർട്ണർഷിപ് ഫേമുകൾ, രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, കാർഷിക സഹകരണസംഘങ്ങൾ, കർഷക ഉത്പാദനസംഘടനകൾ തുടങ്ങിയവയ്ക്കെല്ലാം ഇ-വ്യാപാരത്തിനു അനുമതിയുണ്ട്.

കാർഷികവ്യാപാരങ്ങൾക്കുമേൽ സംസ്ഥാന സർക്കാരുകൾ നികുതിയോ ഫീസോ ചുമത്തുന്നതിനു നിരോധനമുണ്ടാകും. മാർക്കറ്റ് ഫീ, സെസ്, കർഷകരുടെയോ വ്യാപാരികളുടെയോ ഇ-വ്യാപാര പ്ലാറ്റ്ഫോമുകളുടെയോമേലുള്ള ലെവി, വ്യാപാര മേഖലയ്ക്കുപുറത്തുള്ള കർഷകരുടെ വ്യാപാരം തുടങ്ങിയവയുടെമേൽ സംസ്ഥാനങ്ങൾ തുക ഈടാക്കുന്നതു ബില്ലിൽ നിരോധിച്ചു.

- അവസരം പ്രയോജനപ്പെടുത്തുക

വൈകാതെ നിയമമാകുന്ന മൂന്നു ബില്ലുകളും വസ്തുനിഷ്ഠമായി വിലയിരുത്തി എതിർക്കേണ്ടതിനെ എതിർക്കുകയും കർഷകനു ഗുണകരമാകാവുന്ന വ്യവസ്ഥകളെ പ്രയോജനപ്പെടുത്തുകയുമാണ് കാർഷികകേരളം ചെയ്യേണ്ടത്. ഗ്രാമീണചന്തകളും കർഷകകൂട്ടായ്മകളും പ്രോത്സാഹിപ്പിക്കുകയും ഇതിലൂടെ കർഷകരെ സ്വയംപര്യാപ്തരാക്കുകയുമാകട്ടെ ലക്ഷ്യം. ഇടനിലക്കാരുടെയും ചില രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും കുത്തകകളുടെയും ചൂഷണങ്ങളിൽനിന്ന് കർഷകർക്കു സംരക്ഷണം നൽകാനും സർക്കാരിനും പൊതുസമൂഹത്തിനും ബാധ്യതയുണ്ട്.

കാർഷികമേഖലയുടെ വൈവിധ്യവത്കരണത്തിനും ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗത്തിനും ഉത്പാദനക്ഷമത കൂട്ടുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്കും കേരളത്തിലെ കർഷകരെ രക്ഷിക്കാനാകും. ഒപ്പം ഭൂപരിഷ്കരണനിയമത്തിൽ കാലാനുസൃത പരിഷ്കാരങ്ങളിലൂടെ നഷ്ടത്തിലായ ചെറുകിട, ഇടത്തരം തോട്ടം ഉടമകളായ കർഷകരെ രക്ഷിക്കാൻ കേരള സർക്കാരിനുമേലും കൂട്ടായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. ■

# ഓർമ്മയിലൊരു ഗുരുശിഖരം

**സി. ഡോ. തെരേസ് ആലഞ്ചേരി SABS**

**അ**നേകം ജീവിതങ്ങളുടെ കാലിഡോസ്കോപ്പുകളിൽ പെയ്തിറങ്ങിയ സ്നേഹമഴയ്ക്ക് ഇവിടെ വിരാമം കുറിക്കുന്നു. ഒരു ബലികർമ്മത്തിന്റെ അഴകുണ്ട് ഈ ജീവിതത്തിന്. സമയത്തിന്റെ ചലനങ്ങളിൽ സമർപ്പിച്ച ശബ്ദങ്ങളും വാക്കുകളും അദ്ദേഹത്തിന്റെ അഭാവത്തിലും ഇവിടെ മുഴങ്ങിക്കേൾക്കാം. ഫാ. അബ്രാഹം മൊളോപ്പറമ്പിൽ - ഉദയാസ്തമയങ്ങളറിയാത്ത ഭൂമിയുടെ അധോഭാഗങ്ങളിലെ മണ്ണിലും കരിമ്പാറക്കൂട്ടങ്ങളിലുമായി വേരുപാകി നില്ക്കുന്ന മഹാവൃക്ഷം പോലെയുള്ള ജീവിതം. ജീവിതത്തിന്റെ തരിശുഭൂമികളിൽ ആഴത്തിൽ വേരൂന്നിയ വിശ്വാസത്തിന്റെ ഉടമ. ആകാശവിശാലതയിൽ വിരിഞ്ഞുനില്ക്കുന്ന പ്രാർത്ഥനയുടെയും അധ്വാനത്തിന്റെയും ഫലങ്ങൾ. ഒരു വിശുദ്ധ ജന്മം ഇവിടെ ഉണ്ടായിരുന്നുവെന്നതിന് കാലം സൂക്ഷിച്ചുവച്ചിരിക്കുന്ന അടയാളങ്ങൾ. താൻ ഇടപെടുന്ന എല്ലാവരും എം.സി.ബി.എസ്. സമൂഹത്തിലെ അംഗങ്ങളാണ് എന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റശൈലി. കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളാനും സമരസപ്പെടാനും വിപരീതങ്ങളോടു കലഹിക്കാതെ മൗനം പാലിക്കാനും കഴിഞ്ഞ ഒരു വന്ദ്യവൈദികൻ. തനിക്കു മുമ്പേ കടന്നു പോയവർക്കും ഒപ്പമുള്ളവർക്കും പിന്നാലെ വരാനിരിക്കുന്നവർക്കുമായി അത്താഴമൊരുക്കിയ വിശാലമായ വിരുന്നുമേശയായിരുന്നുവോ ഈ ആചാര്യശ്രേഷ്ഠൻ. ദൈവത്തിൽ വിശ്വസിക്കാനും ആശ്രയിക്കാനും പ്രതീക്ഷിക്കാനും പഠിപ്പിച്ച ഗുരുജന്മം. പന്ത്രണ്ടു വർഷം എം.സി.ബി.എസ്. സന്ന്യാസമൂഹത്തിനു ജനറാളായിരുന്ന അദ്ദേഹം പ്രതിസന്ധികളെ നോക്കി ദൈവത്തോട് ആവലാതിപ്പെട്ടിട്ടുണ്ടാവില്ല; മറിച്ച്, പ്രശ്നങ്ങളെ നോക്കി എനിക്കൊരു വലിയ ദൈവമുണ്ട് എന്നു പറഞ്ഞിട്ടുണ്ടാവും. കാരണം, അതാണ് അച്ചൻ എല്ലാവരോടുമായി പറഞ്ഞതും പഠിപ്പിച്ചതും. അവസാനത്തെ 11 വർഷങ്ങൾ അദ്ദേഹത്തിന്റെ കർമ്മരംഗം വിശുദ്ധവും സജീവവുമാക്കി. വിശുദ്ധകുർബാനയുടെ സന്നിധിയിലായിരുന്നു സമയത്തിന്റെ അധികഭാഗവും ചെലവഴിച്ചത്. പാലാ രൂപതയിലെ പൂവരണി ഇടവകയിൽ 1936 ഫെബ്രുവരി 22 ന് ഉദ്ഭവിച്ച ഈ പുഴ എല്ലായിടങ്ങളിലും ഒഴുകിയിറങ്ങി ഇന്ന് നിത്യതയുടെ തീരത്ത് എത്തിച്ചേർന്നിരിക്കുന്നു. അന്ത്യബലിയർപ്പിച്ചുകൊണ്ട് അൾത്താരയിൽ അവസാനിച്ച ഈ ജീവിതം ദൈവദൂതന്മാരുട സാന്നിധ്യത്തിൽ സ്വർഗ്ഗീയ ജറുസലേമിൽ ബലിയർപ്പണത്തിലാണ്. അനേകരെ വെളിച്ചത്തിലേക്കു നയിച്ച ആത്മനിയന്താവിനു പ്രണാമം!



ഫാ. അബ്രാഹം മൊളോപ്പറമ്പിൽ

**ഫാ. അബ്രാഹം മൊളോപ്പറമ്പിൽ ജീവിതരേഖ**

| | | |
|---|---|---|
| ജനനം | - | 1936 ഫെബ്രുവരി 22 |
| മാതാപിതാക്കൾ | - | പൂവരണി പാറേക്കാട്ട് മൊളോപ്പറമ്പിൽ വർക്കി - അന്ന |
| പൗരോഹിത്യം | - | 1966 ഫെബ്രുവരി 2 |
| സേവനങ്ങൾ | - | 1977 മുതൽ 2 തവണയായി 12 വർഷം |

ദിവ്യകാരുണ്യ മിഷനറി സന്ന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ.

നൊവിസ് മാസ്റ്റർ, വൈദികാർത്ഥികളുടെ ആത്മീയപിതാവ്, ഫാദർ പ്രീഫെക്ട്, ഇടവകവികാരി, മിഷനറി, ആശ്രമാധിപൻ, പ്രൊക്കുറേറ്റർ, ചാപ്ലയിൻ തുടങ്ങി ദൈവശുശ്രൂഷയുടെ നിരവധി മേഖലകൾ.

കോട്ടയം കടുവാക്കുളം നിത്യാരാധന ചാപ്പലിൽ മുഖ്യശുശ്രൂഷകനായി കഴിഞ്ഞ പതിനൊന്നു വർഷം

| | | |
|---|---|---|
| മരണം | - | 2020 സെപ്റ്റംബർ 18 |




**ഒക്ടോബർ 4**
**ഏലിയാ സ്ലീവാ മൂശക്കാലം**
**അഞ്ചാം ഞായർ**



നിയ 9: 13-24
ഏശ 26: 1-11
ഫിലി 4: 4-9
മത്താ 15: 21-28

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**



# വിശ്വാസത്തിനു സാക്ഷികളാകാൻ

**പു**റപ്പാട് പുസ്തകം 32-34 അധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള സംഭവങ്ങൾ, വാഗ്ദത്തനാട്ടിലേക്കു പ്രവേശിക്കാൻ തയ്യാറായിരിക്കുന്ന ഇസ്രായേൽജനത്തെ ഓർമ്മിപ്പിച്ചുകൊണ്ട് മോശ സംസാരിക്കുന്ന വചനഭാഗമാണ് നിയമാവർത്തനപ്പുസ്തകത്തിൽനിന്ന് ഈ ആഴ്ച വായിക്കുന്നത് (9,13-24). ഇസ്രായേൽജനത്തെക്കുറിച്ച് കർത്താവ് പറഞ്ഞത്, ഈ ജനം ദുശ്ശാഠ്യക്കാരായ ജനമാണ് എന്നാണ്. ദൈവം തിരഞ്ഞെടുത്ത് പരിപാലിച്ചുകൊണ്ടുവരുന്ന ആ ജനം ബലഹീനമായ ജനമാണ്. അവരുടെ ഏതെങ്കിലുംവിധത്തിലുള്ള മഹത്ത്വമല്ല തിരഞ്ഞെടുപ്പിനു കാരണം. മറിച്ച്, ദൈവത്തിന്റെ കരുണയാണെന്ന് കഴിഞ്ഞയാഴ്ചയിലെ പഴയനിയമവായനയിൽ നാം ശ്രവിച്ചിരുന്നു. ആ കരുണ അനുഭവിച്ച ജനം പ്രതിസന്ധികളുണ്ടാകുമ്പോൾ ദൈവത്തെ മറന്നു പ്രവർത്തിക്കുന്നു. അതിനുദാഹരണമാണ് കാളക്കുട്ടിയുടെ പ്രതിമയുണ്ടാക്കി അവയുടെ പിന്നാലെ പോകുന്നത് (പുറ 32). ചിലപ്പോഴെല്ലാം അവർ ദൈവത്തിന്റെ അനുഗ്രഹമെല്ലാം മറന്ന് തങ്ങളുടെ ശക്തിയിൽ ആശ്രയിച്ചു ധിക്കാരം കാണിക്കുന്നുണ്ട് (സംഖ്യ 13:14 അധ്യായങ്ങൾ 16,36-50; 25,1-18). ഇവിടെയെല്ലാം ജനം തെറ്റുചെയ്യുന്നതും തെറ്റിനു ശിക്ഷ നല്കപ്പെടുന്നതും ജനത്തിനുവേണ്ടി മോശ മാദ്ധ്യസ്ഥ്യം വഹിക്കുന്നതും ദൈവം അവരോടു ക്ഷമിച്ച് അവരെ മുന്നോട്ടു നയിച്ച് അവരെ വാഗ്ദത്തനാട്ടിൽ പ്രവേശിപ്പിക്കുന്നതുമാണു കാണുക. ജനത്തിന്റെ ബലഹീനതയും മോശയുടെ മാദ്ധ്യസ്ഥ്യശക്തിയും കർത്താവിന്റെ കരുണയും കരുത്തുമാണ് നിയമാവർത്തനപുസ്തകത്തിൽനിന്നു ശ്രവിച്ചത്.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 26-ാം അധ്യായത്തിൽനിന്നുള്ള രണ്ടാമത്തെ വായനയിൽ ദൈവമനുഷ്യബന്ധത്തിന്റെ ഊഷ്മളത എടുത്തുകാണിക്കുന്നുണ്ട്. ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്. അങ്ങയുടെ നാമവും ഓർമയുമാണ് ഞങ്ങളുടെ ഹൃദയാഭിലാഷം. അങ്ങയുടെ കല്പന ഭൂമിയിൽ ഭരണം നടത്തുമ്പോൾ ഭൂവാസികൾ നീതി അഭ്യസിക്കുന്നു. ദൈവം അഭയശിലയും ശുദ്ധി വരുത്തുന്ന അഗ്നിയുമാണ്. ദൈവം രക്ഷിക്കുന്നവനും ശിക്ഷണം നല്കുന്നവനുമാകുന്നു.

കർത്താവായ ഈശോയെ അഭയശിലയാക്കി ജീവിക്കേണ്ടത് എപ്രകാരമാണെന്നു ഫിലിപ്പിയിലെ സഭയ്ക്ക് പൗലോസ് ശ്ലീഹാ എഴുതുന്നു. നിങ്ങൾ ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും ഈശോമിശിഹായിൽ കാത്തുകൊള്ളും. പഴയനിയമത്തിൽ ദൈവം നല്കിയ കല്പനകൾ മറക്കാതെ ജീവിക്കണമെന്ന് മോശ ഇസ്രായേൽജനത്തെ ഓർമിപ്പിക്കുമ്പോൾ പൗലോസ് ശ്ലീഹാ ആദിമസഭയെ ഓർമിപ്പിക്കുന്നു, ഈശോമിശിഹാ ആയിരിക്കട്ടെ നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കുന്നത്.

മത്തായി 15:21-28 ൽ കാണുന്നത് വിശ്വാസത്തിന്റെ വലിയ പ്രഘോഷണം നടത്തുന്ന യഹൂദവംശത്തിൽനിന്നല്ലാത്ത ഒരു സ്ത്രീയെയാണ്. ഈശോ ടയിർ, സീദോൻ പ്രദേശത്തുകൂടി കടന്നുപോകുന്നു. യഹൂദർ അധികമില്ലാത്ത സ്ഥലമാണിത്. ആധുനികഇസ്രായേലിന്റെ ഏറ്റവും വടക്കും ലബനോൻ രാജ്യത്തുമായി വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് ടയിർ, സീദോൻ പ്രദേശം. ഈശോയുടെ കാലത്ത് യഹൂദരല്ലാത്ത ജനതകൾ ധാരാളമായി വസിച്ചിരുന്ന പ്രദേശമായിരുന്നു അത്. ഈശോ അതുവഴി കടന്നുപോകുമ്പോഴാണ് കാനാന്യവംശത്തിൽനിന്ന് ഒരുസ്ത്രീ വന്ന് ഈശോയുടെ പക്കൽ കരഞ്ഞുകൊണ്ട് അപേക്ഷിക്കുന്നത്. രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്: ഈശോ കടന്നുവരുന്നത് ജനതകളുടെ നാട്ടിലൂടെയാണ്; അതായത്, അവിടത്തേക്ക് അതിർവരമ്പുകളില്ല. സാധാരണ യഹൂദർ ജനതകളുടെ നാട്ടിലൂടെ പോകാറില്ല. ഈശോ അതുവഴി കടന്നുപോകുന്നു. രണ്ടാമതു ശ്രദ്ധിക്കേണ്ട കാര്യം, കാനാന്യസ്ത്രീ രക്ഷ അനുഭവിച്ചത് ഈശോയെ തേടിയിറങ്ങിയതുമൂലവും അവിടത്തെ ദാവീദിന്റെ പുത്രനായി തിരിച്ചറിഞ്ഞതിലൂടെയും. ജനതകൾ രക്ഷ അനുഭവിക്കുന്നത് മിശിഹായിലൂടെയാണ്.

“കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ” എന്ന് അവൾ വിളിച്ചപേക്ഷിക്കുന്നു. എന്നാൽ, ഈശോ ഒന്നും മിണ്ടാതെ കടന്നുപോകുന്നു. അവിടെ ഈശോയുടെ പക്കൽ ശിഷ്യന്മാർ ഇടപെട്ടു സംസാരിക്കുന്നു: “ആ സ്ത്രീയെ പറഞ്ഞയച്ചാലും. അവൾ നമ്മുടെ പിന്നാലെ നടന്ന് നിലവിളിക്കുന്നുവല്ലോ.” ഇവിടെ ശ്ലീഹന്മാർ പറയുന്നതിന്റെ ആന്തരാർഥം, അവൾ ആവശ്യപ്പെടുന്നതു നല്കി പറഞ്ഞയച്ചാലും എന്നാണ്. അപ്പോൾ ഈശോയുടെ മറുപടി, ഇസ്രായേൽഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കുമാത്രമാണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്നാണ്. ഈ വചനം കേൾക്കുമ്പോൾ നമുക്കുതോന്നും, എന്താണ് കർത്താവ് ഇപ്രകാരം സംസാരിക്കുന്നത് എന്ന്. മത്തായിശ്ലീഹായുടെ സുവിശേഷത്തിലൂടെ പഠിപ്പിക്കുന്ന ഒരു സന്ദേശം ഈശോമിശിഹാ പഴയനിയമത്തിന്റെ പൂർത്തീകരണമായി വന്നതാണ് എന്നും പഴയനിയമത്തിൽ പ്രതീക്ഷിച്ചിരുന്ന മിശിഹായാണ് ഈശോ എന്നുമാണ്. ആദ്യം യഹൂദർ അവനെ സ്വീകരിക്കണം. തുടർന്ന് എല്ലാ ജനതകളും. ആ ആശയമാണ് ഈ വിവരണത്തിലൂടെ നല്കുന്നത്. മർക്കോസ് ശ്ലീഹായുടെ സുവിശേഷത്തിലും ഈ സംഭവം വിവരിച്ചിട്ടുണ്ട്. എന്നാൽ, മത്തായിശ്ലീഹാ രണ്ടു കാര്യങ്ങൾ മർക്കോസിൽനിന്നു വ്യത്യസ്തമാക്കിയിരിക്കുന്നു. ഇസ്രായേലിലെ നഷ്ടപ്പെട്ടുപോയ ഭവനങ്ങൾ, ദാവീദിന്റെ പുത്രൻ എന്നീ പ്രയോഗങ്ങൾ മത്തായിശ്ലീഹായുടെ വിവരണത്തിന്റെ പ്രത്യേകതകളാണ്. ഇത് ഈ സുവിശേഷത്തിന്റെ ദൈവശാസ്ത്രലക്ഷ്യം എടുത്തുകാണിക്കുന്നു.

കേവലം ഒരു അദ്ഭുതപ്രവർത്തകനോ രോഗശാന്തിശുശ്രൂഷകനോ അല്ല മിശിഹാ; മറിച്ച്, അവിടുത്തേക്ക് വ്യക്തമായ ഒരു ദൗത്യം നിറവേറ്റുവാനുണ്ട്. അതാണ് ഈശോയുടെ മറുപടിയിലൂടെ വ്യക്തമാക്കുന്നത്. മക്കൾക്കുള്ള ഭക്ഷണമെടുത്ത് നായ്ക്കൾക്ക് ഇട്ടുകൊടുക്കുക എന്നു പറയുന്നതിലൂടെ അവളുടെ വിശ്വാസത്തെ ഒന്നു പരീക്ഷിക്കുന്നതായി കാണുവാൻ സാധിക്കും. അവൾ ആ പരീക്ഷണത്തിൽ വിജയിക്കുകയും അവളുടെ വിശ്വാസത്തെ ഈശോ പ്രശംസിക്കുകയുമാണ് ചെയ്യുന്നത്. ഈ സ്ത്രീയുടെ വിശ്വാസം വലുതാണ്. അതായത്, കാര്യങ്ങൾ നേടുന്നതിനുവേണ്ടി മാത്രമുള്ള വിശ്വാസമല്ല; മറിച്ച്, ഈശോയെ തിരിച്ചറിഞ്ഞതിനു ശേഷമുള്ള ഒരു അഭ്യർഥനയായിരുന്നു അത്. അതുകൊണ്ടാണ് അവൾ നിലവിളിക്കുന്നത്: “കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ.”

അപ്പോൾ അവൾ ഈശോയെ ആരാധിച്ചുകൊണ്ടു പറഞ്ഞു: “കർത്താവേ, എന്നെ സഹായിക്കണമേ.” ഈശോയുടെ മറുപടി, മക്കൾക്കുള്ള ഭക്ഷണമെടുത്ത് നായ്ക്കുട്ടികൾക്കു കൊടുക്കുന്നത് ഉചിതമല്ല എന്നായിരുന്നു. നായ അഥവാ നായ്ക്കുട്ടി എന്ന് അർഥംവരുന്ന ‘ക്യുനാരിയോ’ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അർഹതയില്ലാത്തവരെ സൂചിപ്പിക്കുന്നതിന് യഹൂദന്മാരുടെയിടയിൽ സാധാരണ ഉപയോഗിച്ചിരുന്ന ഒരു പദമാണ് നായ എന്നത് (1 സാമു 17, 43; 2 സാമു 3, 8; 1 രാജ 8,13). ഇവിടെ മക്കൾ എന്നത് യഹൂദർക്കായും നായ എന്നത് ജനതകൾക്കായും ഉപയോഗിച്ചിരിക്കുന്നു. ഇവിടെ വ്യക്തമാക്കുന്നത് ഈശോയുടെ വെളിപാട് ആദ്യം നല്കപ്പെടുന്നത് ഇസ്രായേൽക്കാർക്കാണ് എന്നും, അവരിൽനിന്നുമാണ് രക്ഷ എല്ലാ ജനപദങ്ങളിലേക്കും എത്തേണ്ടത് എന്നുമാണ്. മത്തായിശ്ലീഹായുടെ സുവിശേഷത്തിന്റെ ദൈവശാസ്ത്രമാണിവിടെ പ്രകടമാകുന്നത്. കാരണം, യഹൂദർക്കു നല്കപ്പെട്ടിരുന്ന ദൈവിക വെളിപ്പെടുത്തലിന്റെ പൂർണതയായിട്ടാണ് ഈശോ വന്നത്. മത്തായിയുടെ സുവിശേഷത്തിന്റെ അവസാനം ‘നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ’ എന്നു പറയുമ്പോൾ ഈ ദൗത്യമാണ് ഈശോ ശിഷ്യന്മാരെ ഏല്പിക്കുന്നത്.

**ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്. അവിടുത്തെ കല്പന ഭൂമിയിൽ ഭരണം നടത്തുമ്പോൾ ഭൂവാസികൾ നീതി അഭ്യസിക്കുന്നു. ദൈവം അഭയശിലയും ശുദ്ധി വരുത്തുന്ന അഗ്നിയുമാണ്. ദൈവം രക്ഷിക്കുന്നവനും ശിക്ഷണം നല്കുന്നവനുമാകുന്നു.**

# ഇതോ നമ്മുടെ പൗരബോധം?



കാരിത്തടം വർക്കി

മലയാളികൾ പൊതുവെ ക്യൂ പാലിക്കാൻ മടിയുള്ളവരാണ്. കല്യാണപ്പന്തലിലായാലും സിനിമക്കൊട്ടകയിലായാലും ഇടിച്ചുകയറി കാര്യം സാധിക്കുമ്പോഴാണ് നമുക്കൊരു സംതൃപ്തി. കയ്യൂക്കുള്ളവനാണ് ഇവിടെ കാര്യക്കാരൻ. കുറ്റംപറഞ്ഞിട്ടു കാര്യമില്ല. ആവശ്യക്കാരന് ഔചിത്യം വേണ്ടെന്ന് ചൊല്ലുണ്ടല്ലോ. ബസ്സിലൊന്നു കയറിപ്പറ്റാൻ അല്പം അടിമുറയൊക്കെ പഠിച്ചേ മതിയാവൂ. കതിർമണ്ഡപത്തിൽ താലികെട്ടു കഴിയുംമുമ്പേ ഊട്ടുപുരയുടെ ഷട്ടർ തുറക്കുന്നതും കാത്ത് ഭിക്ഷാംദേഹികൾ അവിടെ തടിച്ചുകൂടിയിട്ടുണ്ടാവും. പിന്നെയൊരു തള്ളാണ്. തള്ളെന്നു പറഞ്ഞാൽ, എന്തൊരു തള്ളാ. മകന് അച്ഛനെ നോട്ടമില്ല. അച്ഛന് മകനെ നോട്ടമില്ല. പരമാവധി ആഞ്ഞുതള്ളി മാമാങ്കത്തിന് ചേകവന്മാർ തിരുനാവായിലെ സാമൂതിരിയുടെ നിലപാടുതറയിലേക്കു കുതിക്കുന്നതുപോലെ ഒരു കുതിപ്പാണ്. സോമാലിയയിലെ പട്ടിണിക്യാമ്പിൽപോലും ഇത്രയും വലിയ ആക്രാന്തം കാണില്ല.

ഇങ്ങനെ നാനായിടത്തും ഉന്തും തള്ളും കളരിയഭ്യാസവും വേണ്ടിവരുമ്പോൾ ഇതൊന്നുമില്ലാതെ വളരെ മര്യാദക്കാരായി, മാന്യന്മാരായി ക്യൂ പാലിക്കുന്ന ഒരിടമെങ്കിലുമുണ്ട്. ഓണത്തിനും ക്രിസ്മസിനും വിഷുവിനും ദീപാവലിക്കും ഒന്നും അവിടെ ഉന്തും തള്ളുമില്ല. ക്യൂവിന്റെ നീളം എത്രയായാലും ഒരു പ്രശ്നവുമില്ല. ക്ഷമയോടെ ക്യൂ നിൽക്കും. എവിടെയാണെന്നല്ലേ? 'BEVCO' എന്ന സർക്കാർ മദ്യശാലയുടെ ചില്ലറവില്പനകേന്ദ്രങ്ങളിൽ.

വേറേയും ചില സാഹചര്യങ്ങൾ നാം കാണാറുണ്ട്. അവിടെ വലിയ വലിയ വി.ഐ.പി.കൾ കൈയിൽ ഒരു പാത്രവുമായി 'വല്ലതും തരണേ' എന്ന് അഭ്യർത്ഥിക്കുന്ന പിച്ചക്കാരെപ്പോലെ ക്യൂ നിൽക്കുന്നു. വലിയ സ്റ്റാർ ഹോട്ടലാണ് വേദി. അവിടെ 'ബുഫേ ലഞ്ച്' എന്നൊരു ഏർപ്പാടാണ്. അവിടെ ഒരുത്തനും വിളമ്പിത്തരില്ല. നാം വിളമ്പിയെടുത്തുകൊള്ളണം. ക്യൂവിൽ നിരനിരയായി നീങ്ങിനീങ്ങി കൈയിലെ പാത്രത്തിൽ അവിടെ ചൂടാക്കി നിരത്തിയിട്ടുള്ള വിഭവങ്ങൾ ഏറ്റുവാങ്ങി ഏതെങ്കിലും മൂലയിൽ പോയി നിന്നോ ഇരുന്നോ കഴിച്ചുകൊള്ളണം. എത്രയും കുറച്ച് ഭക്ഷണം എടുക്കുന്നുവോ അതാണ് സ്റ്റാറ്റസ്. എല്ലാം ഒരൊറ്റ പാത്രത്തിൽ സ്വീകരിച്ച് നിന്നുകൊണ്ടുള്ള ഈ തീറ്റയിൽ ഒരു സ്റ്റാറ്റസാണ്. ഇതാണ് സ്വാശ്രയ ലഞ്ച്. ഒന്നുകൂടി അമാന്യവത്കരിച്ചു പറഞ്ഞാൽ പിച്ച ലഞ്ച്. മാന്യന്മാരെ പിച്ചക്കാരാക്കുന്ന ഈ ഏർപ്പാടാണിത്. ഇപ്പോൾ കൂടുതൽ പ്രചാരം നേടി വരികയാണ്. പട്ടിണിക്യാമ്പുകളിൽ ഒരു കഷണം റൊട്ടിക്ക് ക്യൂ നില്ക്കുന്നതുപോലെ ഇവിടെ ക്യൂ നില്പാണ്. ഒരു ചപ്പാത്തി, രണ്ട് സ്പൂൺ ഫ്രൈഡ് റൈസ്, ഒരു പീസ് ചിക്കൻ, ഒരു സ്പൂൺ സാലഡ്, ഒരു പപ്പടം തുടങ്ങിയതാണ് ഈ പിച്ച ലഞ്ചിലെ സാധാരണ വിഭവങ്ങൾ. റോട്ടറി ക്ലബുകളിലും മറ്റും ആവശ്യക്കാർക്ക് അകത്തുപോയി ഒന്നു വീശിയിട്ട് വരാം. ക്യൂ നില്ക്കാൻ ഒരു ഉഷാറുണ്ടാകും. ചോദിക്കാൻ തോന്നിയിട്ടുണ്ട് ഈ മാന്യന്മാർ എന്തിനാണ് കല്യാണപ്പന്തലിലെ ഊട്ടുപുരയിൽ ഈ ആക്രാന്തമൊക്കെ കാണിക്കുന്നതെന്ന്.

കേരളീയനു മാനേഴ്സ് പാലിക്കാൻ അറിയില്ലെന്നു പറയാറുണ്ട്. കേരളീയന് പൊതുവഴിയിൽ മൂത്രമൊഴിക്കാൻ വലിയ താത്പര്യമാണ്. 'ഇവിടെ മൂത്രമൊഴിക്കരുത്' എന്ന ബോർഡ് കണ്ടാൽ അവിടെയാണ് മൂത്രമൊഴിക്കേണ്ടത് എന്ന് അയാൾ എളുപ്പം മനസ്സിലാക്കും. വഴിയിൽ തുപ്പാനും നമുക്കു വലിയ ഹരമാണ്. ചപ്പുചവറുകൾ വഴിയിൽ വലിച്ചെറിഞ്ഞുകഴിയുമ്പോൾ നമ്മുടെ ജോലി തീർന്നു. അതവിടെ ക്കിടന്ന് നാറിയാലോ പട്ടികൾ കടിച്ചുവലിച്ചാലോ നമുക്കൊന്നുമില്ല. അതാണ് നമ്മുടെ വൃത്തിബോധം. ചവറു നിക്ഷേപിക്കാൻ ഭൂമിയിലല്ലാതെ മറ്റൊരിടം നമുക്കു കണ്ടെത്താനാവില്ലല്ലോ. ഇത്തരം കേന്ദ്രങ്ങൾക്കടുത്തുപോയി താമസിച്ചിട്ട് പിറ്റേന്നു മുതൽ ജനം പ്രക്ഷോഭം തുടങ്ങുകയും ചവർവണ്ടി തടയുകയും ചെയ്യും. ഇതാണ് കേരളീയന്റെ പൗരബോധം.

തമിഴൻ രണ്ടുനാൾ വഴി അടച്ചിട്ടാൽ നമ്മുടെ ഊണു മുടങ്ങും. പച്ചക്കറിയും വാഴയിലയുമൊക്കെ അവിടെനിന്നു വരണം. പൊരിക്കാനും വറുക്കാനുമുള്ള ബ്രോയിലർ ചിക്കൻ അവിടെനിന്നു വരണം. പൂജയ്ക്കായാലും റീത്തു വയ്ക്കാനായാലും പൂവ് അവിടെനിന്നു വരണം. കെട്ടിടം പണിയാൻ മണലു വേണോ അതിനും തമിഴ്നാടാണ് ആശ്രയം. പക്ഷേ, നമുക്ക് തമിഴനെ പരമപുച്ഛമാണ്. നിറം പോരാ. വെറും പാണ്ടി. പക്ഷേ, കെട്ടിടം പണിക്കും നട്ടുനനയ്ക്കാനുമൊക്കെ മാടുപോലെ പണിയുന്ന അവനെ വേണം. നമുക്കു മെയ്യനക്കാൻ വയ്യല്ലോ. അവന്റെ ചാനലിലെ പരിപാടികൾ അതേപോലെ കോപ്പിയടിക്കലാണ് നമ്മുടെ പരിപാടി. മലയാളിക്കു സാമർത്ഥ്യമില്ലെന്ന് ആരു പറഞ്ഞു? ഈ കഥകൂടി പറഞ്ഞു നിർത്താം.



കുറെ മലയാളിപ്പയ്യന്മാർ ഒരു ഹോട്ടലിൽ കാപ്പി കുടിക്കാൻ കയറി. കാപ്പികുടി കഴിഞ്ഞ് കൗണ്ടറിൽ ബില്ല് പേ ചെയ്യുന്നിടത്തു വന്നപ്പോൾ മര്യാദക്കാരനായ കൗണ്ടർബോയി പറഞ്ഞു:

"സാറമ്മാരേ, അല്പംമുമ്പ് ചിലരിവിടെ കാപ്പി കുടിക്കാൻ കയറി. നിങ്ങടെ നാട്ടുകാരാണെന്നു തോന്നുന്നു. പൈസ ചോദിച്ചപ്പോൾ മുൻകൂർ പൈസ തന്നിട്ടല്ലേടാ ഞങ്ങൾ കാപ്പി കുടിച്ചത് എന്നു പറഞ്ഞിട്ട് ഇറങ്ങിപ്പൊയ്ക്കളഞ്ഞു. എന്റെ പണി പോകുന്ന ഏർപ്പാടാണ്. ദയവായി അങ്ങനെയൊന്നും പെരുമാറരുതേ."

ഇതു കേട്ടതും പയ്യന്മാരുടെ നേതാവ്, ചൂടായിട്ടു പറയുകയാണ്: "ചെലയ്ക്കാതെ ബാക്കി താടാ." ■

കവിത — ഫാ. തോമസ് പാട്ടത്തിൽചിറ



## പങ്ക്

അന്നൊക്കെയപ്പന്റെയൂട്ടുപാത്രത്തിലായ്
അന്നമർദ്ധം ബാക്കി വന്നിരുന്നു!
ഉണ്ടു തൃപ്തിതോന്നിയാലുമില്ലെങ്കിലും,
ഉണ്ടായിരുന്നാ വിഹിതമെന്നും!

വേവും രുചിയും കറിയുമില്ലായ്കയാൽ
വേണ്ടാന്നുവച്ചതല്ലാപ്പകുതി,
മക്കൾക്കുപോലും കൊടുക്കാതെയമ്മയ്ക്കു-
മാറ്റിവച്ചോരു പങ്കായിരുന്നു!

പാതിഭോജ്യമല്ലതു സ്വന്തപ്രാണന്റെ-
പകുതിതന്നെയായിരുന്നു നൂനം!
അമ്മയാനന്ദമോടാവീതമൊക്കെയും
അപ്പൊഴേ വാങ്ങിക്കഴിച്ചിരുന്നു.

പങ്കതുമതിയായിരുന്നവൾക്കന്നു തൻ-
പൈദാഹമാകെയകറ്റുവാനായ്!
അതുകണ്ടിടുമ്പോഴേയപ്പന്റെയുള്ളിലും
മതിവന്നിരുന്നുള്ളൂ പൂർണ്ണമായും.

ചങ്കേ, കരളേയെന്നിരുവരുമന്യോന്യം
ചക്കരപ്പേരു വിളിച്ചതില്ല
എങ്കിലുമവരുടെ ചങ്കിലെച്ചങ്കിന്റെ-
പങ്കായിരുന്നവർ രണ്ടുപേരും.

കാലമതൊക്കെക്കഴിഞ്ഞിന്നു മേശമേൽ
കാലിയത്രേ ഭർത്തൃചോറ്റുപാത്രം!
ഭാര്യയ്ക്കൊരോഹരിക്കവകാശമുണ്ടെന്ന-
കാര്യമയാൾക്കൊട്ടുമോർമ്മയില്ല!

മിച്ചമല്പമഥവാ വന്നിടുകിലോ
എച്ചിലതേതു ഭാര്യയ്ക്കു വേണം?
വീട്ടിൽ വളർത്തുന്ന പുന്നാരഹൈബ്രീഡ്-
പട്ടിയില്ലേയതു തിന്നുതീർക്കാൻ?

അപ്പനാഹാരം പകർന്നുകൊടുക്കുവാൻ
ഇപ്പൊഴേതമ്മയ്ക്കെവിടെ നേരം?
'ചാറ്റ്പാത്രം' താഴെവച്ചിട്ടുവേണ്ടയോ
ചോറ്റുപാത്രത്തിൽ വിളമ്പീടുവാൻ!

പങ്കുനല്കാത്ത, ഭക്ഷിക്കാത്ത ജിവിത-
പങ്കാളികൾതൻ കുടുംബം വെറും-
സത്രമോ, ഹോട്ടലോ, തട്ടുകടയെന്നോ
മാത്രമാണെന്നുനാമോർത്തിടേണം.

കഥ — ബാബു ആലപ്പുഴ

## അവാർഡ്

"…. അടുത്തതായി ഈ വർഷത്തെ സാഹിത്യപരമോന്നത അവാർഡ് പ്രസിദ്ധ സാഹിത്യകാരൻ ശ്രീ സുകുമാരപ്പിഷാരടിക്കു സമ്മാനിക്കുന്നതാണ്. 50,000 രൂപയുടെ ചെക്കാണ് അവാർഡ്."

അനൗൺസ്മെന്റ് കേട്ട് സാഹിത്യകാരൻ കോരിത്തരിച്ചു.

അവാർഡ്ദാനത്തിനും ആശംസാപ്രസംഗങ്ങൾക്കും ശേഷം യോഗം പിരിഞ്ഞു.

വിടപറയാൻനേരം സംഘടനയുടെ സെക്രട്ടറി സാഹിത്യകാരന്റെ ചെവി കടിച്ചു: "സാർ, ആ ചെക്ക് തിരികെത്തന്നിട്ടേ പോകാവൂ."

"അതെന്താ?" സാഹിത്യകാരൻ ചോദ്യചിഹ്നംപോലെ നിന്നു.

"… നാട്ടുനടപ്പ് അതാണ് സാർ.."

"ശരി. എന്നാൽ ഈ അവാർഡ് പിടിച്ചോളൂ." ചെക്ക് തിരികെ സമ്മാനിച്ചുകൊണ്ട് സാഹിത്യകാരൻ പ്രഖ്യാപിച്ചു:

"ഈ വർഷത്തെ സാഹിത്യവെട്ടിപ്പ് അവാർഡ് ഈ സംഘടനയ്ക്കു സമ്മാനിക്കുന്നു."

# നൂറിന്റെ നിറശോഭയിൽ
## രാജശ്രീ ഭാസ്കരൻ കർത്താ

**ജോസ് മംഗലശേരി**

അപരന്റെ സ്വരം സംഗീതം പോലെ ആസ്വദിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാലിന്നു കാലം മാറി. അപരന്റെ സ്വരം അപസ്വരമായി തോന്നാൻ തുടങ്ങിയിരിക്കുന്നു. ഐതിഹ്യങ്ങൾക്കും ആചാരങ്ങൾക്കും പുത്തൻഭാഷ്യം നല്കി ശാസ്ത്രീയതയുടെ കുപ്പായമണിയിച്ച് പുത്തൻ പുറംചട്ടയുമായി വില്പനയ്ക്കു വച്ചിരിക്കുന്ന കെട്ട കാലം. ഇക്കാലത്തുതന്നെയാണ് ഏറെ കൊട്ടിഘോഷിക്കാതെ, അഭിമുഖങ്ങളും ആരവങ്ങളുമില്ലാതെ ഒരു മഹാനുഭാവന്റെ നൂറാം പിറന്നാൾ കടന്നുപോയത്.

മീനച്ചിൽ ഞാവക്കാട്ട് കൊച്ചുമഠം ദാമോദരസിംഹർ രാജശ്രീ ഭാസ്കരൻ കർത്താ. പുതിയ തലമുറയ്ക്ക് അദ്ദേഹം ഒരു മുൻ പഞ്ചായത്തു പ്രസിഡന്റുമാത്രം. മുത്തോലി പഞ്ചായത്തിൽ 16 വർഷം പ്രസിഡന്റായിരുന്ന വ്യക്തി. രാഷ്ട്രീയക്കാരനല്ലാത്ത ഒരു സാദാ പ്രസിഡന്റ്. പാലാ കത്തീഡ്രൽ പള്ളി പുതുക്കിപ്പണിതപ്പോൾ അവിടെ സ്ഥാപിക്കുന്ന കൊടിമരത്തിനുള്ള തേക്കുതടി പ്രദക്ഷിണമായി പള്ളിമുറ്റത്തേക്കു കൊണ്ടുവന്നപ്പോൾ അതിന്റെ തലയ്ക്കൽപ്പിടിച്ച് തേക്കുമരത്തെ തോല്പിക്കുന്ന ദൃഢതയോടെ കൂടെ നടന്ന ഭാസ്കരൻ കർത്തായെ പാലാപ്പള്ളിയുടെ പത്തു നൂറ്റാണ്ടു പൂർത്തിയായ ആഘോഷങ്ങളിൽ മുഖ്യസ്ഥാനം നൽകി ആദരിച്ചു.

നൂറു വയസ്സു തികഞ്ഞ ഈ മനുഷ്യനെ ആദരിക്കാൻ ക്രിസ്ത്യാനികൾ മുൻകൈയെടുക്കുന്നു. ഇതിന്റെ കാരണം അറിയണമെങ്കിൽ ആയിരത്തിയിരുപത്തഞ്ചാണ്ടുകൾ പിന്നോട്ടു പോകണം. അന്നു മീനച്ചിലാറിന്റെ തെക്കേക്കരയിൽ പൊളിച്ചിട്ടിരിക്കുന്ന കൽക്കൂമ്പാരത്തിനുമുമ്പിൽ നിസ്സഹായരായി നിൽക്കുന്ന ഏതാനും മനുഷ്യരുടെ മനസ്സിലുയർന്ന ഒരു പേര്: ദാമോദരസിംഹർ... അടുത്തെങ്ങും പള്ളിയില്ലാത്തതിനാൽ ആത്മീയാവശ്യങ്ങൾ നിറവേറ്റാൻ പാടുപെട്ടിരുന്ന നാലു കുടുംബങ്ങളിലെ കാരണവന്മാരായിരുന്നു അവർ. പാലായുടെ പൂർവ്വപിതാക്കന്മാരായിരുന്ന തറയിൽ, കൂട്ടുങ്കൽ, വയലക്കൊമ്പ്, എറകോന്നി കുടുംബങ്ങളിലെ ഗൃഹനാഥന്മാർ. ദാമോദരസിംഹരെന്ന മീനച്ചിൽ



കർത്താ പള്ളി പണിയാൻ അനുവദിച്ചുതന്ന സ്ഥലത്തു കെട്ടിയ തറയാണ് ഏതോ കുബുദ്ധികൾ പൊളിച്ചുനീക്കിയത്. ഒരു തവണയല്ല, പല തവണ ആവർത്തിച്ചിരിക്കുന്നു. ആൾബലമോ മറ്റു പിന്തുണയോ ഇല്ലാത്തതിനാൽ അവർ നാടുവാഴിയെത്തന്നെ ശരണം പ്രാപിച്ചു. നിജസ്ഥിതി ബോധ്യപ്പെട്ട നാടുവാഴി ഒരു ശ്രാമ്പി (കാവൽപ്പുര) കെട്ടി സ്ഥിരമായി കാവൽക്കാരെ നിയമിച്ച് പള്ളിപണി തുടരാൻ അവസരമൊരുക്കി. (പിൽക്കാലത്ത് ശ്രാമ്പിൽ എന്ന കുടുംബപ്പേരുമുണ്ടായി.)

പള്ളി പണിയാനുള്ള അനുമതി മാത്രമല്ല അതു നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം കൂടി ചെയ്തുകൊടുത്ത ഭരണാധികാരിയായിരുന്നു ദാമോദരസിംഹർ. പള്ളിയുടെ അടുത്ത് വാണിഭയിടംകൂടി കരം ഒഴിവാക്കിക്കൊടുത്തു. വാണിയിടവും പിന്നീട് കുടുംബപ്പേരായി. ഒരു പ്രത്യേക സമുദായത്തിന്റെ കൈപ്പിടിയിലായിരുന്ന 'പാലാത്ത് അങ്ങാടി' പാലാ ആയി വളരുവാൻ മീനച്ചിൽ കർത്താക്കന്മാർ നല്കിയ പിന്തുണ മറക്കാനാവാത്തതാണ്.

1100 ൽ ഭരണങ്ങാനത്ത് ആലുങ്കൽപള്ളിയും 1101 ൽ ചേർപ്പുങ്കൽ മാർ സ്ലീവാപ്പള്ളിയും സ്ഥാപിക്കപ്പെട്ടതിലും മീനച്ചിൽ കർത്താക്കന്മാരുടെ ആശീർവാദവും അനുഗ്രഹവുമുണ്ടായിരുന്നു. സൗകര്യം വർദ്ധിക്കുന്നതിനനുസരിച്ച് ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ച് വീണ്ടും ദൈവാലയത്തിന്റെ ആവശ്യകത ഉടലെടുത്തു. അങ്ങനെ 1627 ൽ പെങ്ങുളത്തും 1683 ൽ ളാലത്തും പള്ളികൾ ഉണ്ടായി. മാർത്താണ്ഡവർമ്മ മീനച്ചിൽ കർത്താവിനെ ചതിയിൽപ്പെടുത്തി വധിക്കുന്നതുവരെ മീനച്ചിലിലെ ക്രിസ്ത്യാനികൾക്ക് സർവതോമുഖമായ പുരോഗതിക്കു മാർഗ്ഗദർശിയായിരുന്നത് കർത്താക്കന്മാരായിരുന്നു.

ഈ തലമുറയിലെ ഏറ്റവും മുതിർന്നയാളാണ് ഈയിടെ നൂറു തികഞ്ഞ ഭാസ്കരൻ കർത്താ. 1921 സെപ്റ്റംബർ 12 ന് പരമേശ്വരൻ പോറ്റിയുടെയും സാവിത്രി തമ്പാട്ടിയുടെയും മകനായി ചിങ്ങമാസത്തിലെ ഉത്രാടം നക്ഷത്തിൽ ജനിച്ചു. ഒരു കാലത്ത് പേരുകേട്ട സംസ്കൃതപാഠശാലയായിരുന്നു കൊച്ചുമഠം. കട്ടക്കയം ചെറിയാൻ മാപ്പിളയുൾപ്പെടെയുള്ള മഹാരഥന്മാർ പഠിച്ച ഇടം. മഹാകവി വള്ളത്തോളും ഉള്ളൂരുമൊക്കെ ഉണ്ടുറങ്ങി, കവിത ചൊല്ലിയ ഇടം. തിരുവല്ല തലവടി ചെറുശേരിമഠത്തിലെ പരേതയായ ശാരദക്കുഞ്ഞമ്മയാണ് ഭാര്യ. സി.എസ്. രാധാമണി, എസ്. ഇന്ദിര, സി. എസ്. ഗീത, എസ്. ശ്രീദേവി എന്നിവർ മക്കൾ. അഡ്വ. എസ്. ശങ്കരക്കൈമൾ, ടി. രതീശൻ നായർ, കെ. വേണുഗോപാൽ, ടി. ഗോവിന്ദൻകുട്ടി എന്നിവർ മരുമക്കൾ. നൂറ്റാണ്ടെത്തിയ അറിവും പരിചയവുമായി എപ്പോഴും ഉമ്മറത്തു പുഞ്ചിരിയോടെ സന്ദർശകരെ കാത്തിരിക്കുന്ന ഭാസ്കരൻ കർത്ത.

കടൽ കടന്നൊരു പെരുമയും ഞാവക്കാട്ടു മഠത്തിന് അവകാശപ്പെടാനുണ്ട്. പൈതൃകമായി കിട്ടിയ എതിരൻ കതിരവൻ എന്ന സ്ഥാനപ്പേര് നിലനിർത്തുന്ന എഴുത്തുകാരനും യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോയിലെ ജനറ്റിക് ഗവേഷകനും മുൻ ഫാക്കൽറ്റിയുമായിരുന്ന എതിരൻ കതിരവൻ.

ദീപനാളത്തിന്റെ സുഹൃത്തായ, മതസൗഹാർദ്ദത്തിന്റെ മഹനീയമാതൃകയായ ദാമോദരസിംഹർ രാജശ്രീ ഭാസ്കരൻ കർത്തായ്ക്ക് ദീപനാളത്തിന്റെ ആശംസകൾ.



*പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഭാസ്കരൻ കർത്തായെ പൊന്നാടയണിയിച്ച് ആദരിക്കുന്നു.*



*പാലാ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസേർച്ചിന്റെ ഉദ്ഘാടനം പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. മെഡിക്കൽ ഡയറക്ടർ ഡോ. ലിസി തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ, പാലാ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ഡയറക്ടർ ഫാ. ജോസഫ് പര്യാത്ത് എന്നിവർ സമീപം.*

# പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം

പാലാ: മധ്യതിരുവിതാംകൂറിലെ ടെർഷ്യറി കെയർ ആശുപത്രിയായ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹോദരസ്ഥാപനമായി മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസർച്ച് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

പുതുതലമുറയ്ക്ക് ആരോഗ്യമേഖലയിൽ മികച്ച ഭാവി എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മാർ സ്ലീവാ സ്കൂൾ ഓഫ് നഴ്സിങ്ങിന്റെ തുടർച്ചയാണു പുതിയ ഇൻസ്റ്റിറ്റ്യൂട്ട്. അതിലൂടെ വിദ്യാഭ്യാസരംഗത്തേക്കു മാർ സ്ലീവാ മെഡിസിറ്റി കാലെടുത്തുവയ്ക്കുകയാണെന്നു ബിഷപ് പറഞ്ഞു.

ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നീഷ്യൻ, ഡിപ്ലോമ ഇൻ അനസ്തീസിയ ആൻഡ് ക്രിട്ടിക്കൽ കെയർ, ഡിപ്ലോമ ഇൻ എമർജൻസി കെയർ തുടങ്ങിയ കോഴ്സുകളിലേക്കാണ് ആദ്യപ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പ്ലസ് 2 സയൻസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോഴ്സിന്റെ ദൈർഘ്യം രണ്ടു വർഷമാണ്.



*ഭാരതത്തിലെ മാർത്തോമ്മാനസ്രാണികൾ നൂറ്റാണ്ടുകളായി ഉപയോഗിച്ചുപോന്നതും സീറോ മലബാർ സഭയിൽ ഇന്നും ഉപയോഗിക്കുന്നതുമായ സുറിയാനിയിലുള്ള കുർബാനക്രമം - സുറിയാനി കുർബാനപ്പുസ്തകം - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രകാശനം ചെയ്യുന്നു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ലിറ്റർജി കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളി, ഗ്രന്ഥം തയ്യാറാക്കിയ പാലാ രൂപത പൗരസ്ത്യസുറിയാനി പഠനകേന്ദ്രം സെക്രട്ടറി ഫാ. തോമസ് തയ്യിൽ എന്നിവർ സമീപം.*

Deepanalam Weekly

RNI No : 16998/68
Vol. 53 No. 21 Date of Publication 24 September 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com